
KNANAYADEEPAM
# ക്നാനായദീപം
SINCE 1989
Vol: 33 / Issue: 9 September 2022 ₹:10/-



# The Graduation ceremony of B Pharm, M Pharm, Pharm D courses of Nazareth College of Pharmacy, Othera




The Graduation ceremony of B Pharm, M Pharm, Pharm D courses of Nazareth College of Pharmacy was inaugurated by H.E. Kuriakose Mor Severios, Samudhaya Metropolitan of the Malankara Syrian Knanaya Samudhayam. Dr. Sabu Thomas, Hon. Vice Chancellor of M. G. University, Kottayam, delivered the keynote address. Rev. Fr. Jain Thomas Kulathingal, Manager of the college presided over the meeting. Shri. Uthupan Joseph, Secretary of the College, Shri. Thomaskutty Mattakattu, Samudhaya Trustee, Rev. Fr. V.A. Abraham, Shri. C.A. Punnoose, Shri. Abraham Punnoose, Shri. P. A. Abraham, Shri. Sajan Abraham, Dr. Elcy Abraham, Principal of the college addressed the gathering. "Anjana S, Stephy. P. Raju, and Shithin Varghese were appreciated in the graduation ceremony for securing 1 st and 2 nd ranks from the Kerala Health University. Shri. Jayakumar K.S. administered the oath to the graduates. Dr. Sreejith M. delivered the vote of thanks.

SINCE 1989

# ക്നാനായ ദീപം

2022 സെപ്റ്റംബർ പുസ്തകം 33 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

വിശുദ്ധി 07
ജയ്നമ്മ മർക്കോസ് നടുവിലേപ്പറമ്പിൽ

നക്ഷത്രം വഴികാട്ടി... 08
ടോമി കുറിച്ചി

യുഗപുരുഷനായ മോർ ക്ലീമ്മീസ് 09
ഫാ. ജേക്കബ് കല്ലുകുളം

മദ്യപാനം മൃത്യുപാനം 10
ബെൻ കെ. ബിജു കുളങ്ങരകളത്തിൽ

രൂത്തും നോവോമിയും 19
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

യുവജനങ്ങളും സഭയും 21
സുനിൽ ഡി. കുരുവിള

ഉണർവ്വ് 23
അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

മാതൃകാ കുടുംബജീവിതം 24
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഏവൻഗേലിയോൻ ദീപം 26
റവ. ഡീ. റൂബൽ ഏബ്രഹാം ഇടയാടിച്ചിറ

29 ഒരിക്കലും കുലുങ്ങാത്തോർ
കുഞ്ഞ് ഏബ്രഹാം പള്ളിക്കപ്പറമ്പിൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 ഏകാന്തതയുള്ള പരിപൂർണ്ണത
ഡോ. ഹൈബി ജോസ് കിഴക്കേടത്ത്

42 മാവേലി മന്നൻ
കെ. എം. മാനുവൽ കളപ്പുരയ്ക്കൽ

44 കാല്പ്പാടുകൾ
എബി

45 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**ധാർമ്മിക മൂല്യങ്ങളില്ലാത്ത ധനവാന്മാരും ആത്മീകമൂല്യങ്ങളില്ലാത്ത യുക്തിവാദികളു മാണ് ഏറ്റവും സഹതാപം അർഹിക്കുന്ന കൂട്ടർ. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുകയ ല്ലാതെ ഒന്നും ചെയ്യാനില്ല.**

കർത്താവിൽ പ്രിയരെ,

ദൈവമില്ലാത്ത ലോകവീക്ഷണം ജനഹൃദയങ്ങളിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. വ്യവസായവൽക്ക രണവും, നാഗരികതയും കച്ചവട സംസ്ക്കാരവും മനുഷ്യമ നസ്സുകളെ ലോകസ്നേഹത്തിലേക്കും അതിന്റെ ആസ്വാദ്യ തകളിലേക്കും നയിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ആത്മീക-ധാർമ്മിക മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്ന ലക്ഷ്യബോധവും അർത്ഥവത്തുമായ ജീവിത ദർശനത്തിന് മങ്ങലേറ്റിരിക്കുന്നു. ആധുനിക പ്രവണതകൾ എന്ന പേരിൽ പുതുമയുള്ളതായി തോന്നിയതിനെയെല്ലാം അന്ധമായി അനുകരിക്കാൻ ധാരാളം പേർ ഉണ്ട്. ക്രിസ്തീയ വിശ്വാസി കളെയും ഈ പ്രവണത കീഴടക്കിക്കൊണ്ടിരിക്കുകയാണ്. പ്രാചീനകാലങ്ങളെ അപേക്ഷിച്ച് മനുഷ്യൻ intellectual ആയി വളരെ വളർന്നു കഴിഞ്ഞു. ദൈവദത്തമായ ബുദ്ധിശ ക്തിയെ ബഹിരാകാശ പരിധിക്കപ്പുറമായിട്ടും വികസിപ്പിച്ചി ട്ടുണ്ടെങ്കിലും സാന്മാർഗ്ഗിക നിലവാരത്തിൽ കുതിച്ചുകയറാൻ കഴിവില്ലാതെ പദതാളം തെറ്റിക്കിടക്കുന്ന അനേകായിരങ്ങൾ ഇന്ന് ഉണ്ട്. ലോകത്തിന്റെ ജ്ഞാനം കൊണ്ടുമാത്രം സാന്മാർഗ്ഗികതത്വത്തിൽ ഉയരാൻ സാധിക്കുകയില്ലെന്നുള്ളതിന് തെളിവാണിത്.

ക്രിസ്തുമതം വളർന്ന് ഒരു സർവ്വ ലോകമതമായി ത്തീർന്നിട്ടുണ്ടെങ്കിലും ഇന്നും യഥാർത്ഥക്രിസ്ത്യാനികൾ ലോകത്തിൽ വളരെ ചെറിയ ന്യൂനപക്ഷമാണ്. ക്രിസ്തു വിന്റെ പ്രമാണങ്ങളെ പാലിച്ച് യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കാനുള്ള ശ്രമത്തിൽ സമുദായത്തിന്റെ സാമാന്യ മര്യാ ദകളെ അനുസരിച്ച് പ്രവർത്തിക്കുന്നവരെ മറ്റുള്ളവർ ആശ്ച ര്യത്തോടുകൂടി ആയിരിക്കും വീക്ഷിക്കുന്നത്. അങ്ങനെയു ള്ളവരെ അല്പജ്ഞനും വിഡ്ഢിയുമായിട്ടെ അവർ പരിഗ ണിക്കാനിടയുള്ളൂ. ധനികനായ ഒരു മനുഷ്യൻ കുടുംബ പ്രാർത്ഥന നടത്തുന്നു എങ്കിൽ ഈ മനുഷ്യന് എന്തിന്റെ കുറവുണ്ടായിട്ടാണ് അയാൾ ഈ അന്ധവിശ്വാസത്തിൽ തുട രുന്നത് എന്നു ചിന്തിക്കുന്ന ചിലർ ഉണ്ട്. ഒരു കോളേജ് വിദ്യാർത്ഥി രാവിലെ എഴുന്നേറ്റ് വേദപുസ്തകം വായിക്കു കയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കാഴ്ച കാണാനിടയായ ഒരു അപരിചിതൻ ചോദിക്കുകയാണ് “എന്താ ഇവൻ പഠി ക്കാൻ മണ്ടനായിരിക്കും അല്ലേ. അല്ലെങ്കിൽ ഇതുപോലെ പ്രാർത്ഥിക്കാൻ ഇടയില്ല. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്ന അമ്മയോട് ഒരു ധനാഢ്യനായ മകൻ ‘എന്റെ അമ്മേ ഇനിയെങ്കിലും ഈ പഴഞ്ചൻ പതിവൊക്കെ ഒന്നു നിർത്തരുതോ’ എന്നു ചോദിക്കുന്നു.

നാടോടുമ്പോൾ നടുവെ ഓടിക്കൊള്ളണം, പ്രമാണവും മന:സ്സാക്ഷിയുമൊക്കെ പാത്തുവെച്ചേച്ചാൽ മതി. സമുദായ ത്തിൽ മാന്യമായതു മാത്രമേ പുറത്തെടുക്കാവൂ. ഇതാണ് ഇന്നത്തെ ലോകത്തിന്റെ പോക്ക്. യഥാർത്ഥത്തിൽ ഏറ്റവും അധികം സഹതാപം അർഹിക്കുന്ന ജനവിഭാഗങ്ങൾ ഏതൊ ക്കെയാണ്. ദരിദ്രന്മാരോ രോഗികളോ നിരാശ്രയരോ ഒന്നുമ ല്ല. അവർക്കൊക്കെ പരിഹാര സാദ്ധ്യതകളുണ്ട്. ധാർമ്മിക മൂല്യങ്ങളില്ലാത്ത ധനവാന്മാരും ആത്മീകമൂല്യങ്ങളില്ലാത്ത യുക്തിവാദികളുമാണ് ഏറ്റവും സഹതാപം അർഹിക്കുന്ന കൂട്ടർ. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ ഒന്നും ചെയ്യാനില്ല. ഇന്നത്തെ ലോകം പഠിക്കുക ആരാധിക്കുക ഈ മാർഗ്ഗങ്ങളിൽകൂടി മുമ്പോട്ടു പോകുന്നതിനു പകരം കർത്താ വിന്റെ വഴിയെ അവഗണിച്ച് അതിൽ നിന്ന് പുറത്തുകടക്കു വാൻ വിപ്ളവ ശക്തിയിൽ ആശ്രയിക്കുന്നതായി കാണുന്നു. നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ സ്ഥിരവാസവുമില്ല (യെശ യ്യാവ് 7:9). ജീവിതത്തിലും സ്വഭാവത്തിലും സ്ഥിരതയും തല മുറകൾക്ക് വളർച്ചയും ഉണ്ടാകണമെങ്കിൽ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുകയും അതിനു ചേർന്ന ജീവിതവും കാത്തുസൂക്ഷിക്കേണ്ടതാണ്. നമ്മുടെ പല ആളുകളിലും സഭാജീവിത കാര്യങ്ങൾ ക്രമേണ കുറഞ്ഞുകൊണ്ടിരിക്കു കയാണ്. സഭയുടെ ശത്രുക്കൾ പുറമെ ഉള്ളവരല്ല. സഭയോട് അവിശ്വസ്തരായി ജീവിച്ചു കൊണ്ട് ഉള്ളിൽ നിൽക്കുന്നവ രാണ്. ഒരു സഭയിലെ ഒരംഗം അവൻ പുരോഹിതനായാലും മെത്രാൻ ആയാലും സഭയുടെ താൽപ്പര്യത്തിനും ഡിസി പ്ളിനും എതിരായി ജീവിച്ചാൽ അയാളുടെ ജീവിതവും അയാൾ ഉൾക്കൊള്ളുന്ന സമൂഹവും തകരുകയാണ്. ക്രിസ്തീയ വിശ്വാസം എന്നാൽ എന്ത്? Christian faith is the response of the whole man, knowing, feeling, willing to the impact of God in Christ by which he comes into a concious, personal relationship with God”. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തിന്റെ ആകർഷണത്തിന് ആകമാന മനു ഷ്യൻ-ഗ്രഹണം, വികാരം, പ്രവർത്തനം. ഇവ ഉൾപ്പെടെ- നൽകുന്ന പ്രതികരണമാണ് ക്രിസ്തീയ വിശ്വാസം. അതു മൂലം, മനുഷ്യൻ ദൈവത്തോടു വ്യക്തിപരമായി ബോധ പൂർവ്വം ബന്ധപ്പെടുന്നു. ജ്ഞാന സമ്പാദനം മാത്രംകൊണ്ട് ഒരു വേദശാസ്ത്രജ്ഞനെ സൃഷ്ടിക്കാമായിരിക്കാം. സേവനോന്മുഖമായ പ്രതികരണം കൂടി ഉണ്ടായാൽ മാത്രമേ വ്യക്തിത്വത്തെ സംപൂർണ്ണമാക്കുകയുള്ളൂ. മലകളെ നീക്കുന്ന വിശ്വാസം ഇവിടെ ഉണ്ടാകണം എങ്കിൽ മാത്രമേ സഭ വളരുകയുള്ളൂ.

ദൈവം അനുഗ്രഹിക്കട്ടെ

എന്ന്

**നിങ്ങളുടെ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**"ക്രിസ്തുവിന്റെ കൂറ്റൻ പ്രതിമയ്ക്കു താഴെയായി, "നമ്മെ ഐക്യപ്പെടുത്തിയ അവിടുന്നാണ് നമ്മുടെ 'സമാധാനം' എന്ന ലിഖിതവും അവർ പ്രദർശിപ്പിച്ചു. അതേ ക്രിസ്തുവാണ് യഥാർത്ഥ സമാധാനം എന്ന് തിരുവചനത്തിലൂടെ വ്യക്തമായി നമുക്ക് ബോധ്യം ലഭിക്കുന്നു. ക്രിസ്തു നൽകുന്ന സമാധാനം ലോകത്തിലാർക്കും നൽകുവാൻ സാധിക്കില്ല."**

വാത്സല്യ മക്കളെ,

1902 ൽ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളായ അർജന്റീനയും ചിലിയും തമ്മിൽ യുദ്ധസമാനമായ സാഹചര്യം നിലനിൽക്കുകയായിരുന്നു. രണ്ടു രാജ്യങ്ങളുടെയും അതിർത്തിരേഖ നിർണ്ണയിക്കുന്നതിലുള്ള തർക്കമായിരുന്നു കാരണം. ഈ രണ്ടു രാജ്യങ്ങളും യുദ്ധത്തിനായി സൈന്യത്തെ സജ്ജമാക്കി. എപ്പോൾ വേണമെങ്കിലും യുദ്ധം ആരംഭിക്കാം.

യുദ്ധഭീതിയുടെ നടുവിൽ ആ വർഷത്തെ ക്രിസ്മസും കടന്നു വന്നു. ഡിസംബർ 24 ന് രാത്രി ആൻഡീസ് പർവ്വത നിരകളിലുള്ള രണ്ടു രാജ്യങ്ങളിലും പെട്ട ദൈവാലയങ്ങളിൽ ആരാധനകൾ ആരംഭിച്ചു. ദൈവാലയങ്ങളിലെ ആരാധനകൾ എല്ലാം സമാപിച്ചു കഴിഞ്ഞപ്പോൾ സമാധാനത്തിന്റെ രാജാവായ യേശുനാഥൻ പിറന്ന ഈ രാത്രിയിൽ പരസ്പരമുള്ള ശത്രുത പാടില്ലെന്ന് ജനങ്ങൾക്ക് തോന്നി. ദൈവാലയങ്ങളിലെ ശുശ്രൂഷകൾ കഴിഞ്ഞപ്പോൾ ആ രണ്ടു രാജ്യങ്ങളിലേയും ജനങ്ങളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു തുടങ്ങി. അവർ ശത്രുത അവസാനിപ്പിച്ച് എതിർപക്ഷത്തുള്ളവരെ ചെന്നു കണ്ട് സമാധാനം ആശംസിച്ചു. ഇതെല്ലാം സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്ന രണ്ടു രാജ്യങ്ങളിലേയും സൈനികരുടെ ഹൃദയവും സ്നേഹം കൊണ്ട് നിറയപ്പെട്ടു. അവരും പരസ്പരം സ്നേഹത്തോടെ അഭിവാദനം ചെയ്തു. അവർ പരസ്പരം കരോൾ ഗാനങ്ങൾ ഏറ്റുപാടി. ആ അന്തരീക്ഷം ആകെ സ്നേഹസാന്ദ്രമായി മാറ്റപ്പെട്ടു.

തുടർന്നുള്ള ദിവസങ്ങളിൽ തങ്ങൾക്ക് യുദ്ധം വേണ്ടെന്നും ക്രൈസ്തവ സ്നേഹത്തിന്റെ മാർഗ്ഗത്തിൽ അതിർത്തി തർക്കം പരിഹരിക്കാനും ജനങ്ങൾ ഗവൺമെന്റുകളോട് ആവശ്യപ്പെട്ടു.

രണ്ടു രാജ്യങ്ങളും അത് ഗൗരവമായി എടുക്കുകയും മധ്യസ്ഥരുടെ സഹായത്തോടെ തർക്കം രമ്യമായി പരിഹരിക്കുകയും ചെയ്തു.

ആ സമയങ്ങളിൽ 'സാൻജ്വവാനി' ലെ മെത്രാപ്പോലീത്തയായിരുന്ന 'ബെനവന്തേയ്ക്ക്' ഒരു ആശയം തോന്നി ക്രിസ്മസ് രാത്രിയിൽ സ്വർഗ്ഗം നൽകിയ സമാധാനത്തിന്റെ സന്ദേശം എന്നും ഓർമ്മിക്കാൻ രണ്ടു രാജ്യങ്ങളുടെ അതിർത്തിയായ പർവ്വത മുകളിൽ യേശുനാഥന്റെ കൂറ്റൻ പ്രതിമ പടുത്തുയർത്തുക, സമുദ്രത്തിൽ നിന്നും 13000 അടി ഉയരത്തിൽ രണ്ടു രാജ്യങ്ങളുടെ അതിർത്തിയിലായി കൂറ്റൻ പ്രതിമ നിർമിക്കപ്പെട്ടു.

ക്രിസ്തുവിന്റെ കൂറ്റൻ പ്രതിമയ്ക്കു താഴെയായി, "നമ്മെ ഐക്യപ്പെടുത്തിയ അവിടുന്നാണ് നമ്മുടെ 'സമാധാനം' എന്ന ലിഖിതവും അവർ പ്രദർശിപ്പിച്ചു. അതേ ക്രിസ്തുവാണ് യഥാർത്ഥ സമാധാനം എന്ന് തിരുവചനത്തിലൂടെ വ്യക്തമായി നമുക്ക് ബോധ്യം ലഭിക്കുന്നു. ക്രിസ്തു നൽകുന്ന സമാധാനം ലോകത്തിലാർക്കും നൽകുവാൻ സാധിക്കില്ല.

കാലങ്ങളും, തർക്കങ്ങളും, ഭിന്നതകളും, നിരാശകളുമെല്ലാം മാറ്റപ്പെടുന്നത് യേശുവിലൂടെ ലഭിക്കുന്ന സമാധാനത്തിലൂടെയാണ്. ബൈപാസ് സർജറിയുടെ ഉപജ്ഞാതാവ് ഡോ. റെനി ഫവാലൊറോ തന്റെ 77-ാ മത്തെ വയസ്സിൽ നെഞ്ചിൽ സ്വയം വെടിവെച്ചു ജീവനൊടുക്കി, ആയിരക്കണക്കിനു രോഗികളുടെ ജീവൻ രക്ഷിച്ച അദ്ദേഹത്തിന്റെ മരണം ഒരു വിരോധാഭാസമായി തോന്നാം. അദ്ദേഹം ആത്മഹത്യ ചെയ്തതു കഠിനമായ നിരാശമൂലമായിരുന്നു. ലോകത്തിലുള്ള ഒന്നിലും നമ്മുടെ കർത്താവു നൽകുന്ന സമാധാനം നൽകുവാൻ സാധിക്കില്ല. യേശു നൽകുന്ന സമാധാനത്താൽ നിറയുവാൻ നിരന്തരം നമുക്ക് പ്രാർത്ഥിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ
**സേവേറിയോസ് കുറിയാക്കോസ്**
ക്നാനായ സമുദായ മെത്രാപ്പോലീത്ത

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

അമേരിക്കയിലെ ഹൂസ്റ്റണിൽ നടന്ന സംഗമത്തിന്റെ ഭാരവാഹികളുടെ ക്ഷണമനുസരിച്ച് ക്നാനായ കമ്മിറ്റിയുടെ പ്രതിനിധിയായി സമുദായ സെക്രട്ടറിക്ക് ക്നാനായ സംഗമത്തിൽ സംബന്ധിക്കുവാൻ സാധിച്ചു. ക്നാനായ സംഗമത്തിനുശേഷം അമേരിക്കയിലെ പല ദൈവാലയങ്ങളിലേയും ഭാരവാഹികളുടെ സ്നേഹനിർഭരമായ ആവശ്യപ്രകാരം കുറച്ചു ദൈവാലയങ്ങൾ സന്ദർശിക്കുവാൻ അവസരം ലഭിച്ചു.

ഹൂസ്റ്റണിലെ സെന്റ് ജോൺസ് ദൈവാലയത്തിൽ ഊഷ്മളമായ സ്വീകരണമാണ് ലഭിച്ചത്. വികാരി ഫാ.ഏബ്രഹാം സ്ക്കറിയ, വന്ദ്യ കോർഎപ്പിസ്കോപ്പാ പ്രസാദ് കോവൂർ, പള്ളി മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. ക്നാനായ സമുദായം റാന്നിയിൽ ആരംഭിക്കുവാൻ പോകുന്ന സേവേറിയോസ് ഹൗസിംഗ് കോംപ്ലക്സ് പ്രോജക്റ്റിന് ആവശ്യമായ കൈത്താങ്ങ് തരാമെന്ന് അവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുപോലെ ചിക്കാഗോ, ഡിട്രോയിറ്റ്, ഫിലാഡൽഫിയ, കണക്റ്റിക്കട്ട്, ബോസ്റ്റൺ എന്നീ ദൈവാലയങ്ങളും സന്ദർശിക്കുകയുണ്ടായി. വ്യക്തികളായും ദൈവാലയമായും ഈ പ്രോജക്റ്റിന് സഹായം ചെയ്യാം എന്ന് അവർ സമ്മതിച്ചിട്ടുണ്ട്. എന്നുള്ള വിവരം വളരെ സന്തോഷത്തോടെ അറിയിക്കട്ടെ. അമേരിക്കയിൽ രണ്ടു മൂന്നു വ്യക്തികൾ ചെറിയ തോതിൽ ഹൗസിംഗ് പ്രോജക്ടിന് സഹായം നൽകിയിട്ടുണ്ട്. സഹായവാഗ്ദാനം നൽകിയ വ്യക്തികളിൽനിന്നും പള്ളികളിൽനിന്നും സഹായം ലഭിക്കുന്ന മുറയ്ക്ക് ഇതിൽ സഹകരിക്കുന്ന എല്ലാവരുടെയും പേരുകൾ ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഞാൻ സന്ദർശിച്ച ദൈവാലയങ്ങളിൽ മനസ്സിന് വലിയ പ്രയാസം ഉണ്ടാക്കിയ ഒരു ദൈവാലയമാണ് ഡിട്രോയ്റ്റ് സെന്റ് അപ്രേം ദൈവാലയം. അവിടെ നാളുകളായി വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ വൈദികൻ ഇല്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ക്നാനായ സമുദായത്തിലെ മൂന്നുനാല് വൈദികർ അമേരിക്കയിൽ ഒരു ദൈവാലയത്തിന്റെയും ചാർജില്ലാതെ വെറുതെ നിൽക്കുമ്പോഴാണ് എല്ലാ സൗകര്യങ്ങളുമുള്ള മനോഹരമായ ദൈവാലയം അടഞ്ഞു കിടക്കുന്നത്. ഉയിർപ്പു പെരുന്നാളിന് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രതിരൂപമായ കുരിശ് ഇപ്പോഴും മാറ്റാതെ പരിശുദ്ധ മദ്ബഹായിൽ സ്ഥിതി ചെയ്യുന്നു. ആരാധനയ്ക്കുവേണ്ടി വിശ്വാസികൾ ദാഹിച്ചു നിൽക്കുമ്പോൾ വി. കുർബ്ബാന മുടക്കുന്നത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെങ്കിലും സഹിക്കാവുന്നതിലും അപ്പുറമാണ് എന്നു പറയാതെ വയ്യ.

അമേരിക്കയിലെ വിഷയങ്ങൾ പരിഹരിച്ച് ഒറ്റക്കെട്ടായി അമേരിക്കയിലെ ക്നാനായ സമുദായ അംഗങ്ങൾ ഒത്തൊരുമയോടുകൂടി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് ക്നാനായ സമുദായ ഭരണഘടനയും ക്നാനായ അസ്സോസിയേഷൻ ഭൂരിപക്ഷം എടുക്കുന്ന തീരുമാനവും എല്ലാവരും അംഗീകരിക്കുക മാത്രം ചെയ്താൽ സമുദായത്തിലെ എല്ലാ വിഷയങ്ങളും തീരും. അതിനു വേണ്ടി ബന്ധപ്പെട്ട മെത്രാച്ചന്മാർ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

24–08–2022 കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ പ്രധാനമായി എടുത്ത തീരുമാനങ്ങൾ സമുദായ അംഗങ്ങളുടെ അറിവിനു വേണ്ടി ഇവിടെ പ്രസ്താവിക്കുന്നു.

ക്നാനായ സമുദായത്തിന്റെ അമേരിക്ക, യൂറോപ്പ്. കാനഡ മേഖലകളിലെ ദൈവാലയങ്ങളിൽ വൈദികരെ നിയമിക്കുന്നത് സംബന്ധിച്ച് വിശദമായ ചർച്ച നടക്കുകയുണ്ടായി. അമേരിക്കയിൽ വൈദികരില്ലാതെ വിശുദ്ധ കുർബ്ബാന മുടങ്ങിയ ഡിറ്റ്രോയിറ്റ് ദൈവാലയംപോലെ ഇനിയും സംഭവിക്കാതിരിക്കാൻ ഗൾഫ്, ഓസ്ട്രേലിയ മുതലായവ മേഖലകളിലേക്ക് വൈദികരെ നിയമിക്കുന്നതുപോലെ അമേരിക്കയിലും ഈ രീതിയിൽ സമുദായത്തിൽനിന്നും വൈദികരെ നിയമിക്കണം. യാക്കോബായ സഭയിലും ഓർത്തഡോക്സ് സഭയിലും മാർത്തോമ്മ സഭയിലും സി.എസ്.ഐ. സഭയിലും അമേരിക്കയിലേക്കുള്ള വൈദികർ കേരളത്തിൽനിന്നുപോയി മൂന്നു വർഷം അമേരിക്കയിൽ ശുശ്രൂഷ ചെയ്തു തിരികെ വരുന്ന രീതിയിൽ ക്നാനായ സമുദായത്തിലും നടപ്പാക്കുന്നതിനെപ്പറ്റി കമ്മിറ്റി തീരുമാനമെടുത്തു. ഇക്കാര്യം അടുത്ത ക്നാനായ അസ്സോസിയേഷനിൽ അവതരിപ്പിക്കുന്നതിനു തീരുമാനിച്ചു. ഇക്കാര്യത്തിൽ സമുദായത്തിലെ എല്ലാം വൈദികരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കൂടാതെ ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത കാലം ചെയ്ത അഭിവന്ദ്യ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേക ദിനം ക്നാനായ ഭദ്രാസന സ്ഥാപകദിനമായി അടുത്തമാസം വിപുലമായ പരിപാടികളോടെ ആചരിക്കുവാൻ തീരുമാനിച്ചു.

ക്നാനായ സമുദായത്തിന്റയോ സമുദായ മെത്രാപ്പോലീത്തായുടെയോ അറിവില്ലാതെ യൂറോപ്പ് ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ സമുദായത്തിന്റെ പേരിൽ പള്ളികൾ സ്ഥാപിക്കുന്നതും, ആസ്ഥാനം നിർമ്മിക്കുന്നതും ഭരണഘടനാ ലംഘനമാണ്. ഈ പ്രവണത എത്രയും വേഗം അവസാനിപ്പിക്കുന്നതിനായി സമുദായമെത്രാപ്പോലീത്ത കൽപ്പന മൂലം വിദേശത്തുള്ള സമുദായ അംഗങ്ങളെയും ബന്ധപ്പെട്ടവരേയും അറിയിക്കുന്നതിനും കൂടാതെ ഭരണഘടനാ ലംഘനം നടത്തുന്നതിലുള്ള ഉത്കണ്ഠ പരിശുദ്ധ ബാവായെ രേഖാമൂലം അറിയിക്കുവാനും കമ്മിറ്റി തീരുമാനിച്ചു.

കൂടാതെ തോട്ടയ്ക്കാട് നിർമ്മാണത്തിലിരിക്കുന്ന സേവേറിയോസ് ക്നാനായ സയൻസ് ആൻഡ് ആർട്സ് കോളേജിലേക്ക് പ്രിൻസിപ്പലിനെയും, സ്റ്റാഫിനേയും നിയമിക്കുന്നതിനും സമുദായ ആസ്ഥാനത്ത് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുറക്കുന്നതിനും തീരുമാനിച്ചു.

സേവേറിയോസ് ആർട്സ് ആൻഡ് സയൻസ് കോളേജും കേരളസർക്കാരും ആയിട്ടുള്ള എഗ്രിമെന്റ് തിരുവനന്തപുരത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ വെച്ച് കൈമാറുകയും സർക്കാരിൽ നിന്നുള്ള NOC നമുക്ക് ലഭിക്കുകയും ചെയ്തു എന്ന വിവരം സന്തോഷപൂർവ്വം അറി

യിക്കട്ടെ.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി അംഗമായ ശ്രീ. ആലിച്ചൻ ആറൊന്നിലിനെ സർക്കാർ പൊതുമേഖല സ്ഥാപനമായ "മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യയുടെ - "ഡയറക്ടർ ബോർഡ് അംഗമായി നിയമിച്ചതിൽ 24-8-2022- ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അനുമോദിച്ചു.

ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള ചിങ്ങവനം ക്ലീമീസ് സ്കൂൾ ആൻഡ് ജൂണിയർ കോളേജ് ഈ വർഷത്തെ (2021-2022) CBSE 10, +2 പരീക്ഷകളിൽ 100% വിജയം കൈവരിച്ചു. ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് ക്നാനായ സമുദായത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ ബിഫാം. ഫാംഡി. എം.ഫാം എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ക്നാനായ സമുദായത്തിലെ കുട്ടികൾക്ക് മെറിറ്റ് നോക്കാതെ അഡ്മിഷൻ ലഭിക്കുന്നതിനുള്ള അവസരം ലഭ്യമാണ് എന്നുള്ള കാര്യം അറിയിക്കുന്നു.

**ക്നാനായ കമ്മിറ്റിക്കുവേണ്ടി**
**സമുദായ സെക്രട്ടറി**
**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ**

---

**കവിത**

# വിശുദ്ധി

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

അനുതാപമുള്ളോരു ഹൃദയത്തോടെ
ദിവ്യബലിയിൽ വന്നണഞ്ഞ്
ആത്മ നിറവിൽ ആരാധിപ്പാൻ
ജഡികപാപം കഴുകിതരൂ! (2)
മക്കളെ നിങ്ങൾ അറിഞ്ഞിടുക
ഹൃദയം ദൈവത്തിലർപ്പിക്കാതെ
നടത്തുന്ന ബലിയിലും പെരുന്നാളിലും
ഈശന്റെ സന്തോഷം നേടില്ലല്ലോ
അഹങ്കാരം മനസ്സിനുടമയായി
മദ്യത്തെ പാൽ പോൽ കുടിച്ചുകൊണ്ട്
ചെയ്യുന്ന ഓരോ പ്രവൃത്തിയിലും
ഈശൻ നോക്കി കരഞ്ഞിടുന്നു.
'ചിന്ത', മനസ്സിലെത്തുന്ന നേരം
അന്യനെ, കുറ്റം പറഞ്ഞിടുന്നു.
'ചിന്ത', ആത്മാവിലെത്തുന്ന നേരം
അവനവന്റെ കുറ്റം കണ്ടുപിടിക്കും
വൈകാരിക ചിന്തയിൽ നടത്തുന്ന പ്രാർത്ഥന
ഈശന്റെ പ്രീതി നേടില്ലല്ലോ
ആത്മാവും ആത്മാവും ചേർന്നിരുന്ന്
നിന്നെ സ്തുതിപ്പാൻ ശക്തി തരൂ!
പെൺ മക്കളെ നിങ്ങൾ ഓർത്തിടുക
അന്യൻ പാപം ചെയ്യാതിരിപ്പാൻ
മാന്യമാം വേഷം ധരിച്ചുകൊണ്ട്
ഈശന് പ്രിയരായിടുക.
പരിശുദ്ധ റൂഹായുടെ ആലയമായ
മനുഷ്യ ശരീരത്തെ മാനിച്ചുകൊണ്ട്
അശുദ്ധിയ്ക്ക് തെല്ലും ഇടം കൊടുക്കാതെ
വിശുദ്ധ ജീവിതം കാഴ്ചവെയ്ക്കൂ!
ഭൃത്യന് കൂലി കൊടുത്തിടാതെ
കോഴയും സമ്പത്തും തട്ടിയെടുത്താൽ
ഈശന്റെ കോപം ഏറ്റുവാങ്ങി
തലമുറ ശാപത്തിലായിടുമേ.
ദൈവ സാന്നിദ്ധ്യം രുചിച്ചറിയാൻ
സഹനത്തെ വാരിപ്പുണർന്നിടുവാൻ
നിന്നുടെ രക്തത്താൽ എന്നെ കഴുകി
മൂല പാപങ്ങൾ ക്ഷമിച്ചീടുക.
ദൈവത്തിലായവർ നന്മ ചെയ്യും
ജാഗ്രതയോടെ ഈശനെ തേടും
എളിയവരെ ചേർത്തു പിടിച്ചുകൊണ്ട്
ഈശന് തോഴരായി തീർന്നീടുമേ
വചനം നിറച്ചും പാതേ ചരിച്ചും
നിന്നുടെ സാന്നിദ്ധ്യം നേടിടുവാൻ
ആശയുണ്ടു ഈശനെ ശുദ്ധമാകാൻ
നീ, ഒന്നു തൊട്ടു ശുദ്ധമാക്കൂ!
ദൈവികവേല ഫലമണിയാൻ
പാപങ്ങളൊക്കെ ഏറ്റുപറഞ്ഞ്
ദിവ്യ കാരുണ്യം സ്വീകരിച്ചാൽ
ദൈവസാന്നിദ്ധ്യം അനുഭവിക്കും
പരിശുദ്ധ അമ്മേ, പരിശുദ്ധന്മാരേ
വിശുദ്ധ ജീവിതം നയിച്ചുകൊണ്ട്
ഈ ലോകജീവിതം ജയിച്ചുമടങ്ങാൻ
ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചീടൂ!

---

പ്രിയ വായനക്കാരെ,

കഴിഞ്ഞ രണ്ടരവർഷമായി വിദേശത്തേക്ക് മാസിക അയയ്ക്കുന്നില്ലായിരുന്നു. ഈ ലക്കം മുതൽ അയയ്ക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്. വരിസംഖ്യ വിദേശത്തുള്ളവർ ദയവായി അടയ്ക്കണമേ. ക്നാനായ ദീപത്തിന്റെ വാട്ട്സ് അപ്പ് നമ്പരായ 8547584440 ൽ അഡ്രസ് അയച്ചാൽ കുടിശിഖ അറിയിക്കുന്നതായിരിക്കും. പുതുതായി വിദേശത്ത് അയക്കുന്നതിന് വരിസംഖ്യ ഇപ്പോൾ 3000 രൂപയാണ്. ഇന്ത്യയിൽ അയയ്ക്കുന്നതിന് വാർഷിക വരിസംഖ്യ 150 രൂപയാണ്.

വരിസംഖ്യ കുടിശ്ശിഖ ദയവായി ക്നാനായ ദീപം ഓഫിസിലോ, ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടിൽ Online ആയോ അടക്കുക. നിങ്ങളുടെ കുടിശ്ശിഖ അറിയുന്നതിന് ക്നാനായദീപം മാസിക വരുന്ന അഡ്രസ്സ് ക്നാനായദീപത്തിന്റെ Whatsapp No. 8547584440 ൽ Message ആയി അയച്ചാൽ അറിയിക്കുന്നതാണ്.

എന്ന്,
മാനേജിംഗ് എഡിറ്റർ
Ph: 9447563240, 8547584440
Email: kna.deepam@gmail.com

**Ac/No. 57004254154**
**Chief Editor andMg Editor**
**Knanaya deepam**
**SBI Chingavanam**
**IFSC SBIN 0070128**

**Knanayadeepam**
**Ac/No. 12990200001178**
**Federal Bank**
**Chingavanam**
**IFSC FDRL 0001299**

# നക്ഷത്രം വഴികാട്ടി ഉണ്ണി ഈശോയെ ദർശിച്ച വിദ്വാന്മാർ നമുക്കു നൽകുന്ന പാഠങ്ങൾ (തുടർച്ച)

ടോമി കുറിച്ചി

അങ്ങനെ തങ്ങൾ ബേത്‌ലഹേമിലേക്കു വന്നു. വിശുദ്ധ നഗരം വിട്ടുകഴിഞ്ഞപ്പോൾ നക്ഷത്രം വീണ്ടും അവർക്കു പ്രത്യക്ഷപ്പെട്ടു. ബേത്‌ലഹേമിൽ എത്തുന്നതിനു തലേരാത്രി നക്ഷത്രത്തിന്റെ പ്രകാശം വളരെ വർദ്ധിച്ചു. ആകാശം മുഴുവൻ കത്തിജ്വലിക്കുന്നതുപോലുള്ള നക്ഷത്രപ്രകാശം. പിന്നീട് നക്ഷത്രം തിരുകുടുംബം താമസിച്ചിരുന്ന വീടിന്റെ മുകളിൽ വന്നു നിശ്ചലമായി നിന്നു. മറ്റു നക്ഷത്രങ്ങളുടെയെല്ലാം പ്രഭ ഈ അപൂർവ്വ നക്ഷത്രത്തിന്റെ ശോഭയിൽ അപ്രത്യക്ഷമായി. അപ്പോൾ ദിവ്യശിശു ജാതനായിരിക്കുന്നത് ഇവിടെയാണെന്ന് അവർക്കു മനസ്സിലായി. രക്ഷകന്റെ ഭവനത്തെ നിലംമുട്ടെ താണുവണങ്ങിയശേഷം അവർ വിശ്രമിക്കാനായി തൊട്ടടുത്ത സത്രത്തിലേയ്ക്ക് പോയി.

ഇപ്പോൾ പകൽ സമയമാണ്. രാജാക്കന്മാർ മൂന്നുപേരും സത്രത്തിൽ നിന്നും പുറത്തേയ്ക്കിറങ്ങുന്നു. മൂന്നുപേർക്കും ഓരോ ഭൃത്യന്മാർ കൂടെയുണ്ട്. അവർ മൈതാനം കുറുകെ കടക്കുന്നു. രാജകീയമായ മഹിമയോടെ സാവധാനത്തിൽ നടന്നു നീങ്ങുന്നു. ഇവരെ വളരെ വിരളമായിട്ടെങ്കിലും വഴിയെപോകുന്നവർ തിരിഞ്ഞു നോക്കുന്നു. തലേരാത്രിയിലേക്കാൾ നന്നായിട്ടാണു രാജാക്കന്മാർ അണിഞ്ഞൊരുങ്ങി വന്നിരിക്കുന്നത്. തിളങ്ങുന്ന പട്ടുവസ്ത്രങ്ങൾ, പ്രകാശമുള്ള രത്നങ്ങൾ, അതിവിശിഷ്ടമായ തൂവാലകളും മറ്റും വച്ച് അലംകൃതമായ തലപ്പാവ്. ഏറ്റം നല്ല വസ്ത്രങ്ങൾ അവർ ധരിച്ചത് അത് അവരുടെ പ്രതാപത്തിനായിട്ടല്ല. മറിച്ച് രാജാക്കന്മാരുടെ രാജാവിനെ ബഹുമാനിക്കുന്നതിനായിട്ടാണ്. രാജകൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാർ ഏറ്റം വിശിഷ്ടമായ വസ്ത്രങ്ങളാണു ധരിക്കുന്നത്. പ്രജകൾ തങ്ങളുടെ രാജാവിന്റെ പക്കലേക്കു പോകുമ്പോൾ ഏറ്റം വിശിഷ്ടമായ വസ്ത്രങ്ങൾ ധരിക്കേണ്ടതല്ലേ? ഇതിനേക്കാൾ ശ്രേഷ്ഠമായ ഒരവസരം ഇനിയുണ്ടാകാൻ പോകുന്നോ? ഏറ്റവും വലിയ രാജാവിന്റെ പാദത്തിങ്കൽ അവരുടെ അതിവിശിഷ്ടമായ വസ്ത്രങ്ങളും പട്ടുകളും ആഭരണങ്ങളും വിശേഷപ്പെട്ട തൂവലുകളുമെല്ലാമണിഞ്ഞ് സാഷ്ടാംഗം പ്രണമിക്കുകയെന്നത് നീതി മാത്രമാണല്ലോ.

ഭൃത്യരിലൊരാൾ വളരെ അലങ്കാരപ്പണികളുള്ള ഒരു പണപ്പെട്ടി വഹിച്ചിരിക്കുന്നു. സ്വർണ്ണം കെട്ടിയപെട്ടി രണ്ടാമത്തെ ഭൃത്യൻ സ്വർണ്ണക്കാസാ എടുത്തിരിക്കുന്നു. കാസാ മൂടിയിട്ടുണ്ട്. മൂടി തനി സ്വർണ്ണമാണ്. കൂടുതൽ മനോഹരവുമാണ്. മൂന്നാമത്തെ ഭൃത്യൻ വഹിച്ചിരിക്കുന്നത് പൊക്കം കുറഞ്ഞ് പരന്ന ഒരു പാത്രമാണ്. അതിന്റെ മൂടി പിരമിഡ് ആകൃതിയാലാണ്. പിരമിഡിന്റെ ഉച്ചിയിൽ ഒരു വജ്രവും. സമ്മാനങ്ങൾ മൂന്നും ഭാരമുള്ളതുതന്നെ. കാരണം ഭൃത്യന്മാർ വിഷമിച്ചാണ് അവ എടുത്തുകൊണ്ടു നടക്കുന്നത്. പ്രത്യേകിച്ച് പണപ്പെട്ടിക്ക് നല്ല ഭാരം തോന്നുന്നു.

പൂജകർ നടകൾ കയറി വീട്ടിലേക്ക് പ്രവേശിക്കുന്നു. ശിശുവിനെ നടയിൽവച്ചു കൊണ്ടു മേരി ഇരിക്കുകയാണ്. ജോസഫ് അടുത്തു തന്നെ നിൽക്കുന്നു. പൂജകർ വരുന്നതു കണ്ടപ്പോൾ നോക്കി എഴുന്നേൽക്കുകയും അവരെ തലകുനിഞ്ഞു വണങ്ങുകയും ചെയ്യുന്നു. പുഞ്ചിരിക്കുന്ന കണ്ണുകളോടെ ഒരഭിവാദനം "ദൈവം നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ. പൂജകർ അത്ഭുത സ്തബ്ധമായി ഒരു നിമിഷം നിശ്ചലം നിൽക്കുന്നു. അനന്തരം അവർ മുന്നോട്ടു വന്നു അവളുടെ പാദത്തിങ്കൽ സാഷ്ടാംഗം പ്രണമിക്കുന്നു. അവളോടു ഇരിക്കാൻ അവർ ആവശ്യപ്പെടുന്നു.

ജ്ഞാനികളായ ആ മൂന്നുപേർ ശിശുവിനെ ധ്യാനിക്കുന്നു. ഇപ്പോൾ 9 മാസം പ്രായം തോന്നിക്കും. നല്ല ആരോഗ്യവും സജീവതയും ഉള്ള കുട്ടി, അമ്മയുടെ മടിയിലിരുന്നു പുഞ്ചിരിക്കുകയും ഒരു കുഞ്ഞുപക്ഷിയെപ്പോലെ ചിലയ്ക്കുകയും ചെയ്യുന്നു. ഏറ്റവും മനോഹരവുമായ അധരങ്ങൾ, പുഞ്ചിരിയിൽ അവ വിടരുമ്പോൾ കുഞ്ഞുപല്ലുകൾ കാണാം. ശിശുവിന്റെ ശിരസ്സിൽ സ്വർണ്ണപ്പൊടി വിതറിയിരിക്കുന്നു എന്നു തോന്നത്തക്കവിധം മുടിച്ചുരുളുകൾ അത്ര മാർദ്ദവമേറിയതും തിളങ്ങുന്നതുമാണ്. അമ്മയെപ്പോലെ തന്നെ വെള്ളയുടുപ്പുകളും വെള്ള ചെരിപ്പുമാണ് ധരിച്ചിരിക്കുന്നത്.

പൂജകരിൽ പ്രായം കൂടിയ ആൾ എല്ലാവരുടെയും പേർക്ക് തങ്ങൾ ഇവിടെ വരാൻ സംഗതിയാക്കിയ ദൈവനടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുന്നു. ഞങ്ങൾക്കു വഴികാട്ടിയായിരുന്ന നക്ഷത്രം ഈ വീടിന്റെ മുകളിൽ വന്നു നിശ്ചലമായി നിന്നു. അപ്പോൾ ദിവ്യ ശിശുവായ മിശിഹാ ഞങ്ങൾ കാത്തിരുന്ന രക്ഷകൻ ജാതനായിരിക്കുന്നത് ഇവിടെയാണെന്ന് ഞങ്ങൾക്കു മനസ്സിലായി. ഇപ്പോൾ ഞങ്ങൾ അവനെ നേരിട്ട് കണ്ട് ആരാധിക്കുന്നു. ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള കാഴ്ചകൾ ഇതാ സമർപ്പിക്കുന്നു. എല്ലാറ്റിലുമുപരി ഞങ്ങളുടെ ഹൃദയങ്ങൾ സമർപ്പിക്കുന്നു. ഇത്ര വലിയ അനുഗ്രഹം ഞങ്ങൾക്കു നൽകിയതിനു ദൈവത്തിനു നിരന്തരം ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തിന്റെ പുത്രന്റെ മനുഷ്യശരീരം കാണുവാനിടയായ ഞങ്ങൾ അവനെ സ്നേഹിക്കുന്നതിൽ നിന്ന് ഒരു നാളും വിരമിക്കുകയില്ല. തിരിച്ചു പോകുമ്പോൾ ഞങ്ങൾ ഹേറേദോസു രാജാവിനെക്കാണും. കാരണം അദ്ദേഹവും ദിവ്യശിശുവിനെ ആരാധിക്കാൻ ആഗ്രഹിക്കുന്നു.

ഒരു രാജാവിനു യോജിച്ച സ്വർണ്ണം, ദൈവത്തിനു നൽകേണ്ട ധൂപപ്രാർത്ഥനയ്ക്കുള്ള കുന്തിരിക്കം, ദൈവമെങ്കിലും മനുഷ്യനായ പുത്രനുണ്ടാകാതിരിക്കുന്ന ദുഃഖാനുഭവങ്ങളെ സൂചിപ്പിക്കുന്ന മീറ എന്നിവ ഞങ്ങളിതാ കാഴ്ചവയ്ക്കുന്നു. ഞങ്ങളുടെ ഗ്രന്ഥങ്ങളും, ഏറ്റവും അധികമായി ഞങ്ങളുടെ ആത്മാക്കളും, സത്യമായവയാണെങ്കിൽ, അവൻ നിന്റെ പുത്രനാണ്, രക്ഷകനാണ്, ദൈവത്തിന്റെ ക്രിസ്തുവാണ്. തന്നിമിത്തം ലോകത്തെ രക്ഷിക്കാൻ വേണ്ടി ലോകത്തിന്റെ തിന്മ മുഴുവൻ അവൻ വഹിക്കേണ്ടതായി വരും. ആ തിന്മയിലൊന്ന് മരണമാകുന്ന ശിക്ഷയാണ്. ഈ മീറ ആ നാഴികയിലേക്കുള്ളതാണ്. അവന്റെ വിശുദ്ധമായ ശരീരം അഴുകാനിടയാകാതിരിക്കട്ടെ. അമ്മേ, അങ്ങേ പുത്രനെ ഞങ്ങളുടെ സ്നേഹത്തിന് ഏല്പിച്ചു തരുമോ? ഞങ്ങൾ

*(ശേഷം പേജ് 20-ൽ)*

# യുഗപുരുഷനായ മോർ ക്ലീമ്മീസ് മെത്രാപ്പോലീത്ത

ഫാ. ജേക്കബ് കല്ലുകുളം ക്നാനായ ദീപം, മാനേജിംഗ് എഡിറ്റർ



മലനാടിന്റെ റാണിയായ റാന്നിയിൽ ജനിച്ച് പതിനെട്ടാമത്തെ വയസ്സിൽ ശെമ്മാശനായി മഞ്ഞനിക്കരയിൽ പരി. ഏലിയാസ് തൃതീയൻ ബാവായുടെ കബറിങ്കൽ വച്ച് അന്ത്യോഖ്യാ പ്രതിനിധി യൂലിയോസ് ബാവായാൽ കശ്ശീശ്ശാ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട് പരിശുദ്ധനായ മാർ അപ്രേം തൃതീയൻ പാത്രിയർക്കീസ് ബാവായാൽ 33-ാം വയസ്സിൽ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ട കർമ്മനിയോഗിയായിരുന്നു അഭി. ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനി.

ക്നാനായ സമുദായത്തിന്റെ ചരിത്രം പഠിച്ചാൽ ക്ലീമ്മീസ് തിരുമേനിയുടെ മഹത്വം വെളിപ്പെടും. ഹോശയാ 14:5-7 വരെ 'ഞാൻ ഇസ്രായേലിനു മഞ്ഞുപോലെ ഇരിക്കും. അവൻ താമരപോലെ പൂത്ത് ലബനോൻവനം പോലെ വേരൂന്നും. അവന്റെ കൊമ്പുകൾ പടരും, അവന്റെ ഭംഗി ഒലിവുവൃക്ഷത്തിന്റെ ഭംഗിപോലെയും അവന്റെ വാസന ലബനോന്റേതുപോലെയും ഇരിക്കും. അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ധാന്യം വിളയിക്കുകയും മുന്തിരിവള്ളിപോലെ തളിർക്കുകയും ചെയ്യും. അതിന്റെ കീർത്തി ലബനോനിലെ വീഞ്ഞിന്റേതുപോലെ ഇരിക്കും'.

ഈ വചനങ്ങളുടെ നേർക്കാഴ്ചയായി, പ്രതികൂലങ്ങളിൽ കരുത്തറ്റ ആത്മീയ നേതൃപാടവത്തോടെ തിരുമേനി ആധുനിക ക്നാനായ സമൂഹത്തിന്റെ ശില്പിയായി മാറി.

മേൽപട്ടസ്ഥാനത്തിന്റെ കടമയും ഉത്തരവാദിത്വവും വളരെ ബൃഹത്താണ്. ദൈവജനത്തെ നിരന്തരമായി ദൈവീക സംസർഗ്ഗത്തിൽ നിലനിർത്തുവാനും പരസ്പര സ്നേഹത്തിലും സൗഹാർദ്ദത്തിലും കൂട്ടായ്മയിലും അവരെ പരിപാലിക്കുവാനുമുള്ള ഒരു മേലദ്ധ്യക്ഷന്റെ ഉത്തരവാദിത്വം എത്രയോ വലുതാണ്. മാത്രമല്ല പ്രാദേശിക സഭാകൂട്ടങ്ങളെ അതിന്റെ എല്ലാ വ്യത്യസ്തതയിലും തനിമയിലും ഉൾക്കൊള്ളുവാനും അവയെ വേദചിന്തയിലും, ഭരണക്രമങ്ങളിലും ഒരു ചരടിൽ കോർത്ത് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഏകതാസ്വഭാവം നിലനിർത്തുവാനും അതിലൂടെ സാർവ്വത്രിക സഭയുടെ ഐക്യസാരത്തിൽ സംഘടിപ്പിച്ചു നിർത്തുവാനും സാധിക്കണം. ഇതിന് ദൈവകൃപയും പരിശുദ്ധാത്മാ നിറവും നിരന്തരം ആവശ്യമാണ്. മനുഷ്യഹൃദയങ്ങളെ ക്രിസ്തുവിലുള്ള ഏകസംസർഗ്ഗത്തിൽ നിലനിർത്തുവാൻ പ്രചോദിപ്പിക്കുന്ന ശക്തി ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ഐക്യത്തിന്റെയും ഒരുമയുടെയും ആത്മാവിൽ നിറയപ്പെടുന്നതിന് സഭയെ ഒരുക്കുവാനും സഭയുടെ അദ്ധ്യക്ഷന് ചുമതലയുണ്ട്. ഇത്തരത്തിൽ സമൈക്യഭാവത്തോടും വിശാലദർശനത്തോടും കൂടെ പ്രവർത്തിക്കുവാൻ മോർ ക്ലീമ്മീസ് തിരുമേനിയ്ക്ക് സാധിച്ചു.

മലങ്കര സുറിയാനി ക്നാനായ സമൂഹത്തിന്റെ വളർച്ചയിലും വികസനത്തിലും മോർ ക്ലീമ്മീസ് തിരുമേനിയുടെ നേതൃത്വം അവിസ്മരണീയമാണ്. എ. ഡി. 345 ൽ ഭാരതത്തിലേയ്ക്ക് കുടിയേറി പാർത്ത ക്നാനായ സമൂഹം നൂറ്റാണ്ടുകൾ പിന്നിട്ട് തിരിഞ്ഞുനോക്കുമ്പോൾ ഒരു മറുനാടിന്റെ സംസ്കൃതിയോടും മണ്ണിനോടും ഇഴുകി ചേർന്ന നിർവൃതിയിലാണ്. ഈ സമൂഹത്തിന്റെ സാമുദായികവും സാംസ്കാരികവുമായ വളർച്ചയിൽ നിർണ്ണായകമായ നേതൃത്വം നൽകി, പരമ്പരാഗത മൂല്യങ്ങളെ പരിലാളിച്ചും ഒപ്പം കാലത്തിന്റെ പുരോഗമനത്തിനൊത്തവണ്ണം ചിന്തിച്ചും ഉയർച്ചയിലേക്ക് നടത്തുവാൻ ക്ലീമ്മീസ് മെത്രാപ്പോലീത്ത വഹിച്ച പങ്ക് അമൂല്യമാണ്.

കേരള ക്രൈസ്തവ പിതാക്കന്മാർക്കിടയിൽ തന്റേതായ ശൈലിയിൽ പ്രവർത്തിച്ച് ഏവരുടേയും ശ്രദ്ധയാകർഷിച്ച പുണ്യശ്ലോകനായ തിരുമേനി മറ്റ് ഇതര ക്രൈസ്തവ സഭകൾക്കിടയിൽ ക്നാനായ സമൂഹത്തെ ഒരു നിർണ്ണായക ശക്തിയാക്കി മാറ്റി. കാലം ചെയ്ത് 20 വർഷങ്ങൾ കഴിയുമ്പോഴും ക്നാനായ മക്കളുടെ ഹൃദയങ്ങളിൽ ഉജ്ജ്വല ശോഭയുള്ള നക്ഷത്രമായി തിളങ്ങുന്നു. പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയുടെ 20-ാം ശ്രാദ്ധപ്പെരുന്നാളിൽ പ്രാർത്ഥനയോടെ നമുക്ക് ചൊല്ലാം.

"ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരീ
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

# മദ്യപാനം മൃത്യുപാനം

ബെൻ.കെ. ബിജു കുളങ്ങരകളത്തിൽ, പരുത്തുംപാറ

മദ്യത്തിന്റെ ഉപയോഗം തകർക്കാത്ത ഒരു മേഖലയും ഇല്ല. വ്യക്തിത്വം, കുടുംബം, മാന്യത, സമ്പത്ത്, സാമൂഹ്യ ജീവിതം, പൈതൃകം, തൊഴിൽ, ദാമ്പത്യ ബന്ധങ്ങൾ, മക്കളോടുള്ള സൗഹൃദം, മാതാപിതാക്കളോടുള്ള ബന്ധം, ഭാവി ഇവയെ എല്ലാം ദോഷകരമായി ബാധിക്കുന്ന അഥവാ തകർക്കുന്ന ശത്രുവാണ് മദ്യം. സത്യസന്ധത പുലർത്താൻ കഴിയാതെ പോകുക മാത്രമല്ല അവിശ്വസ്തത എല്ലാ മേഖലകളിലും ബാധിക്കുകയും ചെയ്യുന്നു. ക്രിമിനൽ സ്വഭാവങ്ങൾ രൂപപ്പെടുന്നു. നിയമങ്ങൾ ലംഘിക്കപ്പെടുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

കുട്ടികളിൽ നല്ലൊരു പങ്കും വിദ്യാഭ്യാസ കാലത്തുതന്നെ മദ്യത്തിന്റെ രുചി ആസ്വദിച്ചവരാണ്. പഠനവും ഭാവിയും അപകടപ്പെടുത്തുന്ന ഒന്നായി മദ്യം വിദ്യാർത്ഥി ലോകത്തിന് ഭീഷണി ഉയർത്തുന്നു. ഇത് കുട്ടികളിൽ മൃഗീയ വാസനങ്ങളെ വളർത്തുകയും ചെയ്യുന്നു. നമ്മുടെ യുവതികളിലും മദ്യത്തിന്റെ സ്വാധീനം ആശങ്കാജനകമാം വിധം വർദ്ധിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ന്യൂജനറേഷൻ സിനിമകളും, സെലിബ്രിറ്റി ഷോകളും, ആഡംബരക്ലബുകളും സ്ത്രീത്വത്തിന്റെ മഹത്വത്തെ വികലമാക്കി മദ്യസൽക്കാരം ഒരു ഫെലോഷിപ്പ് എന്ന ഓമനപ്പേരിൽ പുരുഷനോടൊപ്പം മദ്യം പങ്കിടുന്ന യുവതികളെ സമൂഹത്തിൽ ചിത്രീകരിക്കുന്നു.

മദ്യപാനം മൂലമുണ്ടാകുന്ന സ്ത്രീ പീഡനങ്ങളും കൊലപാതകങ്ങളും ഇത്രത്തോളം വർദ്ധിച്ചത് ഈ കാലഘട്ടത്തിലാണ് എന്നാണ് പഠനം തെളിയിക്കുന്നത്. മദ്യം എന്ന സർപ്പം ഉള്ളിൽ ഉള്ളപ്പോൾ മനുഷ്യൻ മനുഷ്യനല്ലാതെ മാറുന്നു. സ്ത്രീയെ ബഹുമാനിക്കുവാൻ കഴിയാത്തവൻ മനുഷ്യനല്ല. സ്ത്രീ ഈ ലോകത്തിന്റെ സൗന്ദര്യമാണ്. സൗരഭ്യമാണ്, അമ്മയാണ്, സഹോദരിയാണ്. ഈ വിധം സ്ത്രീയെ ബഹുമാനിക്കാൻ ഇന്നത്തെ തലമുറയ്ക്ക് കഴിഞ്ഞാൽ മാത്രമേ പീഡനം അവസാനിപ്പിക്കാനാവൂ. മദ്യം ഉള്ളിലാകുമ്പോൾ മനുഷ്യത്വം നശിക്കുകയാണ്. മനുഷ്യത്വം നശിക്കുന്നിടത്ത് സമാധാനവും സന്തോഷവും ഇല്ലാതാകുന്നു. മദ്യാസക്തിയിലൂടെ പീഡിപ്പിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന സ്ത്രീകൾ ധാരാളമുണ്ട്. എല്ലാ മേഖലകളിലും പുരുഷനൊപ്പം നിൽക്കുവാൻ ശ്രമിക്കുമ്പോൾ തന്നെ അവരിൽ ഒരു നല്ല ഭാഗം മദ്യപാനത്തിലും പുരുഷനൊപ്പമാണ്. കേരളത്തിന്റെ സാംസ്കാരിക തനിമയ്ക്കും പൈതൃകത്തിനും വിള്ളൽ ഏൽപ്പിച്ചുകൊണ്ട് സ്ത്രീകളിൽ മദ്യപാനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

മദ്യം കീശയിൽനിന്ന് പണത്തെയും ഭാര്യയിൽനിന്ന് ഭർത്താവിനെയും ജീവിതത്തിൽനിന്ന് സന്തോഷത്തെയും ശരീരത്തിൽനിന്ന് ആരോഗ്യത്തെയും കുടുംബത്തിൽ നിന്ന് സമാധാനത്തെയും സമൂഹത്തിൽനിന്ന് അംഗീകാരത്തേയും അകറ്റുന്ന വില്ലനായി മാറി കഴിഞ്ഞിരിക്കുന്നു.

ഒരിക്കൽ നയാഗ്ര വെള്ളച്ചാട്ടത്തിന്റെ മുകളിൽകൂടെ ഒരു മൃതശരീരം ഒഴുകിവരുകയായിരുന്നു. ശവത്തിന്റെ സാന്നിദ്ധ്യം മനസ്സിലാക്കിയ ഒരു കഴുകൻ ആ മൃതശരീരത്തിന്റെ പുറത്ത് പറന്ന് വന്നിരിക്കുകയും തന്റെ ആഗ്രഹത്തിന് അനുസരിച്ച് തിന്നാവുന്നിടത്തോളം തിന്ന് ആസ്വദിച്ചു, ഒടുവിൽ ഈ നയാഗ്രയുടെ ഒരു പതനം ഉണ്ടെന്നുള്ള കാര്യം അറിയാതെ കഴുകൻ ആ മൃതശരീരം തിന്നു അതിൽ തന്നെ രസിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ അഗാധ ഗർത്തത്തിലേക്ക് ഈ മൃതശരീരം പതിക്കുമ്പോൾ കഴുകൻ നഖങ്ങൾ ശവശരീരത്തിൽ ഉടക്കിയിരുന്നതിനാൽ പറന്നു പോകുവാൻ കഴിയാതെ നയാഗ്രയുടെ പതനത്തിൽ മൃതശരീരത്തോടു കൂടി നശിച്ചുപോകുകയും ചെയ്തു. ഇത് നമുക്കൊരു മുന്നറിയിപ്പാണ്. മൃതശരീരം നല്ലതാണെന്നു കരുതി അതിൽ രസിച്ച് ജീവിതം തള്ളി നീക്കുന്ന പ്രിയ സഹോദരാ, നിന്റെ ജീവിതത്തിൽ ഒരു പതനം ഉണ്ടെന്നുള്ള കാര്യം നീ മറന്നു പോകരുത്. നിന്റെ മദ്യപാനം തന്നെ നിന്നെ നശിപ്പിക്കും. ആകയാൽ നാശത്തിന് മുൻപേ മദ്യപാനത്തോടു യാത്ര പറയുകയും പുതുതലമുറയോടും ഇതിന്റെ ദോഷഫലങ്ങൾ പറഞ്ഞ് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുക. അങ്ങനെ നല്ലൊരു നാളയേ വാർത്തെടുക്കുവാൻ നമുക്ക് സാധിക്കും.

# ജർമൻ ക്നാനായ കമ്മിറ്റി രൂപീകരിച്ചു.

ദൈവകൃപയാൽ ജർമനിയിലെ പ്രഥമ ക്നാനായ കമ്മിറ്റി രൂപീകരിച്ചു. കഴിഞ്ഞ കുറെ വർഷങ്ങളായി ജർമനിയിലേക്ക് കുടിയേറുന്ന ക്നാനായ മക്കളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു. ജർമനിയിലെ ഐ.ടി. നഴ്സിംഗ് പ്രൊഫഷണലുകളിലുള്ള വലിയ തൊഴിൽ സാധ്യതകളും ഉപരിപഠനത്തിനായുള്ള ആകർഷകമായ അവസരങ്ങളുമാണ് ഇതിനുപിന്നിൽ. ക്നാനായ മക്കളുടെ സുഗമമായ ജീവിതത്തിനു സഹായം ആകുവാൻ കഴിഞ്ഞ ഒരുവർഷമായി ക്നാനായ ജാക്കോബൈറ്റ് വാട്സ് ആപ്പ് ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നു. ജർമനിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ജോലിസാധ്യത ഉറപ്പിക്കുവാൻ കരിയർ ഗൈഡൻസ്, പാനൽ ഡിസ്കഷൻസ്, ക്രിസ്തുമസ് ആഘോഷങ്ങൾ മറ്റു കൂട്ടായ്മകൾ ഒക്കെ ഇതുവരെ ഓൺലൈൻ ആയി വാട്സ്ആപ്പ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

എന്നാൽ ക്നാനായ മക്കൾ നേരിൽ കാണുവാനും ബന്ധങ്ങൾ ദൃഢപ്പെടുത്താനും കമ്മ്യൂണിറ്റിയുടെ ആത്മീകവും ഭൗതികവും ആയ പുരോഗതിക്ക് ഒന്നിച്ചു പ്രവർത്തിക്കാനും ഒക്കെയായി ഒരു ക്നാനായ കമ്മിറ്റിയുടെ ആവശ്യകത ഉരുത്തിരിഞ്ഞു.

അതിൻ പ്രകാരം അഭിവന്ദ്യ സമുദായമെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ ആഹ്വാനം അനുസരിച്ചു മേഖല മെത്രാപ്പോലീത്ത അഭിവന്ദ്യ ആയൂബ് മോർ സിൽവാനോസ് തിരുമേനിയുടെ അനുഗ്രഹ ആശംസകളോടും അനേകം വർഷങ്ങൾ ആയി ജർമൻ മലയാളി സമൂഹത്തിലും യൂറോപ്പിലും ഉള്ള ക്നാനായ സമുദാ അംഗങ്ങളുടെ ഇടവക രൂപീകരണത്തിലും സ്തുത്യർഹമായ ശുശ്രൂഷ നിർവഹിക്കുന്ന റവ. ഡോ. തോമസ് ജേക്കബ് മണിമല അച്ചന്റെ നേതൃത്വത്തിൽ ജർമൻ ക്നാനായ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

ജർമനിയിലെ ക്നാനായ മക്കളുടെ ചിരകാലാഭിലാഷമായിരുന്ന പ്രഥമ "ജർമൻ ക്നാനായ ഫാമിലി മീറ്റ് - 2022" കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ 21-23 തീയതികളിൽ ഫ്രാങ്ക്ഫർട്ടിൽ നടത്തുവാൻ കർത്താവിൽ ശരണപ്പെടുന്നു. അതിനായുള്ള ഒരുക്കങ്ങൾ സുഗമമായി പുരോഗമിക്കുന്നു.

ഇനിയും വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമായിട്ടില്ലാത്ത ജർമനിയിലെ ക്നാനായ ജാക്കോബൈറ്റ് സഹോദരങ്ങൾ knanayajacobite.germany@gmail.com എന്ന ഇ-മെയിലിൽ ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു. ഈ കുടുംബകൂട്ടായ്മയുടെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ജർമൻ ക്നാനായ കമ്മിറ്റിക്കു വേണ്ടി,


ബിനു ഏബ്രഹാം മാവേലിൽ, മ്യൂണിക്, ജനറൽ സെക്രട്ടറി, ജർമൻ ക്നാനായ കമ്മിറ്റി

Facebook link
https://www.facebook.com/groups/247867667378565/?ref=share

# GERMAN KNANAYA COMMITTEE



Rev.Dr.Thomas Jacob
Manimala
President



Adv. Mathew
Kulamadayil
Vice-President



Binu Abraham
Mavelil
General Secretary



Anu Mathew
Kaniyamalil
Treasurar




Jithin Mohan
Peroothra
Area Secretary South




Tinku Abraham
Mulamoottil
Chief Cordinator



Jithin Reju
Kelachandra
IT Co-ordinator




Kevin Kurian Abraham
Mundakapadam
Area Secretary North



Tolly Thomas
Nuchiyil
Womens Association
Secretary



Prathyash Kurian
Valuparampil
Students Representative



Abin T Babu
Ambalappattu
Area Secretary East



Manu Mathew
Plakuzhiyil
Executive Member



Rijo Kurian
Chakkittaparambil
Executive Member



Nithin Thomas
Mundaplackal
Executive Member

Advt -O

# ആദരവ് ഏറ്റുവാങ്ങി



ജാതി, മത, വർണ്ണ വ്യത്യാസം കൂടാതെ റാന്നിയിലെ പൊതുസമൂഹത്തിന്റെ വികാരമാണ് ആലിച്ചൻ ആറൊന്നിൽ. സർവ്വ മത രാഷ്ട്രീയ സമൂഹത്തെ കോർത്തിണക്കി സുഗന്ധം പരത്തുന്ന പൂമരമാണ് ആലിച്ചൻ ആറൊന്നിൽ എന്ന് കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ.

യാതൊരു സ്വാർത്ഥതയും ഇല്ലാതെ നാടിനുവേണ്ടി ജീവിതം സമർപ്പിച്ച വ്യക്തിയാണ് അദ്ദേഹം. സർവ്വ മത, രാഷ്ട്രീയ, സമൂഹത്തെ കോർത്തിണക്കി മതസൗഹാർദ്ദത കാത്തു സൂക്ഷിക്കുന്ന വ്യക്തിത്വം മറ്റുള്ളവരിൽ പരത്തുവാൻ കഴിയുന്നത് ഈശ്വരാനുഗ്രഹമാണെന്നു മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ എന്ന സർക്കാർ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗമായി നിയമിതനായ ആലിച്ചൻ ആറൊന്നിൽ റാന്നി പൗരാവലിയുടെ ആദരം ഏറ്റുവാങ്ങി. റാന്നി വളയനാട്ട് ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭി. കുറിയാക്കോസ് മോർ ക്ലീമ്മിസ് മെത്രാപ്പോലീത്ത (മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ തുമ്പമൺ അധിപൻ) അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത (മലങ്കര സുറിയാനി ക്നാനായ സമുദായ മെത്രാപ്പോലീത്ത), ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൻ.എം. രാജു, രാജു എബ്രഹാം എക്സ്. എം.എൽ.എ., എൻ.എസ്.എസ്. താലൂക്ക് പ്രസിഡന്റ് അഡ്വ. വി.ആർ. രാധാകൃഷ്ണൻ, എസ്.എൻ.ഡി.പി. അഡ്മിനിസ്ട്രേറ്റ് അഡ്വ. മണ്ണടി അനിൽ, റവ. ഈശോ മാത്യു, വെരി. റവ. റോയി മാത്യു മുളമൂട്ടിൽ കോർ എപ്പിസ്കോപ്പ, ഓയിൽ പാം ചെയർമാൻ ശ്രീ. എം.വി. വിദ്യാധരൻ, ശ്രീ. റിങ്കു ചെറിയാൻ, സി.പി.എം. ഏരിയാ സെക്രട്ടറി ശ്രീ. ശിവൻകുട്ടി മാസ്റ്റർ, അഡ്വ. ഷൈൻ ജി. കുറുപ്പ്, ബി.ജെ.പി. ഗ്രാമപഞ്ചായത്തു പ്രസിഡന്റ്മാരായ ശ്രീമതി അനിത അനിൽകുമാർ അഡ്വ. ബിന്ദു റെജി, എൻ.എം. രാജു (കേരള കോൺഗ്രസ് എം. ജില്ലാ പ്രസിഡന്റ്), റവ.പി.എം. വർഗീസ് (മർത്തോമാ സഭാ നിലയ്ക്കൽ കൺവൻഷൻ പ്രസിഡന്റ്), റിന്റോ തോപ്പിൽ, ശ്രീമതി ശോഭ ചാർളി, റവ. ഫാ. ഡോ. ബെൻസി മാത്യു, ശ്രീ. സി.വി. മാത്യു, സമദ് മേപ്രത്ത്, ശ്രീ. ജോർജ് എബ്രഹാം, അഡ്വ. മനോജ് മാത്യു, ശ്രീ. ബിബിൻ കല്ലംപറമ്പിൽ, ശ്രീ. റിന്റോ തോപ്പിൽ, ശ്രീ. ആരോൺ പനവേലിൽ, അഡ്വ. ബോബി കാക്കാനപ്പള്ളിൽ, ബഹനാൻ ജോസഫ്, സണ്ണി ഇടയാടിയിൽ, ശ്രീ. ഷെറി തോമസ്, ടിബു പുരക്കൽ എന്നിവർ പ്രസംഗിച്ചു.

Advt -O

# വിവാഹിതരായി



കുറിച്ചി മോർ ഇഗ്നാത്യോസ് പള്ളി ഇടവകയിൽ തൈപറമ്പിൽ രാജൻ കുര്യന്റെയും ലില്ലിക്കുട്ടി രാജന്റെയും മകൻ **സച്ചു രാജനും** ഇരവിപേരൂർ സെൻര് മേരീസ് പള്ളി ഇടവകയിൽ കന്നാകുഴിയിൽ കെ.ഒ. കുര്യാക്കോസിന്റെയും കുഞ്ഞുമോൾ കുര്യാക്കോസിന്റെയും മകൾ **രേഖാ കുര്യാക്കോസും** തമ്മിലുള്ള വിവാഹം 29/08/2022 ൽ കുറിച്ചി മോർ ഇഗ്നാത്യോസ് പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടന്നു.

Advt - O






Advt - O

# മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിലെ അംഗീകാരമുള്ള ഗായക സംഘങ്ങൾ

സെക്രട്ടറി
കൺവീനർ, റാന്നി മേഖല




**ജിജി & സുനിൽ**
*അഞ്ചാനി വോയ്സ്*
റാന്നി
**9447211702**

കൺവീനർ, കല്ലിശ്ശേരി മേഖല




**മനോജ് ഏബ്രഹാം**
*കൃപ മെലഡീസ് ഓർക്കസ്ട്ര*
ഇരവിപേരൂർ
**9495921805**

കൺവീനർ, ചിങ്ങവനം മേഖല



**മോൻസി മർക്കോസ്**
*കോറൽ മ്യൂസിക് കൺസേർട്ട്*
ചിങ്ങവനം
**9447526539**




**അബിയാ ബിനോ**
*അപ്രേം മെലഡീസ്*
ചിങ്ങവനം
**9447516556**



**എബിൻ ചാക്കോ & ആൽബിൻ ചാക്കോ**
*ക്നാനായ വോയ്സ്,* വെളിയനാട്
**7025291420**



**അമൽ വി. പുന്നൂസ്**
*ഹെവൻലി വോയ്സ്*
കുറിച്ചി
**9847637681**



**അനീഷ് വേലൻകടവിൽ & ജിൻസോ**
*ഓൾ സെയിന്റ്സ് വോയ്സ്*
കുറിച്ചി
**9562081500**



**അനൂബ് തോമസ്**
*കൈതാരം ഓർക്കസ്ട്ര*
ചിങ്ങവനം
**9847065147**



**ബിജു ചാക്കോ**
*സെന്റ് മേരീസ് വോയ്സ്*
വെളിയനാട്
**9400753781**



**ബിജു മറ്റത്തിൽ**
*സിറിയൻ ബീറ്റ്സ്*
കുറ്റൂർ
**9446035758**



**ജെയിംസ് പി.കെ.**
*സെന്റ് മേരീസ് ഓർക്കസ്ട്ര*
കോട്ടയം
**9446921603**



**ജോബി കുറിയാക്കോസ്**
*ജെ.കെ. ഓഡിയോസ്*
കുറിച്ചി
**9447868972**



**മനോ ഏബ്രഹാം**
*എയ്ഞ്ചൽ ഓർക്കസ്ട്ര*
തിരുവല്ല
**9446381870**



**മോജി കെ. സഖറിയ**
*മധുരിമ ഓർക്കസ്ട്ര*
കറ്റോട്, തിരുവല്ല
**9847705145**



**സജി കടയ്ക്കേത്ത്**
*സെന്റ് മേരീസ് ഓർക്കസ്ട്ര*
വൈക്കം, റാന്നി
**9446104346**



**തങ്കച്ചൻ & മനു**
*ശാലോം വോയ്സ്*
ചാന്നാനിക്കാട്
**9947197746**

Advt -O

60th Wedding Anniversary

## 60–ാം വിവാഹ വാർഷികം ആഘോഷിക്കുന്ന

# സണ്ണിയും മോളിയും

കൊച്ചുപുരയ്ക്കൽ, തിരുവനന്തപുരം–35



09–09–1962

നന്ദികൊണ്ടെന്റെയുള്ളം
നന്നേ നിറഞ്ഞിടുന്നു.
സന്നാഹമോടെ സ്തുതി
പാടിടുന്നേൻ, ദേവാ,
സന്നാഹമോടെ ഞങ്ങൾ
സ്തുതി പാടിടുന്നേ



09–09–2022

അക്കുവിനും അമ്മച്ചിക്കും സർവ്വമംഗളങ്ങളും നേർന്നുകൊണ്ട്

കൊച്ചുമക്കൾ കൊച്ചി, UK & US

Advt -O



## 40th Wedding Anniversary

13–09–2022



# Viji Joy & Joy Punnoose

**Puthenpeedikayil House, Vennikulam**

*Best Wishes from*
*Jovis & Christy, Josna & Eubin*
*Grandchildrens: Punnosse, Chacko & Anna,*
*Zakku & Elisa*

Advt -O


## സേവേറിയോസ് ക്നാനായ കോളേജിന്റെ എഗ്രിമെന്റ് കൈമാറുന്നു



സമുദായത്തിന്റെ അഭിമാനമായ സേവേറിയോസ് ക്നാനായ കോളേജിന്റെ എഗ്രിമെന്റ് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി കൈമാറുന്നു. ജേക്കബ് തോമസ് (ആക്ടിംങ് ട്രസ്റ്റി), വില്ലി വടാമറ്റം (ക്നാനായ കമ്മിറ്റി അംഗം), രാജു മരങ്ങാട്ട് എന്നിവർ സമീപം.

## 50–ാം വിവാഹവാർഷികം

18–09–2022



**കെ.കെ. ഏബ്രഹാം**

**& ശോശാമ്മ ഏബ്രഹാം**

**കൈപ്പള്ളിൽ (വീട്)**
**പഴവങ്ങാടി, മാമുക്ക്, റാന്നി**

മക്കൾ: ജോസുകുട്ടി, അനുമോൾ
മരുമക്കൾ: ജിജു പാലക്കുടിയിൽ, മഞ്ചു കുറുമ്പത്ത്
കൊച്ചുമക്കൾ: എബി, ഒലിവ്, ജേക്കബ്, അമ്മു, തൊമ്മു, നിമ്മു

Advt - O



## ACHIEVEMENT



**Mr. Abraham T Mathew** graduated with distinction from the University of central Lancashire preston United Kingdom with a master's degree in Maintenance Engineering.
He is the son of late Mr. Mathew T Alex and Jain Mathew of Thythara house Channanikkad P.O. Pannimattom, parish members of St. John's Puthenpally Chingavanam

Advt - O


## ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ 75-ാമത് വാർഷിക ആഘോഷം



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ 75–ാമത് വാർഷിക ആഘോഷം ചിങ്ങവനത്ത് **തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ** ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ ഫാ. തോമസുകുട്ടി മങ്ങാട്ട്, റോയ് പുത്തൻപുരയ്ക്കൽ, അനിഷ് റ്റി.സി തകിടിയിൽ, സജി താന്നിക്കൽ, കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, ജയമോൻ മേപ്രത്ത്, ബിബിൻ കല്ലംപറമ്പിൽ, അനിഷ് കയ്യത്ര, സുമിത്ത് മാക്കോന്തറ എന്നിവർ പ്രസംഗിച്ചു


## 4–ാം ചരമവാർഷികം

11–9–2022



## M.P. KURIAN

**മംഗലത്ത്, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt -O



1st Death Anniversary

17-09-2022

# അമ്മിണി ജോസഫ്

കുളത്രാമണ്ണിൽ,
മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ

Advt -O



1-ാം ചരമവാർഷികം

17-9-2022

# C.T. ചാക്കോ

ചരിവുപറമ്പിൽ,
കല്ലിശ്ശേരി

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1st Death Anniversary

25-09-2022




Advt - O

## M.C. MARY

**Puthuchirayil House, Mandiram P.O**
**Ranny**

By Sorrowing family




Advt - O

## 15-ാം ചരമവാർഷികം

10-9-2022



Advt -R

## K. C. ആൻഡ്രൂസ് (ജോയി)

**കളത്തിൽ, നീലംപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 40-ാം ചരമദിനം

18-09-2022



Advt -S

## മേരിക്കുട്ടി ജോസഫ് (89)

**പാറയിൽ, ഞാലിയാകുഴി, വാകത്താനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

# രൂത്തും നോവോമിയും

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ നെല്ലിക്കമൺ

രൂത്ത് 1: 16–17 അതിനു രൂത്ത് "നിന്നെ വിട്ടുപിരിയാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകാനും എന്നോട് പറയരുതേ നീ പോകുന്നിടത്തേയ്ക്ക് ഞാനും വരും. നീ പാർക്കുന്നിടത്ത് ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം നിന്റെ ദൈവം എന്റെ ദൈവവുമായിരിക്കും നീ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിയുന്നുവെങ്കിൽ യഹോവ അതിനു തക്കവണ്ണവും അതിലധികവും എന്നോട് പകരം ചെയ്യട്ടെ" എന്നു പറഞ്ഞു. മോവാബ്യർ യിസ്രായേൽ മക്കളോട് ശത്രുത പുലർത്തി പോരുന്ന ഒരു ജനതയായിരുന്നു. അന്യദൈവങ്ങളെയും മിഥ്യാമൂർത്തികളെയും ആരാധിച്ചിരുന്ന അവരെ പലപ്പോഴും ദൈവം കഠിനമായി ശിക്ഷിച്ചിരുന്നു. ആ ജനതയിൽ ഉൾപ്പെട്ട ഒരുവൾക്ക് തന്റെ ഓമനപുത്രന്റെ വംശാവലിയിൽ സ്ഥാനം നൽകുവാൻ ദൈവം തിരുമനസ്സായതിലൂടെ ദൈവത്തിന്റെ അനന്തമായ സ്നേഹവും മാനവരാശിയെ മുഴുവനും രക്ഷിക്കുവാൻ ഉള്ള അഭിവാഞ്ഛയും വ്യക്തമാക്കുന്നു.

യൗവ്വനക്കാരിയും മക്കളില്ലാത്തവളുമായ ഒരു വിധവ തന്റെ ബന്ധുമിത്രാദികളെ വിട്ട് സ്വന്തം ദേശം വിട്ട് മറ്റൊരു വിധവയും സർവ്വവും നഷ്ടപ്പെട്ടവളുമായ തന്റെ അമ്മാവിഅമ്മയോടൊപ്പം അവളുടെ ദേശത്തയ്ക്ക് പോകുക എന്നത് അന്നത്തെപ്പോലെ ഇന്നും അവിശ്വസനീയമായ കാര്യം തന്നെയാണ്. ആരുടെയും സമ്മർദ്ദം ഇല്ലാതെ തന്റെ അമ്മാവിയമ്മയായ നൊവോമി നിരുത്സാഹപ്പെടുത്തിയിട്ടും പിന്മാറാതെ "നിന്റെ ജനം എന്റെ ജനം നിന്റെ ദൈവം എന്റെ ദൈവം ആയിരിക്കും. മരണത്താൽ അല്ലാതെ ഞാൻ നിന്നെ വിട്ടുപിരിയുന്നുവെങ്കിൽ യഹോവ അതിനു തക്കവണ്ണം അതിലധികവും എന്നോട് പകരം ചെയ്യട്ടെ" (രൂത്ത് 1:16–17) എന്നു പറഞ്ഞ് സ്വന്തം ഭാവിയെ അവ്യക്തതയിൽ ഹോമിച്ചുകൊണ്ട് രൂത്ത് അമ്മാവിയമ്മയോടൊപ്പം ബേത്‌ലഹേമിലേയ്ക്ക് പോയി. മോവാബ്യ സ്ത്രീയായിരുന്ന അവർ തന്റെ അമ്മാവിയമ്മയെ ഉപേക്ഷിക്കാതെ അമ്മാവിയമ്മയുടെ ദൈവത്തെ തന്റെ ദൈവമായി പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചതിന്റെ ഫലമായി അവളിൽ ദൈവം പ്രസാദിക്കുകയും അവർക്കായി ബോവാസ് എന്ന വീണ്ടെടുപ്പുകാരനെ ഒരുക്കുകയും ചെയ്തു. ദാവീദിന്റെ പിതാമഹനായ ഓബേദ് രൂത്ത്–ബോവാസ് ദമ്പതികളുടെ മകനായിരുന്നു.

കടമകളുടെ മുമ്പിൽ ഓടിഒളിക്കാതെ ത്യാഗങ്ങളും കഷ്ടതകളും സഹിക്കുവാൻ സ്വയം സമർപ്പിച്ച് സർവ്വശക്തനായ ദൈവത്തിൽ വിശ്വാസമർപ്പിച്ച് പ്രവൃത്തിക്കാൻ, അവർക്കുള്ള പ്രതിഫലം രൂത്തിലൂടെ നാം ദർശിക്കുമ്പോൾ തന്നെ അമ്മാവിയമ്മയും മരുമകളും തമ്മിൽ ഉള്ള ബന്ധം ദൈവസ്നേഹത്താൽ കെട്ടുറപ്പ് ഉള്ളതായിത്തീരുമ്പോൾ ഇരുവരുടെയും ജീവിതം അനുഗ്രഹപൂർണ്ണമായിത്തീരുന്നുവെന്ന് രൂത്തിന്റെയും നോവോമിയുടെയും ജീവിതത്തിൽ നാം കാണുന്നു.

എന്നുടെയോനെ! നീയെന്നെ
കൺമണിപോൽ കാത്തീടണമെ
നിൻ ചിറകാലെ മറച്ചു പരീ
ക്ഷയിൽ നിന്നെന്നെ കാക്കണമെ
ഒളിവായ് നോക്കീടാതെന്റെ
കണ്ണുകളെ നീ കാക്കണമേ
വഞ്ചന കേൾക്കാതടിയെന്റെ
കാതുകളെയും കാക്കണമെ.
എന്നധരങ്ങൾക്കെന്നും നീ
കാവലതായം നിൽക്കണമേ
എന്നുള്ളിൽ ദോഷം ചെയ്‌വാ
നുള്ള വിചാരമുദിക്കരുതേ
കർത്താവേ! നല്ല വിവേകം
വർദ്ധിപ്പിക്കണമെന്നിൽ നീ
സൗരഭ്യത്താൽ നിന്നെയെനി
ക്കിമ്പപ്പെടുത്താനിട വരണേ!
ഐഹിക നേട്ടത്തിനു പകരം
നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീലോകം
നിരസിപ്പാനും കൃപ ചെയ്ക!

ന്യായാധിപൻമാർ ന്യായപാലനം ചെയ്തിരുന്ന കാലത്ത് ഒരിക്കൽ ദേശത്ത് ക്ഷാമം ഉണ്ടായി. യഹൂദ്യയിലെ ബേത്‌ലഹേമിലുള്ള ഒരു പുരുഷൻ തന്റെ ഭാര്യയും രണ്ട് പുത്രൻമാരുമായി മോബാവ് ദേശത്തു പരദേശിയായി പാർക്കുവാൻ പോയി. അവന് ഏലിമെലെക്ക് എന്നും ഭാര്യയ്ക്ക് നവോമി എന്നും രണ്ട് പുത്രൻമാർ മഹ്ലോൻ, എന്നും കില്യോൻ എന്നും പേരായിരുന്നു. എന്നാൽ നവോമിയുടെ ഭർത്താവായ എലിമെലേക്ക് മരിച്ചു. അവളും രണ്ടു പുത്രന്മാരും ശേഷിച്ചു. പിന്നെ അവർ മോവാബ്യ സ്ത്രീകളെ വിവാഹം കഴിച്ചു. ഒരുവൾക്ക് ഓർപ്പാ എന്നും മറ്റവൾക്ക് രൂത്ത് എന്നും പേരായിരുന്നു. അവർ നീണ്ട 10 വർഷം അവിടെ താമസിച്ചു. പിന്നെ മഹ്ലോനും കില്ല്യോനും മരിച്ചു. അങ്ങനെ ഭർത്താവും രണ്ട് ആൺമക്കളും നഷ്ടപ്പെട്ട് ആ സ്ത്രീ മാത്രം ശേഷിച്ചു. പിന്നീട് നവോമി താൻ പാർത്തിരുന്ന ദേശം വിട്ട് യെഹൂദാദേശത്തിലേയ്ക്ക് മടങ്ങിപ്പോയി. പിന്നീട് ഓർപ്പാ തന്റെ അമ്മായിയമ്മയായ നവോമിയെ കെട്ടിപിടിച്ച് ചുംബിച്ച് പൊട്ടിക്കരഞ്ഞ് അവരെ പിരിഞ്ഞു പോയി. രൂത്ത് തന്റെ അമ്മായിയമ്മയെ അനുഗമിക്കുകയും ചെയ്തു. അവർ ഇരുവരും ബേത്‌ലഹേം വരെ നടന്നു. അവിടെയെത്തിയപ്പോൾ പട്ടണം മുഴുവൻ ഇളകി ഇവൾ നവോമി തന്നെയോ എന്നു സ്ത്രീജനം ചോദിച്ചു. അവൾ അവരോട് നവോമി എന്നല്ല മാറാ എന്നു വിളിയ്ക്കുവീൻ എന്ന് ഉപദേശിച്ചു.സർവ്വശക്തൻ എന്നോട് കൈയിപ്പ് ഉള്ളതു പ്രവൃത്തിച്ചതുകൊണ്ട് ഞാൻ മാറായാകുന്നു എന്ന് അവൾ പറഞ്ഞു. ബേത്‌ലഹേമിൽ വയലിൽ യവത്തിന്റെ കൊയ്ത്ത് ആരംഭിച്ചിരുന്നു.

നവോമിയ്ക്ക് തന്റെ ഭർത്താവായ ഏലിമെലേക്കിന്റെ ബന്ധുവായ ബോവാസ് എന്നു പേരായ ഒരുവന്റെ സഹായം കിട്ടി. ബോവാസിന്റെ വയലിൽ രൂത്ത് കൊയ്ത്തുകാരുടെ കൂടെ കാലാ ഒരുക്കുവാൻ കറ്റപെറുക്കുവാൻ പോയിത്തുടങ്ങി. വയലിൽവച്ച് രൂത്തിനെ കണ്ട ബോവാസ് തന്റെ

മേൽ വിചാരകനായ ഭൃത്യനോട് ഈ സ്ത്രീ ആരാകുന്നു എന്നു തിരക്കിയതിനു ഇവൾ മോവാബ് ദേശത്തുനിന്ന് നവോമിയുടെ കൂടെ വന്ന മോവാബ്യ യുവതിയാണ് എന്ന് മറുപടി നൽകി. ബോവാസ് രൂത്തിനോട് എന്റെ മകളെ കേട്ടു കൊള്ളുക കാലാപെറുക്കാൻ ഇവിടം വിട്ട് മറ്റൊരു വയലിൽ പോകരുത്, എന്റെ ദാസിമാരോട് ചേർന്നു കൊള്ളുക. നിന്നെ ആരും ശല്യം ചെയ്യരുത് എന്ന് ഞാൻ അവരോട് ഉപദേശിച്ചിട്ടുണ്ട്. നിനക്ക് ദാഹിക്കുമ്പോൾ പാത്രങ്ങൾക്കരികെ കോരി വച്ചിരിക്കുന്ന വെള്ളം കുടിച്ചുകൊള്ളുക. അവൾ അവന്റെ കാൽക്കൽ സാഷ്ടാംഗം വീണ് ഇങ്ങനെ പറഞ്ഞു. ഞാൻ അന്യദേശക്കാരി ആയിരിക്കെ നീ എന്നെ കരുതുവാൻ തക്ക വണ്ണം നീ എന്നോട് ദയ തോന്നിയത് എങ്ങനെ? എന്നു ചോദിച്ചു. അതിനു ബോവാസ് ഇപ്രകാരം പറഞ്ഞു നിന്റെ ഭർത്താവ് മരിച്ചശേഷം അമ്മാവിയമ്മയ്ക്ക് നീ ചെയ്തിരിയ്ക്കുന്നതും നിന്റെ അപ്പനെയും അമ്മയെയും സ്വന്തം ദേശത്തെയും വിട്ട് നീ അറിയാത്ത ജനത്തിന്റെ നടുവിൽ വന്നിരിക്കുന്നത് ഞാൻ കേട്ടിരിക്കുന്നു. നിന്റെ പ്രവൃത്തിയ്ക്ക് തക്ക വണ്ണം യഹോവ പകരം നൽകട്ടെ നിനക്ക് അവൻ പൂർണ്ണ പ്രതിഫലം നൽകട്ടെ എന്നു പറഞ്ഞു. അങ്ങനെ അവൾ യവ കൊയ്ത്തും ഗോതമ്പു കൊയ്ത്തും തീരുവോളം കാലാ പെറുക്കുവാൻ ബോവാസിന്റെ ദാസിമാരോട് ചേർന്ന് ഇരിക്കുകയും അമ്മാവിയമ്മയോടുകൂടെ താമസിക്കുകയും ചെയ്തു. ബോവാസ് പട്ടണവാതിൽക്കൽ ഇരിക്കുമ്പോൾ മോവാബ് ദേശത്തുനിന്നു മടങ്ങി വന്നിരിക്കുന്ന നവോമി നമ്മുടെ സഹോദരനായ ഏലിമലെക്കിന്റെ വയൽ വിൽക്കുന്നു എന്നു പറഞ്ഞു. അതു വീണ്ടെടുക്കുന്നതിന് നിനക്ക് മനസ്സുണ്ടെങ്കിൽ 10 മൂപ്പൻമാരുടെ സാക്ഷ്യത്തിൽ ജനത്തിന്റെ മുമ്പാകെ നീ വാങ്ങണം എന്നു പറഞ്ഞു. ഞാൻ വീണ്ടെടുക്കാം എന്നു ബോവാസ് പറഞ്ഞു. പിന്നെ വീണ്ടെടുപ്പുകാരൻ ബോവാസിനോട് നീ അതു വാങ്ങികൊള്ളുക എന്നു പറഞ്ഞ് തന്റെ ചെരിപ്പ് അഴിച്ചു കൊടുത്തു. അപ്പോൾ ബോവാസ് മൂപ്പന്മാരോടും സകല ജനത്തോടും പറഞ്ഞത് ഏലിമെലെക്കിന് ഉള്ളതൊക്കെയും ഞാൻ നവോമിയോടു കൂടി വാങ്ങിയിരിക്കുന്നു എന്നതിനു നിങ്ങൾ ഇന്നു സാക്ഷികളാകുന്നു. അത്രയുമല്ല മരിച്ചവന്റെ പേർ അവന്റെ സഹോദരൻമാരുടെ ഇടയിൽ നിന്ന് അവന്റെ പട്ടണവാതിൽക്കൽ നിന്ന് മാഞ്ഞുപോകാതെ ഇരിക്കേണ്ടതിനു മരിച്ചവന്റെ പേർ അവന്റെ അവകാശത്തിൽ നിലനിറുത്തേണ്ടതിനു മഹ്ളോന്റെ ഭാര്യ മോവാബ്യ സ്ത്രീയുമായ രൂത്തിനെയും ഞാൻ ഭാര്യയായി വാങ്ങിയിരിക്കുന്നു എന്നതിന് നിങ്ങൾ ഇന്നു സാക്ഷികളാകുന്നു. ഇങ്ങനെ ബോവാസ് രൂത്തിനെ സ്വീകരിച്ചു. അവൾ അവനു ഭാര്യയായി, യഹോവ അവർക്ക് ഗർഭം നൽകി അവൾ ഒരു മകനെ പ്രസവിച്ചു. നവോമി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി അവനു ശുശ്രൂഷ ചെയ്തു അവന് ഓബേദ് എന്നു പേർ വിളിച്ചു. ദാവീദിന്റെ പിതാവായ യിശ്ശായിയുടെ പിതാവ് ഇവൻ ആകുന്നു. സങ്കീ. 20 ൽ ദാവീദ് ഇങ്ങനെ പ്രാർത്ഥിക്കുന്നു. യഹോവ കഷ്ടകാലത്ത് നിനക്ക് ഉത്തരമരുളുമാറാകട്ടെ. യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ സംരക്ഷിക്കുമാറാകട്ടെ. അവൻ വി. മന്ദിരത്തിൽ നിന്ന് നിനക്ക് സഹായം അയക്കുമാറാകട്ടെ. സീയോനിൽ നിന്ന് നിന്നെ താങ്ങുമാറാകട്ടെ. നിന്റെ വഴിപാടുകളൊക്കെയും അവൻ ഓർക്കട്ടെ. നിന്റെ ഹോമയാഗം കൈക്കൊള്ളുമാറാകട്ടെ. നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്ക് നൽകട്ടെ. നിന്റെ താല്പര്യം ഒക്കെയും നിവൃത്തിക്കുമാറാകട്ടെ ഞങ്ങൾ നിന്റെ നാമത്തിൽ ഘോഷിച്ചു ഉല്ലസിക്കും. ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും. യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ. യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു എന്ന് ഇപ്പോൾ ഞാൻ അറിയുന്നു. അവൻ തന്റെ വിശുദ്ധ സ്വർഗ്ഗത്തിൽ നിന്നു തന്റെ വലം കൈയുടെ രക്ഷാകരമായ അത്ഭുത പ്രവൃത്തികളാൽ അവന് ഉത്തരമരുളും. ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു. ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും. അവർ കുനിഞ്ഞു വീണുപോയി. എന്നാൽ ഞങ്ങൾ എഴുന്നേറ്റു നിവർന്നു നിൽക്കുന്നു. യഹോവയേ രാജാവിനെ രക്ഷിക്കണമെ. ഞങ്ങൾ അപേക്ഷിക്കുമ്പോൾ ഉത്തരം അരുളണമേ. ●

## നക്ഷത്രം വഴികാട്ടി

*(പേജ് 8 തുടർച്ച)*


അവന്റെ തൃപ്പാദങ്ങൾ ചുംബിക്കുമ്പോൾ അവന്റെ സ്വർഗ്ഗീയമായ അനുഗ്രഹം ഞങ്ങളിലേയ്ക്ക് താണിറങ്ങട്ടെ.

ജ്ഞാനിയായ ആ പൂജകന്റെ വാക്കുകളിലെ ദുഃഖസൂചനകൾ കേട്ട് ഭയപ്പെട്ട മേരി അതെല്ലാം മറച്ചു പുഞ്ചിരിയോടെ ശിശുവിനെ നൽകുന്നു. പ്രായം കൂടിയ ആളിന്റെ കൈകളിലേക്കു ശിശുവിനെ കൊടുക്കുന്നു. അയാൾ ശിശുവിനെ ചുംബിച്ച്, ശിശുവിന്റെ ചുംബനങ്ങളും സ്വീകരിച്ചശേഷം മറ്റുള്ള രണ്ടുപേർക്കും കൈമാറുന്നു.

ശിശുവിനെ അവർ തിരികെ ഏല്പിച്ചശേഷം എഴുന്നേൽക്കുന്നു. മേരിയും എഴുന്നേൽക്കുന്നു. അവർ പരസ്പരം വണങ്ങുകയും അല്പസമയം സംസാരിക്കുകയും ചെയ്യുന്നു. ആ വീട്ടിൽ നിന്ന് ഇറങ്ങാൻ അവർക്കു മനസ്സു വരുന്നില്ല. അവരുടെ കണ്ണുകളിൽ കണ്ണുനീർ തിളങ്ങുന്നു. അവസാനം അവർ വാതിൽക്കലേക്കു നീങ്ങുന്നു. മുറിയുടെ വാതിക്കൽ എത്തിയപ്പോൾ പൂജകർ മുട്ടുകുത്തി ഈശോയുടെ പാദങ്ങൾ ചുംബിച്ചുകൊണ്ട് വിട ചോദിക്കുന്നു. മേരി കുനിഞ്ഞ് ഉണ്ണിയുടെ കരമെടുത്ത് അനുഗ്രഹം നൽകുന്ന രീതിയിൽ കുരിശാകൃതിയിൽ ഓരോരുത്തരുടെയും ശിരസ്സിനു മുകളിൽ വയ്ക്കുന്നു. പൂജകർ മൂന്നുപേരും നടകളിറങ്ങി താഴെ കാത്തുനിൽക്കുന്ന കുതിരപ്പുറത്തു കയറി. യാത്രാ സംഘത്തിലെ മറ്റുള്ളവർ ഒട്ടകപ്പുറത്ത് കയറുന്നു. എല്ലാവരും മൃഗങ്ങളുടെ മീതെ കയറിക്കഴിഞ്ഞു. പുറപ്പെടാനുള്ള ആജ്ഞ നൽകപ്പെട്ടു. പൂജകർ മൂന്നുപേരും കുനിഞ്ഞ് കുതിരകളുടെ കഴുത്തുവരെ താണ് അവസാനമായി ഒന്നും കൂടി വണങ്ങുന്നു. ജോസഫ് തലകുനിച്ച് വണങ്ങുന്നു. മേരിയും തലകുനിച്ച് വണങ്ങുന്നു. മേരി ഉണ്ണീശോയുടെ കൈപിടിച്ച് വീണ്ടും അനുഗ്രഹം നൽകുന്നതായും വിട നൽകുന്നതായും കാണുന്നുണ്ട്.

ഹേരോദോസിനെ ഭയന്ന് നാടും വീടും സമ്പത്തും എല്ലാം ഉപേക്ഷിച്ച് ഈജിപ്തിലേക്ക് പലായനം ചെയ്ത് അവിടെ അഭയാർത്ഥിയായി ജീവിക്കേണ്ടിവന്ന അവസരത്തിൽ പൂജകർ നൽകിയ വിലപിടിച്ച സമ്മാനങ്ങൾ അവർക്ക് ഉപകരിച്ചു. ദൈവപുത്രന് പിതാവ് പൂജകൾ വഴിയായി നൽകിയ ഉപഹാരങ്ങൾ അത്ര വിലപ്പെട്ടതായിരുന്നു ആ സാധുകുടുംബത്തിന്. ●

# യുവജനങ്ങളും സഭയും



സുനിൽ ഡി. കുരുവിള

“The youth is the hope of our future’’.

ഇന്ന് നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ കൂട്ടം യുവതയാണ്. എന്നാൽ പള്ളിയിൽ ചെന്നാൽ ഇവരെ കാണാൻ വളരെ പ്രയാസം. കാരണം ചോദിച്ചാൽ അവരെല്ലാം പഠിക്കാനും ജോലി ചെയ്യാനും ഒക്കെയായി അന്യ സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും ഒക്കെ പോയി എന്ന് പറയും.

യഥാർത്ഥത്തിൽ ഇവരെല്ലാം എവിടെയാണ്?

മാളിൽ പോയാൽ സിനിമയ്ക്ക് പോയാൽ പെരുന്നാളിനോ ഉത്സവത്തിനോ പോയാൽ ഹോട്ടലിൽ പോയാൽ റോഡിലിറങ്ങിയാൽ എല്ലാ ഇടത്തും യുവത തന്നെ മുന്നിൽ!

പള്ളിയിൽ കാണാതെയാകുന്ന ഈ വിഭാഗത്തെ ആരെങ്കിലും സത്യസന്ധമായി അന്വേഷിക്കുന്നുണ്ടോ?

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ കൊച്ചു കേരളത്തിൽ യുവതയും കുട്ടികളും കുറയുകയാണ്. സീനിയർ സിറ്റിസണിന്റെ എണ്ണം കൂടുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ചെറുപ്പക്കാരെ അർത്ഥവത്തായ പുരോഗതിയിലേക്കും പ്രത്യാശയിലേക്കും നയിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്!

വീടുകളിൽ അവരെ ശ്രദ്ധിക്കാനോ അവരോടൊത്തു സമയം ചിലവഴിക്കാനോ ആർക്കും സമയമില്ല. പല വീടുകളിലും കൗമാരക്കാരോട് എങ്ങനെ ഇടപെടണം എന്നുതന്നെ ഒരു എത്തും പിടിയുമില്ല. അവരുടെ വളർച്ച ആവശ്യങ്ങൾ തിരിച്ചറിയുന്നില്ല. കുട്ടികളെ പേടിച്ചു കഴിയുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം കൂടിവരുന്നു.

ടെലിവിഷനും ഇന്റർനെറ്റും സോഷ്യൽ മീഡിയയും ഒക്കെ ഭവനങ്ങളുടെ ഉള്ളിലെ ബന്ധങ്ങളുടെ ചാരുത നന്നേ നഷ്ടപ്പെടുത്തി. പണംകൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്താമെങ്കിലും ഗുണമേന്മ പരിരക്ഷിക്കാൻ അത് മാത്രം പോരല്ലോ. പരസ്പര ബന്ധവും കരുതലും മനസ്സിലാക്കലും സ്നേഹവും ഉത്തരവാദിത്വവും ഒക്കെ യുവതയ്ക്ക് കണ്ടു പഠിക്കാൻ ഇടമില്ല. ഒരുമിച്ചുള്ള ഭക്ഷണമോ പ്രാർത്ഥനയോ ഇല്ല.. വിരുന്നുകാരില്ല ഒരുമിച്ചുള്ള യാത്രകളില്ല.

ഇന്നത്തെ യുവത പലപ്പോഴും പെട്ടെന്ന് ബോറടിക്കുന്നവരും നിരാശരാകുന്നവരും ആകുന്നതിനു ഒരു പ്രധാന കാരണം അവർക്കു connections കുറവാണു എന്നുള്ളതാണ്. കുടുംബങ്ങളെ ശക്തീകരിക്കുകയും അവരെ സമൃദ്ധിയായി ജീവിക്കാൻ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിലെ മൂല്യച്യുതിയും അദ്ധ്യാപകരുടെ കുറവുകളും യുവതയെ വളരേയേറെ ബാധിക്കുന്നുണ്ട്. യുവതയ്ക്ക് നല്ല ഗൈഡൻസും mentoring ഉം അനിവാര്യമാണ്, അവരിൽ നൈപുണ്യവും നല്ല മനോഭാവവും ചെറിയ പ്രായത്തിലെ വളർത്തേണ്ടതുണ്ട്. എന്നാൽ ഈ കാര്യങ്ങൾ പലതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല. മികച്ച അദ്ധ്യാപകർ പലരും ഇന്ന് ഒറ്റപ്പെട്ടും ഭയന്നും നിൽക്കുന്നു എന്നുള്ളതും കാണാതെ പോകരുത്. വിദ്യാഭ്യാസത്തിലെ ‘കച്ചവട’ രാഷ്ട്രീയ ഇടപെടലുകൾ അദ്ധ്യാപകന്റെ moraleനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സഭയ്ക്ക് ഇത്തരം ‘empty’ സ്പേസിലേക്ക് നീങ്ങാൻ കഴിയണം. ഇന്ന് quality യുള്ള യുവജനം രൂപപ്പെട്ടില്ലെങ്കിൽ നാളെ quality യുള്ളൊരു സഭയില്ല.. ഓർക്കാം.

യുവതയുടെ ഇന്നത്തെ വലിയൊരു വിഷയം അവരുടെ friendship ആണ്. മദ്യവും മയക്കുമരുന്നും അസാന്മാർഗിക യാത്രയും ഒക്കെ ഇന്ന് വാർത്തയല്ലാതാകുന്നു... ഈ കാര്യത്തിലെല്ലാം ലിംഗസമത്വവും നേടിക്കഴിഞ്ഞു. നല്ല friendship അവരുടെ ജീവിത വിജയത്തിന് ആവശ്യമാണ്. എന്നാൽ അത് നന്മയുള്ളതും മൂല്യമുള്ളമായില്ലെങ്കിൽ അപകടവുമാണ്. ഉയർന്ന വ്യക്തിത്വവും മൂല്യബോധവും അച്ചടക്കവും ചെറിയ പ്രായത്തിലെ ഉറപ്പിച്ചാൽ കൊള്ളേണ്ടത് എന്ത് തള്ളേണ്ടത് ഏത് എന്നവർക്ക് വ്യക്തതയുണ്ടാകും.

കളിയും വിനോദവും കലയും സാംസ്കാരിക പ്രവർത്തനങ്ങളും ഒക്കെ യുവതയുടെ ജീവിത വിജയത്തിന് അനിവാര്യമാണ്. ഇതിൽ ഫലപ്രദമായി പ്രവർത്തിക്കാൻ സഭയ്ക്ക് കഴിയും.. കഴിയണം. പൊതു കളിസ്ഥലങ്ങളും മറ്റും നമ്മുടെ സമൂഹത്തിൽ കുറഞ്ഞത് യുവതയുടെ വികസനത്തെ പ്രതികൂലമായി ബാധിച്ചു. കളികൾ ആരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും സ്വഭാവ രൂപീകരണത്തിനും അച്ചടക്കത്തിനും നല്ല ബന്ധങ്ങൾ സൃഷ്ടിക്കാനും പ്രതിസന്ധികളെ നേരിടാനും ഒക്കെ യുവതിയെ പ്രാപ്തമാക്കും. കളിച്ചു വളരുന്നവർ അതിജീവിക്കും – ജീവിതത്തിൽ അവർ തോറ്റുപോകില്ല. പള്ളിക്കു ചുറ്റുമുള്ള ഇടങ്ങൾ യുവതയ്ക്ക് കളിക്കാനും ഒത്തുകൂടാനും ഒക്കെ നൽകിയാൽ അവർ ‘ചന്തയിൽ’ പെട്ട് പോകില്ല.

യുവതയുടെ മാനസിക ആരോഗ്യം, വൈകാരിക ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കുകയും അവ പ്രോത്സാഹിപ്പാൻ വേണ്ട പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുകയും വേണം. കൗൺസലിംഗ്, നല്ല മാർഗ്ഗ നിർദ്ദേശ പരിപാടികൾ, പരിശീ

ലന പരിപാടികൾ, പ്രമുഖ വ്യക്തിത്വങ്ങളുമായുള്ള interaction ഒക്കെ നിരന്തരമായി നൽകാൻ കഴിഞ്ഞാൽ അവരുടെ ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. പ്രത്യേകിച്ച് ആൺകുട്ടികൾ പൊതുവെ അവരുടെ കഴിവുകൾ നന്നായി ഉപയോഗിക്കുന്നില്ല; അവരിൽ ലക്ഷ്യബോധവും focus ഉം ഒക്കെ കുറയുന്നു. ഇത് നാളെ വലിയ സാമൂഹിക വിഷയങ്ങൾ സൃഷ്ടിക്കാം.. കരുതി പ്രവർത്തിക്കുക. അനേകം കുട്ടികൾ ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് തോൽക്കുന്നു. വാരിക്കോരി മാർക്കിട്ടുകൊടുത്തു സ്കൂളുകളിൽ കുട്ടികളെ ജയിപ്പിച്ചു വിടുന്നതും, അമിതമായി ട്യൂഷൻ കൊടുത്തു പഠിപ്പിക്കുന്നതും ഒക്കെ വിപരീത ഫലം ചെയ്യും. അഭിരുചിയും താല്പര്യവുമില്ലാത്ത രംഗത്ത് പഠിക്കാൻ പോകുന്നതാണ് മറ്റൊരു വിഷയം. മാതാപിതാക്കൾക്ക് നല്ല വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം നൽകുന്നത് വലിയ ഗുണം ചെയ്യും.

കുട്ടികൾക്ക് ചേരുന്ന മേഖല തിരഞ്ഞെടുക്കുക നല്ല സ്ഥാപനത്തിൽ പഠിക്കുക നന്നായി പഠിക്കുക- ഒക്കെ വളരെ പ്രധാനം.

മുതിർന്ന കുട്ടികൾക്ക് അവരുടെ രക്ഷിതാക്കളോടൊപ്പം മികച്ച career guidance നൽകുന്നത് അഭികാമ്യം!

ഉന്നത പഠനം ഒക്കെ നേടിയ കുട്ടികൾക്ക് പോലും നല്ലൊരു ജോലി കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. അത് കുട്ടികളെ നിരാശരും ആകുലതയുള്ളവരും ആക്കുന്നു. അത്തരം ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സഭയ്ക്ക് കഴിയണം. ആവശ്യമെങ്കിൽ അവർക്കു നല്ല personal career advice ലഭിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കണം. നല്ല career കെട്ടിപ്പടുക്കാൻ യുവതയെ സഹായിക്കുക എന്നതാണ് സഭയുടെ happiness quotient ഉം hope quotient ഉം ഉയർത്താനുള്ള മാർഗ്ഗം.

വിവാഹവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് യുവത നേരിടുന്ന മറ്റൊരു വിഷയം. വിവാഹം കഴിക്കാനുള്ള താൽപര്യക്കുറവ്, എങ്ങനെയുള്ള പങ്കാളിയെയാണ് വേണ്ടത് എന്ന് ഉറപ്പില്ലായ്മ, ജീവിത നൈപുണ്യങ്ങളുടെ കുറവ്, ഭയം, അജ്ഞത ഒക്കെ ഇന്ന് വിഷയങ്ങളാണ്. അമിതമായ self centeredness, സ്വാർത്ഥത, അത്യാഗ്രഹം ഒക്കെ ജീവിതതാളം അട്ടിമറിക്കുന്നുണ്ട്. ചിലർ over ambitious ആണ്. കൗമാര പ്രായം മുതൽ തന്നെ ബന്ധങ്ങളെക്കുറിച്ചും ജീവിതം - വിവാഹം മുതലായ കാര്യങ്ങളെക്കുറിച്ചും ആരോഗ്യകരമായി മനസ്സിലാക്കാനും ചർച്ച ചെയ്യാനും വേദികൾ ഉണ്ടാകണം!

കുടുംബ കോടതികൾ നിറഞ്ഞു കവിയുകയാണ്!

വ്യക്തിത്വ - സ്വഭാവ വൈകല്യങ്ങളാണ് വിവാഹ ജീവിതത്തിൽ താളപ്പിഴകൾ സൃഷ്ടിക്കുന്നത്. മാനസിക ആരോഗ്യ പ്രശ്നങ്ങളും കുറവല്ല.

ഇന്ന് എത്രയും പെട്ടെന്ന് നാടുവിടുക എന്നുള്ളതാണ് യുവതയുടെ പുതിയ ട്രെൻഡ്. അവർ നല്ല സാധ്യതകളും അവസരങ്ങളും ഒക്കെ നേടിയെടുക്കട്ടെ.

എന്നാൽ ഇന്ന് പഠനം - ജോലി എന്നൊക്കെ പറഞ്ഞു വിദേശത്തു പോകുന്ന നല്ലൊരു ശതമാനം പറ്റിക്കപ്പെടുന്നു; അല്ലെങ്കിൽ നിരാശരാണ്. അവർക്കു ഈ കാര്യത്തിൽ ഒക്കെ ശരിയായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതുണ്ട്. അവരിൽ ചിലരെങ്കിലും ഈ നാട്ടിൽ തന്നെ നല്ല career കണ്ടെത്താൻ കഴിവുള്ളവരാണ്.

ഭാവിയിൽ കേരളം ഒരു 'വൃദ്ധസദനം' ആകാതിരിക്കാനും സഭയ്ക്ക് ഒരു ദർശനം വേണ്ടേ?

ചെറുപ്പക്കാരിൽ വിശ്വാസം കുറയുന്നുണ്ടോ? അവർ ആരാധനാലയത്തിൽ വരാനും പ്രാർത്ഥിക്കാനും കൂട്ടായ്മ ആചരിക്കാനും താല്പര്യം കാട്ടുന്നുണ്ടോ? അവരെ ചേർത്തുപിടിക്കാനും മനസ്സിലാക്കാനും നേടിയെടുക്കാനും പദ്ധതികൾ വേണം. കുറ്റപ്പെടുത്തലുകൾ അല്ല അവരെ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ആണ് കൂട്ടേണ്ടത്. ഇന്ന് സഭ അവരുടെ വിഷയങ്ങളെ കരുതിയാൽ നാളെ അവർ സഭയുടെ വിഷയങ്ങളിൽ ഉണ്ടാകും, തീർച്ച.

ഈ മേല്പറഞ്ഞ വിഷയങ്ങളെയൊക്കെ effective ആയി കൈകാര്യം ചെയ്യാൻ തക്കവണ്ണം പൗരോഹിത്യ നേതൃത്വം നല്ല നിലയിൽ പരിശീലനം നേടേണ്ടതുണ്ട്. Internal ഉം external ഉം ആയ ഒരു resource pool സമഗ്രമായി രൂപപ്പെടുത്തേണ്ടതുണ്ട്. Bible college ലെ സിലബസ് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്.

"The more we sweat in peace,

the less we bleed in war."

ഒരു പക്ഷെ ഇതുതന്നെയാണ് ഇന്ന് സഭ ഏറ്റെടുക്കേണ്ട ഏറ്റവും വലിയ വെല്ലുവിളി. ഇത് ഓരോ പ്രാദേശിക പള്ളിയുടെയും 'ഉത്സാഹത്തിന്' വിട്ടുകൊടുത്താൽ ഇതെല്ലാം പരാജയപ്പെടും. ഫലപ്രദമായി ഇത് സാധ്യമാകണമെങ്കിൽ സഭയായി ഇതൊരു centralised പ്രൊജക്റ്റ് ആയി ഏറ്റെടുക്കണം.

ഒരു "യുവജന വികസന കേന്ദ്രം ആരംഭിക്കാം." 14 വയസ്സു മുതൽ 35 വയസ്സുവരെയുള്ള എല്ലാ യുവജനത്തിന്റെയും വിവരങ്ങൾ ശേഖരിക്കാം. അവരുമായി personal level ൽ ആശയവിനിമയം ആരംഭിക്കാം. അവരുടെ ജന്മദിനം, പ്രധാന സന്ദർഭങ്ങൾ ഒക്കെ ആശംസിക്കാം. അവർക്കു വേണ്ടി പ്രാർത്ഥിക്കാം. അവരുടെ പഠനം പരീക്ഷ ജോലി ഒക്കെ follow up ചെയ്യാം. Right man for the right job! യുവതയുമായി ഏറ്റവും നന്നായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അറിയാവുന്നവരെ ഇതിന്റെ ചുമതല ഏൽപ്പിക്കാം.

ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. നല്ലതു തുടരണം. മോശമായത് ഒഴിവാക്കണം. ആവശ്യങ്ങൾ അനുസരിച്ച് മാറ്റങ്ങൾ തുടരണം. അവസാനത്തെ യുവജനത്തെ വരെ കണ്ടെത്താനുള്ള പരിശ്രമം തുടരണം. നമുക്ക് നഷ്ടപ്പെടുത്താൻ മക്കളില്ല. ആരോ കുറഞ്ഞുപോകാൻ - വീണുപോകാൻ അനുവദിക്കരുത്. നമ്മുടെ കുഞ്ഞുങ്ങളെ ആരും സമൂഹത്തിൽ തുച്ഛീകരിക്കാതിരിക്കട്ടെ.

അവരിൽ ഏവർക്കും ദൈവത്തെ ദർശിക്കാൻ കഴിയണം!

( Sunil D. Kuruvilla is a consultant Career Counsel and HR Trainer. He is the founder of INSIGHT MISSION. He can be contacted @ +91 9656144712)

# ഉണർവ്വ്

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

എന്നത്തേതുപോലെ ഹോട്ടലിൽ ഭക്ഷണം കഴിയ്ക്കാൻ എത്തിയതാണ് ആ മനുഷ്യൻ. ആവശ്യപ്പെട്ട ഭക്ഷണസാധനങ്ങൾ മുൻപിലെത്തി. കഴിയ്ക്കാൻ തുടങ്ങിയപ്പോൾ വെറുതെ വെളിയിലോട്ടു നോക്കിയപ്പോൾ പ്രായമായ ഒരു മനുഷ്യൻ തന്നെ നോക്കിയിരിക്കുന്നു. ഒട്ടിയ വയറും കീറിപ്പറിഞ്ഞ വേഷവും കണ്ടാൽ തന്നെ പട്ടിണി കോലമാണ്. പെട്ടെന്ന് ഭക്ഷണമേശയിൽ നിന്ന് എഴുന്നേറ്റു വെളിയിൽ പോയി ആ മനുഷ്യനെ പിടിച്ചു തന്റെ അരുകിലിരുത്തി. ആ മുറിയിൽ ഭക്ഷണം കഴിയ്ക്കാനിരുന്നവർ അനിഷ്ടത്തോടെ നോക്കി പിറുപിറുത്തു. പ്രായാധിക്യം കൈ വിറയ്ക്കുന്ന മനുഷ്യന്റെ മുൻപിലിരിക്കുന്ന ഭക്ഷണം ആർത്തിയോടെ ഭക്ഷിക്കുന്നതിനിടയിൽ കുറെയൊക്കെ താഴെ വീഴുകയും മുണ്ടിലും ഷർട്ടിലുമൊക്കെ ആകുകയും ചെയ്തു. യാതൊരു മുഷിച്ചിലുമില്ലാതെ യുവാവ് തന്റെ തൂവാല കൊണ്ടു തുടച്ച് പ്രായമായ മനുഷ്യനെ സ്നേഹത്തോടെ എണീപ്പിച്ച് കൈയൊക്കെ കഴുകി ബില്ലടയ്ക്കാൻ ഹോട്ടൽ മുതലാളിയുടെ അടുത്തു ചെന്നു. മുതലാളി ഈ യുവാവിനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മുതലാളി ബില്ല് യുവാവിന്റെ കൈയ്യിൽ കൊടുത്തു. ബില്ല് നോക്കി തുക എത്ര ആണെന്നറിയാൻ തുകയുടെ സ്ഥാനത്ത് "മനുഷ്യത്വത്തിന്റെ വിലയിടാൻ എനിക്കറിയില്ല" എന്നെഴുതിയിരുന്നു. എന്നിട്ടു പറഞ്ഞു എന്നും നിങ്ങൾക്ക് ഈ ഹോട്ടലിൽ എപ്പം വേണമെങ്കിലും വന്ന് ഭക്ഷണം കഴിയ്ക്കാം ഫ്രീ ആയി. വിശപ്പു അറിഞ്ഞവനുമാത്രമേ വിശക്കുന്നവന്റെ ദയനീയതയും ഭക്ഷണത്തിന്റെ രുചിയും മനസ്സിലാകയുള്ളൂ. ചോദിച്ചു വാങ്ങാൻ കഴിയാത്തവന്റെ മുൻപിൽ ഭക്ഷണം ഒരുക്കി കൊടുക്കുന്നതാണ് യഥാർത്ഥ മനുഷ്യത്വം. പണം നഷ്ടപ്പെടുന്നതിനേക്കാളും വലിയ നഷ്ടമാണ് നന്മ നഷ്ടപ്പെടുന്നത്. നമ്മുടെ സമ്പത്തുകൊണ്ടു കീർത്തി ഉണ്ടാക്കാൻ കഴിയും, പക്ഷെ സൽകീർത്തി ഉണ്ടാക്കാൻ കഴിയില്ല. ഉത്തമനായ മനുഷ്യൻ തന്റെ അവകാശം തലമുറകളിലേയ്ക്കു കൈമാറുന്നു (സുഭ.13:22) നല്ലപേരു സുഗന്ധതൈലത്തെക്കാളും ഉത്തമം (സുഭാ. 7:1). എത്ര വലിയ സുഗന്ധ തൈലം പുരട്ടിയാലും അതിന്റെ സുഗന്ധം രണ്ടുമൂന്നു ദിവസത്തേയ്ക്കു നിൽക്കുമായിരിക്കും എത്ര വില പിടിപ്പുള്ള സുഗന്ധമാണെങ്കിലും. എന്നാൽ നല്ല പേര് നില നില്ക്കുന്നതാണ്. എവിടെച്ചെന്നാലും അതിനു വിലമതിയ്ക്കാത്ത വിലയുണ്ട്. അതു തലമുറകളിലേയ്ക്ക് കൈമാറാൻ കഴിയും. ഒരു നല്ല പിതാവിന്റെയും മാതാവിന്റെയും മക്കൾക്ക് എവിടെ ചെന്നാലും ഒരു വിലയുണ്ട്. പണവും പ്രതാപവും ഒക്കെ തരുന്ന പദവിയ്ക്ക് ദൈർഘ്യമില്ല. അത് ഇല്ലാതെ ആയിക്കഴിഞ്ഞാൽ പിന്നെ ഒരു വിലയുമില്ല. അത് വിലകൂടിയ സുഗന്ധ തൈലം പുരട്ടുന്നതുപോലെയാണ്. കുറച്ചുദിവസം അതിന്റെ മണം നില്ക്കുമായിരിയ്ക്കും. മറ്റുള്ളവരുടെ ചുമലിൽ ഭാരം കൂട്ടി നേടിയെടുക്കുന്ന അംഗീകാരങ്ങൾക്കും സ്ഥാനമാനങ്ങൾക്കും കുരിശെടുത്തു അനുഗമിയ്ക്കുവാൻ ആഹ്വാനം ചെയ്തവന് അനുയോജ്യമല്ലെന്ന് ക്രൂശിതൻ ഓർമ്മപ്പെടുത്തുന്നു. മഹാമാരി ലോകം മുഴുവൻ വ്യാപിച്ചിട്ടും ആരും ഒന്നും പഠിച്ചില്ല. ഈ മഹാമാരിയും പ്രളയവും ഒക്കെ നമ്മുടെ ആത്മാവിനു രക്ഷപ്പെടുവാനുള്ള പെട്ടകമാണ്. ഒരിക്കൽ ഒരു ആശാരി വീടിന്റെ മുകളിലിരുന്നു പണിയുക ആയിരുന്നു. അയാൾക്ക് എന്തോ സാധനം താഴേന്ന് എടുപ്പിയ്ക്കണം. വിളിച്ചു നോക്കി ആരും കേൾക്കുന്നില്ല. അങ്ങോട്ടും ഇങ്ങോട്ടും ഒക്കെ ആൾക്കാരു നടക്കുന്നുണ്ട്. അയാൾ പോക്കററീന്ന് ഒരു നാണയത്തുട്ട് എടുത്തു താഴോട്ടിട്ടു. അതുവഴിപോയവൻ അതെടുത്തു പോക്കറ്റിലിട്ടുപോയതല്ലാതെ തിരിഞ്ഞു നോക്കിയില്ല. എന്തെല്ലാം നോക്കിയിട്ടും ഒക്കാഞ്ഞ് പണിതോണ്ടിരുന്ന എന്തിന്റെയോ ഒരു കഷണമെടുത്ത് പോയവരുടെ തലയിലോട്ട് ഇട്ടു. അപ്പോൾ തിരിഞ്ഞുനോക്കി, വേദനിച്ചപ്പോൾ തിരിഞ്ഞുനോക്കി. ഇതുപോലെയാണു മനുഷ്യജീവിതം. വേദനിപ്പിലല്ലാതെ തിരിഞ്ഞു നോക്കില്ല. First bell അടിച്ചു കഴിഞ്ഞു, ഇന്നു നടക്കുന്ന ഓരോ സംഭവങ്ങളും കൃപയാകുന്ന ക്ലാസു മുറിയിലേയ്ക്ക് പ്രവേശിയ്ക്കുവാൻ നമുക്കു തരുന്ന അവസരങ്ങളാണ്. Second bell അടിയ്ക്കുവാൻ ഇനിയും താമസമില്ല. "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചു കൊൾവീൻ" (മത്തായി 21:34). ഒരു അമ്മ എന്തു ജോലിയിൽ മുഴുകിയിരുന്നാലും ഉറക്കിയിട്ടിരിക്കുന്ന കുഞ്ഞു കരയുന്നുണ്ടോ എന്നു കാതോർക്കുന്നതുപോലെ പാപത്തിൽ ഉറങ്ങിക്കിടക്കുന്ന നമ്മൾ ഉണരുന്നുണ്ടോ എന്ന് കാതോർത്തു കൊണ്ടിരിയ്ക്കുന്നു. ആത്മാവിന്റെ ഉണർച്ചയ്ക്കുവേണ്ടി കാത്തിരിയ്ക്കുന്നു പിതാവ്.

**ശുഭ ചിന്തകൾ**

**സ്വപ്നങ്ങൾ തീർച്ചയായും നല്ലതാണ്. ലക്ഷ്യബോധം ഉണ്ടെങ്കിലേ ജീവിതത്തിന് അർത്ഥമുണ്ടാവു. എന്നാൽ ലഭിക്കാത്തതിനെ ഓർത്ത് ചിന്തിച്ച് വിഷമിക്കുന്നതിലല്ല, ഉള്ളതു കൊണ്ട് തൃപ്തിപ്പെടുവാൻ കൂടി നാം പഠിക്കുന്നതിലാണ് കാര്യം. അപ്പോൾ ജീവിതം നന്ദിയുള്ളതാകും. തൃപ്തിയുണ്ടാവുമ്പോൾ അവിടെ മനസ്സമാധാനവും ഉണ്ടാവും.**



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**തെറ്റുചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന കുട്ടിയോട് ചോദിക്കാവുന്ന ചില ചോദ്യങ്ങൾ**

തെറ്റുകാരെന്ന് ആരോപിക്കപ്പെടുന്ന കുട്ടിയോടുള്ള സമീപനം പക്വത നിറഞ്ഞതായിരിക്കണം. ആ കുട്ടിയുടെ സ്ഥാനത്ത് നിന്ന് ആ തെറ്റിനെ കാണണം. തെറ്റിന്റെ ആഴവും അനന്തരഫലവും കുട്ടിയുമായി ചർച്ച ചെയ്യണം. കുട്ടി കടന്നുപോയ മാനസിക സംഘർഷവും അവനുമായി പങ്കുവയ്ക്കണം. ആ കുട്ടിയോട് ചോദിക്കാവുന്ന ചില ചോദ്യങ്ങൾ തയ്യാറാക്കിയിട്ടെ കുട്ടിയെ സമീപിക്കാവൂ.

**ചോദിക്കാവുന്ന ചില ചോദ്യങ്ങൾ**

**1. ഈ തെറ്റിന്റെ അനന്തരഫലം എന്താണ്?**

കുട്ടികൾ പലരും ചെയ്യുന്ന തെറ്റുകൾ നേരത്തെ ആസൂത്രണം ചെയ്തതായിരിക്കില്ല. പെട്ടെന്നുണ്ടാകുന്ന വികാരപ്രകടനങ്ങളോ പ്രതികരണങ്ങളോ ആകാം തെറ്റിന്റെ കാരണം. അതുകൊണ്ട് അവർ ചെയ്ത തെറ്റിന്റെ അനന്തര ഫലത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കണം. ആത്മസംയമനത്തോടെ അവരെ പറഞ്ഞു മനസ്സിലാക്കണം. അതുവഴി അവർ ചെയ്ത തെറ്റിന്റെ ആഴവും അനന്തര ഫലവും അവർക്കു ബോധ്യമാകും.

പലപ്പോഴും സംഭവിക്കുന്നത് പൊട്ടിത്തെറിക്കുന്ന മാതാപിതാക്കൾ അവർക്ക് കോപശമനം ഉണ്ടാകുന്നതുവരെ കുട്ടികളെ ശിക്ഷിക്കുന്നതാണ്. അതുകൊണ്ട് യാതൊരു ഗുണവും ലഭിക്കില്ല. മറിച്ച് അവർ സ്ഥിരം കുറ്റവാളികളാകുകയെ ഉള്ളൂ.

എന്റെ പ്രൈമറിസ്കൂൾ കാലത്ത് എന്റെ സ്കൂളിൽ നടന്ന ഒരു സംഭവം ഇന്നും എന്റെ മനസ്സിനെ നോവിക്കാറുണ്ട്. മുതിർന്ന ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി അവന്റെ വീട്ടിൽ നിന്നും പണം മോഷ്ടിച്ചു. മോഷണക്കുറ്റത്തിന് അവന്റെ പിതാവ് അവനെ ശിക്ഷിക്കാൻ തെരഞ്ഞെടുത്ത വഴി വളരെ തെറ്റിപ്പോയെന്ന് പിന്നീട് ഞാൻ തിരിച്ചറിഞ്ഞു. ആത്മീയ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന പിതാവായിരുന്നു അദ്ദേഹം. നല്ല രീതിയിൽ മകനെ വളർത്തിയിട്ടും അവൻ ഒരു മോഷ്ടാവായല്ലോ എന്ന ദുഃഖത്താൽ ആ മകന്റെ ചെറിയ കുറ്റത്തിന് അപ്പൻ നൽകിയ ശിക്ഷ അതികഠിനമായിരുന്നു. സ്കൂളിലെ ഹെഡ്മാസ്റ്ററെ വിവരം അറിയിച്ചു. ഹെഡ്മാസ്റ്റർ പ്രഖ്യാപിച്ച ശിക്ഷാവിധി സ്കൂൾ അസ്സംബ്ലിയിൽ പൊതുവായി മറ്റ് കുട്ടികൾക്കുകൂടി പാഠമാകുവാൻ ശിക്ഷിക്കുക എന്നതായിരുന്നു. തുടർച്ചയായി മൂന്നു ദിവസം ഏഴാം ക്ലാസ്സിൽ പഠിക്കുന്ന ആ കുട്ടിയെ സ്കൂൾ അസംബ്ലിയിൽ വച്ച് ചൂരൽവടി കൊണ്ട് മൂന്നു പ്രാവശ്യം കൈവെള്ളയിൽ അടിക്കുന്ന ശിക്ഷയായിരുന്നു ഹെഡ്മാസ്റ്റർ വിധിച്ചത്. അടികൾ ഇന്നും എന്നെ നൊമ്പരപ്പെടുത്താറുണ്ട്.

ഒരു അടി കിട്ടുമ്പോൾ തന്നെ ഞങ്ങളൊക്കെ കരയുമായിരുന്നു. രണ്ട് അടികളാണ് സാധാരണ നൽകാറുള്ളത്. എന്നാൽ മോഷണക്കുറ്റത്തിന് മൂന്ന് അടികളാണ് നൽകിയത്. ഇന്നും ഒരു നോവായി നിൽക്കുകയാണ് ആ കാഴ്ച.

ഇത്രയും പറഞ്ഞതും അച്ചന്റെ കണ്ണുകൾ സജലങ്ങളായി. തൊണ്ടയിടറി അച്ചനു മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. ഓഡിയൻസ് നിശബ്ദമായി. എല്ലാവരും അച്ചന്റെ നൊമ്പരക്കാഴ്ചയുടെ ഭീകരത മനസ്സുകൊണ്ട് വായിച്ചതിനാൽ ശ്മശാനമൂകത ആയിരുന്നു അല്പസമയത്തേയ്ക്ക്. അച്ചൻ കർച്ചീഫ് എടുത്ത് കണ്ണുകൾ തുടച്ചു. ചുമച്ച് ശബ്ദം നേരെയാക്കി. അല്പം വെള്ളം കുടിച്ചു. ശബ്ദം ഒരുവിധം നേരെ ആയെന്ന് ബോധ്യപ്പെട്ടപ്പോൾ അച്ചൻ വീണ്ടും സംസാരിച്ചു തുടങ്ങി.

ആ കുട്ടി പിന്നീട് അറിയപ്പെടുന്ന ഒരു ക്രിമിനൽ ആയി മാറി. ഞങ്ങൾ അവനെ ഭയത്തോടെയാണ് കണ്ടിരുന്നത്. പിന്നീട് ഹൈസ്കൂളിലും കോളേജിലും പഠിക്കുമ്പോൾ അടിയും വഴക്കും ചില്ലറ മോഷണമായി ഒരു ഗുണ്ടയായി മാറി. ഇപ്പോൾ അവനെക്കുറിച്ച് യാതൊരു വിവരവുമില്ല. ഈ സംഭവത്തെ അപഗ്രഥനം ചെയ്യുമ്പോൾ മാതൃകയായ പിതാവും അദ്ധ്യാപകനും ശിക്ഷാവിധി നടപ്പിലാക്കിയപ്പോൾ അവർ സായൂജ്യമടഞ്ഞു.

എന്നാൽ ആ കുട്ടിയുടെ മാനാസികാവസ്ഥയെക്കുറിച്ച്

ആരെങ്കിലും ചിന്തിച്ചോ? അവന്റെ മനസ്സിനുണ്ടായ ആഘാതം അവന്റെ ആത്മാഭിമാനത്തിനുണ്ടായ മുറിവ് എത്ര വലിയതായിരിക്കുമെന്ന് അന്ന് ശിക്ഷിച്ചവർ അറിഞ്ഞില്ല. അതിന്റെ അനന്തരഫലമായിരുന്നു പിന്നീട് അവന്റെ ജീവിതത്തിലുണ്ടായത്. അതുകൊണ്ട് തന്നെയാണ് ആധുനിക മനഃശാസ്ത്രം കുട്ടികളെ അതിരുവിട്ട് ശിക്ഷിക്കുന്നതിന്റെ ദോഷത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നത്.

എന്നാൽ ആ മോഷണത്തിന്റെ അനന്തരഫലത്തെക്കുറിച്ച് ആ കുട്ടിയെ ബോധ്യപ്പെടുത്തിയിരുന്നെങ്കിൽ ഒരിക്കലും അവൻ പിന്നീട് ഒരു ക്രിമിനൽ ആകില്ലായിരുന്നു. തെറ്റു ചെയ്യുന്ന കുട്ടികൾ കേവലം താൽക്കാലിക നേട്ടം മാത്രമാണ് പരിഗണിക്കുന്നത്. എന്നാൽ ഒരിക്കലുണ്ടായ തെറ്റിന്റെ ദോഷഫലത്തെക്കുറിച്ച് ബോധ്യമായാൽ പിന്നീട് ഒരിക്കലും ആ തെറ്റ് ആവർത്തിക്കില്ല.

നിജോ ഒരു നല്ല ഫുട്ബോൾ കളിക്കാരനാണ്. ഒരിക്കൽ സ്കൂളിലെ ഫുട്ബോൾ മത്സരത്തിൽ എതിർ ടീം ഗോളടിക്കാനുള്ള സാഹചര്യത്തിൽ തടയിട്ടത് അവന്റെ പിന്നിലൂടെ ചെന്ന് പന്തുമായി ഓടുന്ന കുട്ടിയുടെ കാലിന് തട്ടിക്കൊണ്ടാണ്. കുട്ടികളുടെ ഭാഷയിൽ പറഞ്ഞാൽ കാലിന് വെട്ടുക. തട്ട് കിട്ടിയ കുട്ടി പന്തിന്റെ മുകളിലേയ്ക്ക് അടിച്ചുവീണ് പരുക്കേറ്റു. റഫറി ഡ്രിൽ സാറായിരുന്നു. ഉടനെതന്നെ സാർ നിജോയെ പുറത്താക്കി.

കളികഴിഞ്ഞ് കോർട്ടിന് വെളിയിൽ വിഷമിച്ചിരിക്കുന്ന നിജോയെ ഡ്രിൽസാർ സ്റ്റാഫ് റൂമിലേയ്ക്ക് വിളിച്ചുകൊണ്ടുപോയി. നിരാശനായിരുന്ന നിജോ വൈമനസ്യത്തോടെയാണെങ്കിലും സാറിനൊപ്പം ചെന്നു കൂട്ടുകാരനെ അറ്റായ്ക്ക് ചെയ്തതിൽ കുറ്റബോധമില്ല; പകരം കളിക്കാൻ കഴിയാഞ്ഞതിന്റെ നിരാശയാണ് നിജോയ്ക്ക് ഉണ്ടായിരുന്നത്.

"നിജോ, നീ പരുക്കേൽപ്പിച്ച കുട്ടിക്ക് എന്താണ് സംഭവിച്ചതെന്നറിയാമോ? ഇതിലും വലിയ പരുക്ക് മുഖമടച്ച് വീണപ്പോൾ പറ്റിയിരുന്നെങ്കിൽ എന്നു നീ ചിന്തിച്ചിട്ടുണ്ടോ?

സാർ ചോദിച്ചപ്പോഴാണ് തന്റെ തെറ്റിന്റെ ഗൗരവം നിജോയ്ക്ക് മനസ്സിലായത്. അവൻ കുറ്റബോധത്തോടെ സാറിനെ നോക്കി. തന്റെ കൂട്ടുകാരന് സംഭവിക്കാമായിരുന്ന വലിയ അപകടത്തെക്കുറിച്ച് അവൻ ഭയത്തോടെയാണ് ഓർത്തത്. പശ്ചാത്താപത്തോടെ നിജോ പറഞ്ഞു

"സോറി സാർ"

"നിജോ ചെയ്ത തെറ്റിന്റെ ആഴം മനസ്സിലായോ? ഒരു നല്ല കളിക്കാരൻ ഒരിക്കലും മനഃപൂർവ്വം ഫൗൾ ചെയ്യില്ല. നിജോയിൽ ഒരു നല്ല ഫുഡ്ബോളർ ഉണ്ട്. ഒരു പക്ഷെ അന്താരാഷ്ട്ര കളിക്കാരൻവരെ ആയേക്കാം. തെറ്റായ വഴിയിലൂടെ അല്ല യാത്ര ചെയ്യേണ്ടത്. നല്ല Sportsman spiritൽ എല്ലാം കാണണം".

സാർ പറഞ്ഞു.

പശ്ചാത്താപത്തോടെ താൻ പരുക്കേൽപ്പിച്ച കൂട്ടുകാരനെ സമീപിച്ച് നിജോ മാപ്പ് പറഞ്ഞു.

ഇപ്രകാരം തെറ്റിന്റെ ആഴവും അനന്തരഫലവും ബോധ്യമാക്കിക്കൊടുക്കണം. ബോധ്യമായാൽ പിന്നീട് ആ തെറ്റ് ആവർത്തിക്കാനാവില്ല. (തുടരും)

## കുടുംബ സംഗമവും, ആദരിക്കലും യാത്രയയപ്പു സമ്മേളനവും



കുടുംബ സംഗമവും, ആദരിക്കലും, യാത്രയയപ്പു സമ്മേളനവും മന്ദമരുതി സെന്റ് തോമസ് ക്നാനായ കുരിശുപള്ളിയിൽ നടത്തപ്പെട്ടു. ദൈവസന്നിധിയിൽ സമർപ്പണബോധമുള്ളവരായി പിൻതലമുറയെ വളർത്തിയെടുക്കാൻ, മാതാപിതാക്കൾ സമൂഹത്തിന് വെളിച്ചം പകരണമെന്ന് ക്നാനായ സമുദായ മുൻ അഡ്മിനിസ്ട്രേറ്റർ വന്ദ്യ എ. പി. ജോസഫ് കോറെപ്പിസ്ക്കോപ്പാ ആഞ്ഞിലിമൂട്ടിൽ ആഹ്വാനം ചെയ്തു. കുടുംബവും സമൂഹവും എന്ന വിഷയം ആസ്പദമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. റവ. ഫാ. സന്തോഷ് തിരുനിലത്ത് അദ്ധ്യക്ഷത വഹിച്ചു. മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ ഭരണസമിതി അംഗം ശ്രീ. ആലിച്ചൻ ആറൊന്നിൽ, മികച്ച കർഷക രശ്മി സൈലസ്, ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് പോകുന്ന ദൈവാലയത്തിലെ ഗായകശുശ്രൂഷക മേഘ ജോസഫ് എന്നിവരെ യോഗത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു. ആലിച്ചൻ ആറൊന്നിൽ, പ്രസാദ് പീടികയിൽ, എബി പുത്തൂർ, മേഘ ജോസഫ്, രശ്മി സൈലസ്, കുരുവിള സ്ക്കറിയ എന്നിവർ പ്രസംഗിച്ചു.




റവ. ഡീ. രൂബൽ ഏബ്രഹാം ഇടയാടിച്ചിറ,
മാമ്പുഴക്കരി

## സ്ലീബായ്ക്കു ശേഷം 1 –ാം ഞായർ 18 – 09 – 2022

സ്ലീബാപ്പെരുന്നാളിനു ശേഷമുള്ളതായ ഒന്നാമത്തെ ഞായറാഴ്ച ആയ ഇന്ന് വി. പിതാക്കന്മാർ നമുക്ക് ക്രമീകരിച്ച് തന്നിരിക്കുന്നതായ വേദഭാഗം വി. മർക്കോസ് 13:30–31 വരെയുള്ള തിരുവചനം ആണ്. വി. മത്തായിയുടെ സുവിശേഷം 24–ാം അദ്ധ്യായത്തിലും വി. ലൂക്കോസിന്റെ സുവിശേഷം 21–ാം അദ്ധ്യായത്തിലും സമാനമായ ഈ വേദഭാഗം നമുക്ക് കാണുവാൻ സാധിക്കും.

ഈ വേദഭാഗത്തിന്റെ ആരംഭം മുതൽ നാം പരിശോധിക്കുമ്പോൾ നമുക്ക് അവിടെ കാണുവാൻ സാധിക്കുന്നത്. ഇവ എപ്പോൾ സംഭവിക്കും എന്ന് ശിഷ്യന്മാരുടെ ചോദ്യത്തിന് മറുപടിയായി ആണ് കർത്താവ് ഇത് പറയുന്നത് യരുശലേമിന് വരുവാനുള്ള നാശത്തെക്കുറിച്ചും, പീഡകളെക്കുറിച്ചും അവസാന നാളുകളിലെ സംഭവങ്ങളെക്കുറിച്ചും രണ്ടാമത്തെ വരവിനെക്കുറിച്ചും ശ്രദ്ധയോടെ നാം ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും എല്ലാം വളരെ വ്യക്തമായി അവിടെ വ്യക്തമായി കർത്താവ് പറയുന്നു. പഴയനിയമ പുസ്തകങ്ങൾ ആയ യോവേൽ പ്രവാചകന്റെ പുസ്തകം 2:3–ാം വാകൃത്തിലും യെശയ്യാ പ്രവാചകൻ പുസ്തകം 13–ാം അദ്ധ്യായത്തിലും ഇവയെല്ലാം നമുക്ക് കാണുവാൻ സാധിക്കും.

ഒറ്റവാക്കിൽ പറയുകയാണെങ്കിൽ കർത്താവിന്റെ 2–ാം വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ. തന്റെ ദാസന്മാർക്ക് അധികാരവും ഓരോരുവനും അവന്റെ ജോലിയും കൊടുത്തിട്ട് തന്റെ ഭവനത്തിൽനിന്നും ദൂരെ യാത്ര പോയ ഒരു മനുഷ്യനെപ്പോലെ യേശു തന്റെ രണ്ടാം വരവ് ഉപമിച്ചിരിക്കുന്നു. ഈ ഉപമയിൽ കാണുന്ന സുപ്രധാനമായ ഒരു വാക്യം ആണ്. ദീർഘയാത്രപോയ യജമാനൻ വാതിൽ കാവൽക്കാരനോട് ഉണർന്നിരുന്നു കൊള്ളണം എന്നു കൽപ്പിച്ചിരുന്നു. ആകയാൽ നിങ്ങൾ ഉണർവ്വുള്ളവരായിരിപ്പിൻ.

പ്രിയമുള്ളവരേ നാം നമ്മുടെ ജീവിതവുമായി ഇതിനെ ബന്ധപ്പെടുത്തുമ്പോൾ ഉണർവുള്ളവരായിട്ടും നാം പലപ്പോഴും ഉറക്കം നടിക്കുന്നവരായി തീരുന്ന ഒരു അവസ്ഥ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. പലപ്പോഴും നാം നമ്മുടെ ഭൗമിക ജീവിതത്തിൽ ഉണർന്നിരിക്കുന്നവരായി നടിക്കാറുണ്ടെങ്കിലും നമ്മുടെ ആത്മീയ ജീവിതം പരിശോധിക്കുമ്പോൾ അവിടെ നാം ഉറക്കം നടിക്കുന്നവരായി തീരാറുണ്ട്.

കർത്താവിന്റെ രണ്ടാം വരവിങ്കൽ നാം ഉണർവുള്ളവരായിരിക്കണം. നാളെ ഒരു ദിവസം നമുക്ക് ഉണ്ടോ ഇല്ലയോ എന്ന് നമുക്ക് അറിയില്ല. അങ്ങനെ ഏത് ദിവസംവരെ ലോകം ഉണ്ടായിരിക്കും എന്ന ഒരു തിരിച്ചറിവ് മനുഷ്യന് ഉണ്ടായിരുന്നു എങ്കിൽ ഇന്ന് ഈ ലോകം നിലനിൽക്കുകയില്ല. ഇത് മൂലം ആണ് കർത്താവ് പറയുന്നത് തന്റെ 2–ാം വരവ് പിതാവല്ലാതെ മറ്റ് ആരും അറിയുന്നില്ല. എന്ന് നാം നമ്മുടെ ജീവിതം വിലയിരുത്തുമ്പോൾ ഈ 2–ാം വരവിനെക്കുറിച്ചുള്ള പ്രത്യാശയിൽ ആണോ നാം ജീവിക്കുന്നത് അതോ എനിക്കും എന്റെ കുടുംബത്തിനും സന്തോഷിക്കുവാൻ നാം സമ്പാദിച്ച കൂട്ടുകയാണോ ചെയ്യുന്നത് എന്ന് ഓർക്കണം. പ്രിയമുള്ളവരേ യേശു നമ്മോട് ചോദിക്കുന്നതായ ഒരു ചോദ്യം ഉണ്ട് മൂഢാ, നിന്റെ ആത്മാവിനെ ഇന്ന് ഞാൻ തിരിച്ചെടുത്താൽ നീ ഈ സമ്പാദിച്ചു കൂട്ടുന്ന സമ്പാദ്യം ആർക്ക്.

ഈ ലോകം നമുക്ക് നൽകുന്ന നശ്വരമായ സമ്പാദ്യം അല്ല. മറിച്ച് അനശ്വരമായ ദൈവത്തിന്റെ കൃപയാണ് നാം നേടേണ്ടത് അതിനായിരിക്കണം നമ്മുടെ ജീവിതത്തിൽ പ്രാധാന്യം.

പ്രിയമുള്ളവരേ നാം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തണം. സദാ ജാഗരൂകരായിരിക്കണം കർത്താവ് തന്റെ 2–ാം വരവിങ്കൽ അവനോട് ചേർന്നിരിക്കുവാൻ നമുക്ക് അനുഗ്രഹം ലഭിക്കണം എങ്കിൽ അവൻ വരുമ്പോൾ നാം ഉണർന്നിരിക്കുന്നവർ ആയിരിക്കണം. വി. മത്തായിയുടെ സുവിശേഷം 2:1–13 വരെയുള്ള തിരുവചനത്തിൽ കന്യകമാരുടെ ഉപമ നാം കാണിക്കുന്നു അവിടെ ആ ബുദ്ധിയുള്ള കന്യകമാരെപ്പോലെ കർത്താവ് തന്റെ 2–ാം വരവിങ്കൽ അവനോടൊപ്പം സ്വർഗ്ഗരാജ്യം പ്രാപിപ്പാൻ നാം ഉണർവുള്ളവരായിരിക്കണം.

## സ്ലീബായ്ക്കു ശേഷം 2 –ാം ഞായർ (വി. മത്തായി 16:5 – 12) 25 – 09 – 2022

സ്ലീബായ്ക്കു ശേഷം ഉള്ളതായ 2–ാം ഞായറാഴ്ചയായ ഇന്ന് സഭ ക്രമികരിച്ചിരിക്കുന്ന വി. ഏവൻഗേലിയോൻ മത്തായിയുടെ സുവിശേഷം 16:5–12 വരെയുള്ള തിരുവചനങ്ങൾ ആണ്. മർക്കോസിന്റെ സുവിശേഷം 8:14–21 വരെയുള്ള തിരുവചനത്തിലും ഈ വേദഭാഗം നമുക്ക് കാണുവാൻ സാധിക്കും.

ഇവിടെ നമുക്ക് കാണുവാൻ സാധിക്കുന്നത് യേശു തന്റെ രക്ഷാകരപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കവേ ഏറ്റവും പ്രധാനമായ അത്ഭുതങ്ങളിൽ ഒന്നായ ഏഴ് അപ്പം കൊണ്ട് സ്ത്രീകളും കുട്ടികളും കൂടാതെ നാലായിരം പേരെ തീറ്റി തൃപ്തിപ്പെടുത്തിയ അത്ഭുതം നടത്തിയതിനുശേഷം പടകുകയറി മാഗോദയുടെ അതിർത്തിയിൽ വന്നു.

അവിടെ വന്നപ്പോൾ പരീശന്മാരും സാദൂക്യരും തന്നെ പരീക്ഷിച്ചതായും യേശു അവരോട് തക്ക ഉത്തരം നൽകി അവിടെനിന്ന് പടക് കയറി അക്കരെ പോകുന്നതായും കാണാം. അക്കരെ എത്തിയപ്പോൾ യേശു ശിഷ്യന്മാരോട് പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ച മാവിനെ സൂക്ഷിച്ചുകൊള്ളണം എന്ന് പറഞ്ഞു. ശിഷ്യന്മാർ തങ്ങൾ അപ്പം എടുക്കാൻ മറന്നതിലാണ് യേശു ഇത് പറഞ്ഞതെന്ന് മനസ്സിൽ വിചാരിക്കുമ്പോൾ യേശു അത് അറിഞ്ഞ് അവരോട് അല്പ വിശ്വാസികളെ എന്ന് വിളിച്ചുകൊണ്ട് അവരെ തിരുത്തുന്നതായും നമുക്ക് കാണാം.

പ്രിയമുള്ളവരേ, നാം സാദൂക്യർ അല്ലെങ്കിൽ പരീശന്മാർ എന്ന് അനവധി പ്രാവശ്യം പഴയനിയമ പുസ്തകം വായി

ക്കുമ്പോൾ കേട്ടിട്ടുണ്ടെങ്കിലും അവരെക്കുറിച്ച് ഒരു പൂർണ്ണ ബോധ്യം ഒരു പക്ഷെ നമുക്ക് ഉണ്ടാകണമെന്നില്ല.

സാദൂക്യർ എന്ന് പറയുന്ന ആളുകൾ യഹൂദ ജാതിയിൽ തന്നെയുള്ള ഉന്നത പുരോഹിത വർഗ്ഗം ആയിരുന്നു. ആയതുകൊണ്ടുതന്നെ സമൂഹത്തിന് അവർക്ക് വലിയ സ്ഥാനം ആണ് ഉണ്ടായിരുന്നത്. സാദോക്ക് എന്ന വാക്കിന് നിന്നാണ് സാദൂക്യർ എന്ന പേര് ഉത്ഭവിച്ചത്. മത തീക്ഷ്ണത പ്രദർശിപ്പിക്കാത്ത ഇവർ ഗ്രാമീണവാസികൾ ആയിരുന്നു. സമൂഹത്തെ പഠിപ്പിക്കുന്നവർ ആയിരുന്നു സാദൂക്യർ. ലിഖിത പ്രമാണമായ മോശയുടെ അഞ്ച് പുസ്തകങ്ങൾ ഇവർ സ്വീകരിച്ചിരുന്നു.

പരീശന്മാരെ സംബന്ധിച്ച് പറയുമ്പോൾ ഗ്രീക്ക് വാക്കായ പരിസിയോസ് എന്ന പദത്തിൽ നിന്ന് ആണ് പരീശന്മാർ കടന്നു വരുന്നത്. ഇവരുടെ ഏറ്റവും വലിയ സവിശേഷത ഇവർ ന്യായപ്രമാണങ്ങൾ വ്യാഖ്യാനിക്കുന്നവർ ആയിരുന്നു. പട്ടണവാസികൾ ആയിരുന്ന ഇവർ മത തീക്ഷ്ണത ഉള്ള വർ ആയിരുന്നു. സ്വതന്ത്രവാദികൾ ആയിരുന്ന ഇവർ സുന്ന ഗോഗുകളെയും ആരാധനകളെയും പ്രോത്സാഹിപ്പിച്ചിരുന്നു.

യേശു ഇവിടെ പറയുന്നതായി കാണാം. നിങ്ങൾ സാദൂ ക്യരുടെ പരീശന്മാരുടെയും പുളിച്ച മാവിൽനിന്ന് മാറി നിൽക്കുക എന്ന് ഇവിടെ കർത്താവ് മാവിനെപ്പറ്റിയും മറിച്ച് സാദൂക്യരെയും പരീശന്മാരെയും കുറിച്ചാണ് പറയുന്നത് കാരണം അവർ സമൂഹത്തിൽ ഉന്നത സ്ഥാനമുണ്ടായിരു ന്നവർ ആണ്. സമൂഹത്തെ പഠിപ്പിക്കുന്ന അവർ പക്ഷേ തങ്ങളുടെ ജീവിതത്തിൽ യാതൊരു നീതിയും പുലർത്തി യിരുന്നില്ല. പുളിച്ച മാവിനെ സംബന്ധിച്ചിടത്തോളം പറയു കയാണെങ്കിൽ അത് ബാക്കി മാവിനെയും പുളിപ്പിക്കുന്നു. യേശു പരീശന്മാരുടെ പുളിച്ച മാവിനെ ഉദ്ദേശിക്കുന്നത് അവ രുടെ ആത്മവിശ്വാസവും അവരുടെ തെറ്റായ ജീവിത രീതിയും ആണ്. അവർ പുറമെ ദൈവത്തിന്റെ മക്കൾ ആണ് എന്ന് സ്വയം വിശേഷിപ്പിക്കുകയും എന്നാൽ അതേ സമയം അകമേ ഈ ലോകത്തെ സ്നേഹിക്കുകയും അതിൽ ബന്ധ പ്പെട്ട് ദൈവത്തെ മറന്ന് അസത്യത്തെ പ്രചരിപ്പിക്കുന്നു. അവർ അവരുടെ നിലനിൽപ്പ് മാത്രമാണ് ലക്ഷ്യമിടുന്നത്. എന്നാൽ ഈ വലിയ സത്യം യേശു തിരിച്ചറിഞ്ഞ് നേർ വഴിയിലേക്ക് അവരെ നയിക്കാൻ തന്റെ ശിഷ്യന്മാരിലൂടെ ശ്രമിക്കുന്നു.

ഇന്ന് ലോകത്ത് ഭീകരമായ ഒരു അസുഖം ആണ് ക്യാൻസർ എന്ന് പറയുന്നത്. ക്യാൻസറിന്റെ ഏറ്റവും വലിയ പ്രത്യേകത എന്ന് പറയുന്നത് ശരീരത്തിന്റെ ഒരു ഭാഗത്ത് ആണ് ആദ്യം അത് ഉണ്ടാകുന്നത് പിന്നീട് അവ പലഭാഗ ത്തേക്ക് പടരുന്നു. അവസാനം അതിവേദന സഹിച്ച് നാം മരണത്തിന് കീഴ്പ്പെടേണ്ടി വരുന്നു. പക്ഷേ ആദ്യമെ തന്നെ ക്യാൻസർ ബാധിച്ച ഭാഗം നാം ശരീരത്തിൽനിന്ന് നീക്കുക യാണെങ്കിൽ ഒരു പക്ഷേ നാം രക്ഷപ്പെടും. പ്രിയമുള്ളവരെ ഇതുപോലെയാണ് നമ്മുടെ ജീവിതവും, ക്യാൻസർ പോലെ അല്ലെങ്കിൽ പുളിച്ച മാവുപോലെ. ഒരു പക്ഷേ ഒരു വ്യക്തി യാകാം. നമ്മുടെ ജീവിതത്തെ മാറ്റുന്നത്. അത് നമ്മുടെ സുഹൃത്തുക്കൾ ആകാം, ബന്ധുക്കൾ ആകാം, ആരുമായി ക്കൊള്ളട്ടെ ആദ്യമേതന്നെ അതിനെ അകറ്റി മാറി നിൽക്കു കയാണെങ്കിൽ ഒരു പക്ഷേ നാം വിജയം നേടിയേക്കാം.

ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ദൈവത്തോട് ചേർന്ന് അവന്റെ ഒപ്പം പ്രവർത്തിച്ച് ജീവിക്കുവാൻ നമുക്ക് ഇടയാകണം അനേകർ വന്ന് സാദൂക്യരുടെയും പരീശന്മാ രുടെയും രൂപത്തിൽ നമ്മെ വഴിതെറ്റിച്ചേക്കാം. അവിടെ നമുക്ക് നമ്മുടെ വിശ്വാസം മുറുകെപ്പിടിച്ച് ക്രിസ്തുവിനു വേണ്ടി നാം ജീവിക്കണം നാം മറന്നാലും നമ്മെ മറക്കാത്ത വൻ നാം അറിയാതെ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന ഒരു ക്രിസ്തു ആണ് നമുക്ക് ഉള്ളത്. ഈ ലോകത്തിന്റെ അല്ലെങ്കിൽ ഭൗമിക അപ്പത്തിനായി അല്ല സ്വർഗ്ഗീയ അല്ലെ ങ്കിൽ ആത്മീയ അപ്പത്തിനുവേണ്ടി ജീവിക്കുവാൻ നമുക്ക് സാധിക്കണം.

## സ്ലീബായ്ക്കു ശേഷം 3-ാം ഞായർ
## മത്താ. 12:1-8 (9-10-2022)

ഇന്ന് പരി. പിതാക്കന്മാർ നമുക്കായി ക്രമീകരിച്ച് തന്നി രിക്കുന്ന വേദഭാഗം വി. മർക്കോസിന്റെ സുവിശേഷം 2:23 -28 വരെയുള്ള വേദഭാഗങ്ങളാണ്. വി. മത്തായിയുടെ സുവി ശേഷം 12:1-8, വി. ലൂക്കോസ് 6:1-5 വരെയുള്ള ഭാഗങ്ങളിലും ഈ വേദഭാഗം നമുക്ക് ദർശിക്കുവാൻ സാധിക്കും.

വേദഭാഗം വായിക്കുമ്പോൾ നമുക്ക് കാണുവാൻ സാധി ക്കും. ഒരു ശാബതിൽ യേശു വിളഭൂമിയിലൂടെ പോകു മ്പോൾ തന്റെ ശിഷ്യന്മാർ നടന്നുപോകവേ, കതിരുകൾ പറി ച്ചെടുത്തു കൈയ്യിൽ ഇട്ടു തിരുമ്മി. പരീശന്മാർ ഇത് കണ്ടിട്ട് ശാബതിൽ വിഹിതമല്ലാത്തത് ഇവർ ചെയ്യുന്നതെന്ത്? എന്ന് ചോദിച്ചു. അതിനു തക്കതായ മറുപടി നൽകി അവരോട് ഇപ്രകാരം പറയുകയാണ് "ശാബത് മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. മനുഷ്യൻ ശാബതിനുവേണ്ടിയല്ല ആകയാൽ മനുഷ്യ പുത്രൻ ശാബതിന്റെയും ഉടയവനാ കുന്നു.

തിരിച്ച് വേദഭാഗത്തിലേക്ക് കടന്ന് വരുമ്പോൾ അവിടെ നമുക്ക് കാണുവാൻ സാധിക്കുന്നത് പരീശന്മാർ ശാബതിനെ ദുർവ്യാഖ്യാനിക്കുകയാണ്. അവർ തങ്ങളുടെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സമൂഹത്തിലേക്ക് അടിച്ചേൽപ്പിക്കു ന്നു. നമുക്ക് അറിയാം യഹൂദ സമൂഹത്തിൽ അവരുടെ വേദ പ്രമാണം അനുസരിച്ച് പല നിയമങ്ങളും നിലനിന്നിരുന്നു. അത്തരത്തിൽ വളരെയധികം നിയമങ്ങൾ ശാബതിൽ പാലി ക്കേണ്ടതായിട്ടുണ്ട്. വളരെ കഠിനമായി ആണ് അവർ ശാബത് ആചരിക്കുന്നത്. ഉദാഹരണമായി പറയുകയാണെ ങ്കിൽ ശാബതിൽ ഒരു ജോലിയും ചെയ്യുവാൻ സാധിക്കുക യില്ല. ഭക്ഷണം പാകം ചെയ്യുവാൻ പോലും സാധിക്കുകയി ല്ല. ഇത്രമേൽ കഠിനം ആയിരുന്നു ശാബത് ആചരണം.

എന്നാൽ കർത്താവ് ഇവിടെ അതിനെ തിരുത്തുകയാ ണ്. കർത്താവു പറയുന്നു ശാബത് മനുഷ്യനുവേണ്ടിയാണ് അല്ലാതെ മനുഷ്യൻ ശാബതിനുവേണ്ടിയല്ല എന്ന്.

1 ശമുവേൽ 21:3 മുതലുള്ള വാക്യങ്ങൾ വായിക്കുമ്പോൾ അവിടെ നമുക്ക് കാണുവാൻ സാധിക്കും. ദാവീദ് തനിക്ക് വിശന്നപ്പോൾ പുരോഹിതൻ മാത്രം ഭക്ഷിക്കുന്ന വിശുദ്ധ അപ്പം ഭക്ഷിക്കുകയാണ്. ഇതിൽനിന്ന് വളരെ വ്യക്തമാണ് ശാബത് മനുഷ്യന് വേണ്ടിയാണ് മനുഷ്യൻ ശാബതിനു വേണ്ടി അല്ല എന്നുള്ളത്. പരീശന്മാർ ശാബത് ഒരു നിയമം ആയിട്ടാണ് ക്രമീകരിക്കുന്നത് എങ്കിൽ ഉല്പത്തി പുസ്തകം നാം പഠിക്കുമ്പോൾ, ദൈവം 6 ദിവസംകൊണ്ട് സൃഷ്ടി പൂർത്തിയാക്കി 7-ാം ദിവസത്തെ ശുദ്ധീകരിക്കുന്നതായിട്ട് നമുക്ക് കാണുവാൻ സാധിക്കും.

ദൈവം മനുഷ്യൻ തന്നോട് ചേർന്നിരിക്കുവാനാണ് ആഗ്ര ഹിക്കുന്നത്. മറിച്ച് ശാബതിന്റെ തെറ്റായ രീതിയെ പിൻതു ടരുവാൻ വേണ്ടിയല്ല, ഞാൻ പറഞ്ഞു വരുന്നത് പള്ളിയിൽ പോകരുത്, വി. ബലിയിൽ സംബന്ധിക്കരുത് എന്നല്ല മറിച്ച് തെറ്റായ ശാബതിന്റെ രീതിയെ അല്ലങ്കിൽ ആചാരങ്ങളെ നമ്മുടെ ഇടയിൽനിന്ന് നീക്കിക്കളയണം എന്നതാണ്. ഇന്ന് നാം എന്താണ് ചെയ്യുന്നത് ഒരു ചടങ്ങിനായി മാത്രം പള്ളി യിലേക്ക് കടന്ന് ചെല്ലും. ഞായറാഴ്ചയാണ് നമ്മെ സംബ ന്ധിച്ച് മറ്റ് പല കാര്യങ്ങൾ ചെയ്യുവാനുള്ള ദിവസമാണ്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോട് ചേർന്ന് ഇരിക്കുവാനാണ്.

ഏഴ് സ്വർണ്ണ നാണയത്തിന്റെ കഥ ഇപ്രകാരമാണ്. ഒരു ധനികനായ വ്യക്തി ദൂരയാത്ര നടത്തുകയാണ്. യാത്രാ

മധ്യേ അവൻ ഒരു ഭിക്ഷക്കാരനെ കാണുവാൻ ഇടയാകുന്നു. ഭിക്ഷക്കാരനെ കണ്ട് അവനിൽ മനസ്സലിവ് തോന്നിയ അദ്ദേഹം തന്റെ പക്കൽ ഉണ്ടായിരുന്ന 7 സ്വർണ്ണ നാണയത്തിൽനിന്നും 2 എണ്ണം അവന് നൽകുകയാണ്. വീണ്ടും അത് പോരാ എന്ന് മനസ്സിലാക്കിയ അദ്ദേഹം 2 നാണയം കൂടി അവന് നൽകുന്നു. അതിനു ശേഷം ഭക്ഷണശാലയിൽ അദ്ദേഹം കയറിയപ്പോൾ 2 നാണയംകൂടി ഭിക്ഷക്കാരന് നൽകി. എന്നാൽ അവസാനം നമുക്ക് കാണുവാൻ സാധിക്കുന്നത് തന്റെ പക്കൽ ഉണ്ടായിരുന്ന അവസാന നാണയം ആ ഭിക്ഷക്കാരൻ ധനവാനെ കത്തികാട്ടി ഭീഷണിപ്പെടുത്തി അപഹരിക്കുകയാണ്. ഇതുപോലെയാണ് നാമും നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് കണ്ണോടിക്കുമ്പോൾ 6 ദിവസം ദൈവം നമുക്കായി തന്നു. എന്നാൽ 7-ാം ദിവസം ദൈവം ആഗ്രഹിക്കുന്നത് നാം അവനോട് ചേർന്നിരിക്കുവാനാണ്. ഇന്ന് നാം എന്താണ് ചെയ്യുന്നത് മുമ്പ് കണ്ട ആ ഭിക്ഷക്കാരെല്ലാം 7-ാം ദിവസം ദൈവത്തിൽനിന്ന് അപഹരിക്കുകയാണ്.

പരീശന്മാർ ചെയ്തതുപോലെ പലരും നമ്മെ തെറ്റായ രീതികൾ പഠിപ്പിക്കാൻ നോക്കും. എന്നാൽ അതിൽ ഒന്നും വീഴാതെ ആ 7-ാം ദിവസം ദൈവത്തോട് ചേർന്നിരിപ്പാൻ സാധിക്കട്ടെ.

## സ്ലീബായ്ക്കു ശേഷം 4-ാം ഞായർ (വി. ലൂക്കോസ് 16:13-18) 9-10-2022

പരി. സഭയുടെ ക്രമീകരണമനുസരിച്ച് സ്ലീബായ്ക്ക് ശേഷമുള്ളതായ 4-ാം ഞായറാഴ്ചയായ ഇന്ന് പരി. പിതാക്കന്മാർ നമുക്കായി ക്രമീകരിച്ച് തന്നിരിക്കുന്ന വേദഭാഗം വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 16:13-18 വരെയുള്ള തിരുവചനങ്ങൾ ആണ്.

ഈ വേദഭാഗത്തിൽ കർത്താവ് പറയുകയാണ് രണ്ട് യജമാനനെ സേവിപ്പാൻ കഴിയുന്ന ഒരു ദാസനുമില്ല. എന്തെന്നാൽ അവൻ ഒന്നുകിൽ ഒരുവനെ സ്നേഹിക്കും മറ്റവനെ ദ്വേഷിക്കും. നിങ്ങൾക്ക് ദ്രവ്യത്തെയും ദൈവത്തെയും ഒപ്പം സേവിക്കാൻ സാധ്യമല്ല. കർത്താവ് ഇവിടെ പരീശന്മാർക്ക് നൽകുന്ന ഒരു താക്കീത് ആണ് ഇത്. കഴിഞ്ഞ ആഴ്ചകളിലെ ഏവൻഗേലിയോനിൽ എല്ലാം തന്നെ ഇപ്രകാരം കർത്താവ് തെറ്റായ പരീശന്മാരുടെ രീതിയെ വളരെ വിമർശിക്കുന്നതായി കാണുവാൻ സാധിക്കും. അതുപോലെ തന്നെയുള്ള ഒരു വിമർശനമാണ് ഇത് "നിങ്ങൾക്ക് ദ്രവ്യത്തെയും ദൈവത്തെയും ഒപ്പം സേവിക്കാൻ സാധ്യമല്ല."

കർത്താവിന് വളരെ വ്യക്തമായി പരീശന്മാരുടെ രീതിയെപ്പറ്റി അറിയാമായിരുന്നു. അവർ ദൈവത്തിനു ഉപരിയായി ദ്രവ്യത്തെ സ്നേഹിച്ചിരുന്നു.

ഇന്ന് നാം നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് നോക്കുമ്പോൾ പലപ്പോഴും നാമും പ്രസ്തുത പരീശന്മാരെപ്പോലെ ദൈവത്തെ വിട്ട് ദ്രവ്യത്തിനായി അല്ലെങ്കിൽ സമ്പത്തിനായി ഓടുകയാണ്.

നാം ധനവാന്റെയും ലാസറിന്റെയും ജീവിതം പഠിക്കുമ്പോൾ, ധനവാൻ തന്റെ ജീവിതത്തിൽ ധാരാളം സമ്പത്ത് വാരിക്കൂട്ടി എന്നാൽ ലാസറാകട്ടെ പരമ ദരിദ്രനായി ജീവിച്ചു. ദൈവ സന്നിധിയിലേക്ക് അവർ എത്തപ്പെട്ടപ്പോൾ ധനവാൻ നരകത്തിലേക്കും ലാസർ സ്വർഗ്ഗത്തിലേക്കും ചേർക്കപ്പെട്ടു. സുറിയാനി സഭയുടെ വിശ്വാസം അനുസരിച്ച് ഈ ലോകത്തിൽ നാം ജീവിക്കുന്നത് കേവലം കുറച്ച് നാളുകൾ മാത്രമാണ്. എന്നാൽ ഭൗതികമായ ഈ ലോകത്തിൽ നിന്ന് നാം ഒറ്റപ്പെട്ട് കഴിയുമ്പോൾ നമുക്കായി ദൈവം പറുദീസായിൽ നിത്യജീവൻ കരുതിയിട്ടുണ്ട് അത് നാം തിരിച്ചറിയണം. ആയതിനാൽ ഈ ലോകമാകുന്ന ഭൗതിക ജീവിതത്തിൽ നാം ദ്രവ്യത്തിനായി അല്ല മറിച്ച് ദൈവത്തിനായി ജീവിക്കണം. നിങ്ങൾ സമ്പാദിക്കരുത്, നല്ല രീതിയിൽ ജീവിക്കരുത് എന്നൊന്നും അല്ല പറയുന്നത് മറിച്ച് ദൈവത്തെ മറന്നൊരു സമ്പാദ്യമോ, ജീവിതമോ നാം തിരഞ്ഞെടുക്കരുത് എന്നാണ്.

2 രാജാക്കന്മാർ 5-ാം അദ്ധ്യായം വായിക്കുമ്പോൾ അവിടെ ഗേഹാസിയെപ്പറ്റി കാണുവാൻ സാധിക്കും. യിസ്രായേല്യ പ്രവാചകനായ എലീശയുടെ ഭൃത്യനായിരുന്നു ഗേഹാസി. നയമാൻ എന്ന ആരാം രാജാവിന്റെ സേനാധിപൻ തന്റെ അടിമയായിരുന്ന യിസ്രായേല്യ പെൺകുട്ടിയിൽ നിന്ന് എലിശയെക്കുറിച്ച് അറിയുകയും കുഷ്ഠരോഗം മാറുന്നതിനായി അവന്റെ അടുക്കലേക്ക് പുറപ്പെടുകയുമാണ്.

എലിശയുടെ അടുത്തെത്തുന്ന നയമാന്റെ കുഷ്ഠം എലിശ മാറ്റുകയും അതിന് പ്രത്യുപകാരമായി സമ്മാനങ്ങൾ നൽകാം എന്ന് നയമാൻ പറഞ്ഞപ്പോൾ എലിശ അത് നിരസിക്കുകയാണ്. എന്നാൽ ഗേഹാസിയാകട്ടെ ഇവിടെ ദ്രവ്യത്തെ സ്നേഹിക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കും. ആയതിനാൽ തന്നെ നയമാന്റെ കുഷ്ഠം അവന്റെ മേലും അവന്റെ സന്തതി പരമ്പരയിലും ആകുകയാണ്.

ഇതിൽനിന്നും ഒരു വലിയ പാഠമാണ് നമുക്ക് പഠിക്കുവാനുള്ളത്. ദൈവത്തെ മറന്ന് നീ ദ്രവ്യത്തിന്റെ പുറകെ പോകുമ്പോൾ, ദ്രവ്യത്തിന്റേതായ എല്ലാ തിന്മയും നിന്നെ അനുഗമിക്കും ആയതിനാൽ ആ ദ്രവ്യത്തെ ഉപേക്ഷിച്ച് ദൈവത്തെ സ്വീകരിച്ച് ജീവിക്കുവാൻ നമുക്ക് സാധിക്കണം.

വീണ്ടും നമുക്ക് കാണുവാൻ സാധിക്കും യഹൂദന്മാരെ സംബന്ധിച്ച് ദൈവം എന്നാൽ സമ്പത്തും പദവിയുമായിരുന്നു തങ്ങളുടെ ജീവിതത്തിൽ ദാരിദ്ര്യവും മറ്റ് കഷ്ടതകളും ഒക്കെ വരുമ്പോൾ അത് ദൈവകോപമായിട്ടാണ് അവർ കണ്ടിരുന്നത്. ആയതിനാൽ ആണ് ദൈവത്തെയും ദ്രവ്യത്തെയും ഒരുപോലെ സ്നേഹിക്കുവാൻ കഴിയുക ഇല്ല എന്ന് പറഞ്ഞപ്പോൾ പരീശന്മാർ ദൈവത്തെ പുച്ഛിക്കുന്നത്. അതിന് കർത്താവ് നൽകുന്ന മറുപടി ഇപ്രകാരമാണ്.

"നിങ്ങൾ മനുഷ്യരുടെ മുന്നിൽ നിങ്ങളെത്തന്നെ നീതീകരിക്കുന്നു ദൈവമെ നിങ്ങളുടെ ഹൃദയങ്ങൾ അറിയുന്നു. മനുഷ്യരുടെ മുമ്പിൽ ഉന്നതമായത് ദൈവമുമ്പാകെ നിന്ദ്യമാകുന്നു."

ഇവിടെ കർത്താവ് നമ്മോട് പറയുവാൻ ആഗ്രഹിക്കുന്നത്: കുഴപ്പം പണത്തിലോ, പ്രശസ്തിയിലോ സ്ഥാനമാനങ്ങളിലോ അല്ല മറിച്ച് അവ മൂലം നമ്മുടെ ഹൃദയത്തിൽ, ജീവിതത്തിൽ, ഇടപെടലിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളിലാണ്. സമ്പത്ത് എന്നത് ദൈവത്തിന്റെ ദാനം ആണ്. അത് ഉപയോഗിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടത്. തന്നെക്കാൾ കുറഞ്ഞവരെ സഹായിക്കാൻ ദൈവം നമ്മെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ആയതിനാൽ ദൈവത്തിന്റെ സേവകനായി ജീവിച്ചുകൊണ്ട് മറ്റുള്ളവരെ നാം സഹായിക്കണം.

നമുക്കുള്ളതുകൊണ്ട് എന്തു ചെയ്യണം എന്ന് തീരുമാനിക്കാൻ കഴിയുമ്പോൾ ആണ് നാം അവയുടെ യജമാനന്മാർ ആകുന്നത്. നമുക്കുള്ളവയാണ് നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതെങ്കിൽ നാം അവയുടെ യജമാനൻ അല്ല അടിമയാണ്.

ദൈവത്തിന് ആവശ്യം നമ്മെയാണ്. തന്റെ സമൃദ്ധി എല്ലാവരിലേക്കും പകർന്ന് കൊടുക്കുവാൻ ആഗ്രഹിക്കുന്ന ദൈവം. അതിനുള്ള ഉപകരണങ്ങളായി നമ്മെ ഓരോരുത്തരേയും വിളിക്കുന്നു. ആയതിനാൽ ദ്രവ്യത്തെയല്ല ദൈവത്തെ സ്നേഹിച്ചുകൊണ്ട് അവിടുത്തെ സമ്പന്നത എല്ലാവരിലും എത്തിക്കുവാൻ ഇന്നത്തെ ഏവൻഗേലിയോനിലൂടെ നമുക്ക് ഇടയാക്കട്ടെ. ആമീൻ.

# S.S.L.C., C.B.SE., ICSE, +2 എല്ലാവിഷയത്തിനും A+ ലഭിച്ചവർ

## S.S.L.C



**Ajo Anil**
S/o അനിൽ ഏബ്രഹാം
എഴുമായിൽ
സെന്റ് മേരീസ് ജറുശലേം
ക്നാനായപള്ളി, ചാന്നാനിക്കാട്



**Sneha Maria Soji**
D/o സോജി സ്കറിയ
പുള്ളിയിൽ
സെന്റ് മേരീസ് ക്നാനായ പള്ളി
വെള്ളൂതുരുത്തി



**Abiya Sara Kuriakose**
D/o കുറിയാക്കോസ് ഏബ്രഹാം
താഴ്ചയിൽ
സെന്റ് ജോർജ് ക്നാനായ
വലിയപള്ളി, നീലംപേരൂർ



**Achu Sibi**
D/o സിബി ഏബ്രഹാം
കുന്നുതറ
സെന്റ് ജോൺസ് പുത്തൻപള്ളി
ചിങ്ങവനം



**Shalu Balaji**
D/o ബാലാജി പി. പുന്നൂസ്
പടുവത്തിൽ ചിറയിൽ
മോർ ഇഗ്നാത്തിയോസ്പള്ളി
കുറിച്ചി

## + 2



**Ashna Chachu Thomas**
D/o തോമസ് കെ. ചാക്കോ
കൈപ്പകശ്ശേരിൽ
സെന്റ് മേരീസ് ക്നാനായ പള്ളി,
ഇരവിപേരൂർ



**Meliza Susan Cyril**
D/o സിറിൽ മാത്യു
ആനിക്കൽ പുതുപറമ്പിൽ
സെന്റ് സൈമൺസ് ക്നാനായ
പള്ളി, പുതുശ്ശേരി, വാകത്താനം



**Neha Shal**
D/o ഷാൽ ഏബ്രഹാം
മരങ്ങാട്ട്
സെന്റ് സൈമൺസ് ക്നാനായ
പള്ളി, പുതുശ്ശേരി, വാകത്താനം



**Liya Skaria**
D/o സ്കറിയാ പി. കുര്യൻ
പോഴിമണ്ണിൽ
സെന്റ് ജോൺസ് ക്നാനായപള്ളി
തുരുത്തിക്കാട്

## ശുഭചിന്തകൾ

**നല്ല ചിന്തകളും, നല്ല ബന്ധങ്ങളും, മാറാനുള്ള മനസ്സും ഉണ്ടെങ്കിലേ തിരിച്ചറിവുകൾ ഉണ്ടാവൂ. ജീവിതത്തിന് അർത്ഥങ്ങളുണ്ടാവുന്നത് തിരിച്ചറിവുകൾ ഉണ്ടാകുമ്പോഴാണ്.**

## ക്നായിതോമ പ്രയർ ഫെലോഷിപ്പ്

പൂവൻതുരുത്ത്: ക്നായിതോമ പ്രയർഫെലോഷിപ്പിന്റെ 91-ാമത് പ്രാർത്ഥനായോഗം 25-09-2022 ഞായർ വൈകുന്നേരം 6 മണിക്ക് ചിങ്ങവനം ശാലേം പള്ളി ഇടവകാംഗം മടുക്കമൂട്ടിൽ കൊച്ചുമോന്റെ പൂവൻതുരുത്ത് പ്ലാമൂട് കവലയ്ക്ക് താഴെ ഉള്ള ഭവനാങ്കണത്തിൽ വച്ച് നടത്തുന്നു. റവ. ഫാ. സി.സി. ഏലിയാസ് കട്ടയിലിന്റെ അദ്ധ്യക്ഷതയിൽകൂടുന്ന യോഗത്തിൽ റവ. ഫാ. ഡോ. കുറിയാക്കോസ് കൊല്ലന്നല്ലൂർ (ബിനു അച്ചൻ തൂത്തൂട്ടി ധ്യാനകേന്ദ്രം മുഖ്യ സന്ദേശം നൽകുന്നതാണ്. റവ.ഫാ. തോമസുകുട്ടി മങ്ങാട്ട് സമർപ്പണ പ്രാർത്ഥന നടത്തും.

## ഒരിക്കലും കുലുങ്ങാത്തോർ

**കുഞ്ഞ് ഏബ്രഹാം**
**പള്ളിക്കപ്പറമ്പിൽ, നീലംപേരൂർ**

സർവ്വത്തിൻ നാഥനാകും ദൈവത്തിൻ കൂടാരത്തിൽ
പാർക്കുവാനുള്ള ഭാഗ്യം ആർക്കെന്നറിഞ്ഞീടാമോ?
സർവ്വേശൻ അധികാര സീമയിൽ വാണിടുന്ന
ശുദ്ധമാം പർവ്വതത്തിൽ വാഴാനാർക്കുണ്ടു ഭാഗ്യം
കളങ്ക മഹിതനായ് ജീവിക്കും നീതിമാനും
ശുദ്ധമാം സത്യങ്ങളെ നിർമ്മലചിത്തത്തോടെ
ചൊല്ലുവാൻ സാധിച്ചീടും മനുഷ്യ പുത്രന്മാർക്കും
നാവിനാൽ നുണയായ-തൊന്നുമേ ചൊല്ലീടാതെ,
സ്നേഹിതനെതിരായി ദോഷകനാക്കാതെയും
ചങ്ങാതിക്കപമാനം വരാതെ സൂക്ഷിപ്പോനും
വഷളത്വത്തിൽ തന്നെ നടപ്പോരായുള്ളോരെ
നിന്ദിതരായിക്കണ്ടി-ട്ടകന്നു ജീവിപ്പാനും
യഹോവ ഭക്തന്മാരെ ആദരിച്ചീടുന്നോനും
നഷ്ടങ്ങൾ ഉണ്ടാകിലും പട്ടാങ്ങ തെറ്റിക്കാത്തോൻ
തന്നുടെ ദ്രവ്യത്തിന്മേൽ പലിശ ഈടാക്കാത്തോൻ
കുറ്റക്കാരല്ലാത്തോരെ കോഴയാൽ ശിക്ഷിക്കാത്തോൻ
ഇതുപോൽ ജീവിക്കുന്നോൻ കുലുങ്ങില്ലൊരുനാളും
സങ്കീ. 15.




# അതിപരിചയം

ജനിച്ചിട്ട് ഇതുവരെയായും കാട്ടുരാജാവായ സിംഹത്തെ കാണാൻ കുറുക്കന് അവസരമുണ്ടായിട്ടില്ല. വലിയ ആളാണെന്ന് കേട്ടറിഞ്ഞിട്ടുണ്ട്. കേൾക്കുമ്പോഴൊക്കെ, കാണണമെന്ന മോഹം ശക്തമാകും. എന്നാണാവോ അതിന് സാധിക്കുക!

അങ്ങനെയിരിക്കെ, ഒരു ദിവസം എന്തോ ആലോചിച്ചു നടക്കുകയായിരുന്നു കുറുക്കൻ. വഴിയുടെ വളവ് തിരിഞ്ഞ് ചെന്നുപെട്ടത് സിംഹത്തിന്റെ മുമ്പിലായിരുന്നു.

ഭയംകൊണ്ട് ഹൃദയമിടിപ്പുപോലും ഒരുനിമിഷം നിന്നുപോയി അടുത്ത നിമിഷത്തിൽ കുറുക്കൻ പ്രാണനുംകൊണ്ട് കാട്ടിലെങ്ങോ ഓടി മറഞ്ഞു.

പിന്നീടൊരിക്കൽ, എതിരെ വരുന്ന സിംഹത്തിനെ ദൂരെനിന്നുതന്നെ കുറുക്കൻ കണ്ടു. ഭയം പൂർണ്ണമായി മാറിയിരുന്നില്ല എങ്കിലും ആദരവോടെ വഴിയിൽനിന്നും മാറി നിൽക്കാം എന്ന് കുറുക്കൻ തീരുമാനിച്ചു. രാജാവ് കടന്നുപൊയ്ക്കോട്ടെ.

മൂന്നാമത്തെ തവണ കണ്ടപ്പോൾ കുറുക്കൻ അല്പദൂരം സിംഹത്തിന്റെ കൂടെ നടന്നു. സൗഹൃദം ഭാവിച്ചു. പിന്നീട് 'ഭാര്യക്കും കുട്ടികൾക്കും സുഖം തന്നെയല്ലേ' എന്നു തുടങ്ങിയ കുശലന്വേഷണങ്ങൾ നടത്തുകയും ചെയ്തു.

***അതിപരിചയം ബഹുമാനം കുറയ്ക്കുന്നു.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ഒരു പുരുഷ സന്തതിയെ ലഭിക്കുന്നതിനുവേണ്ടി യഹോവയോടു നേർച്ച നേർന്നവൾ ആര്?
2. ദൈവം കൊടുത്ത അപ്പത്തിനു മന്ന എന്നു പേരിട്ടതാര്?
3. ശിംശോൻ യിസ്രായേലിനു ന്യായപാലനം ചെയ്തത് എത്രനാൾ?
4. ജീവപര്യന്തം കുഷ്ഠരോഗിയായിരുന്ന രാജാവ്?
5. ശബ്ബത്ത് നാളുകൾക്കുവേണ്ടി ചിട്ടപ്പെടുത്തിയ സങ്കീർത്തനം ഏത്?
6. യിരെമ്യാവ് ഹനമെയേലിനോട് വാങ്ങിയ നിലത്തിലെ വില എന്ത്?
7. പീലാത്തോസിനോട് യേശുവിന്റെ ശരീരം ചോദിച്ച താര്?
8. യാക്കോബ് എന്നു പേരുള്ള രണ്ടു ശിഷ്യന്മാർ യേശുവിനുണ്ടായിരുന്നു. അവർ ആരെല്ലാം?
9. ശമര്യയിലെ ഏതു പട്ടണത്തിലുള്ള സ്ത്രീയോടാണ് യേശു സുവിശേഷം പറഞ്ഞത്?
10. അപ്പോസ്തോലന്മാരുടെ പ്രവർത്തികൾ എഴുതിയ താര്?

**ഓഗസ്റ്റ് മാസത്തിലെ ഉത്തരങ്ങൾ**

1. മോശ (പുറ. 4:10)
2. മനശ്ശെ (ഉല്പ.41:51)
3. അദോനീ- സേദെക്ക് (യോശുവ 10:1)
4. 5. (1 ശമുവേൽ 17:20)
5. കെരൂബ്, ഈന്തപ്പന, വിടർന്ന പുഷ്പം (1 രാജാക്കന്മാർ 6:29)
6. അഹശ്വേരോശ് (എസ്ഥേർ 1:1-2)
7. സങ്കീർത്തനം. 119
8. രെസീൻ പേക്കഹ് (യെശയ്യാവ് 7:1-4)
9. ഹെരോദാവ് (ലൂക്കോസ് 23:8)
10. ശീമോൻ (അപ്പൊ.പ്രവർ. 8:9)

# ശുഭചിന്തകൾ

**അറിഞ്ഞോ അറിയാതെയോ തെറ്റ് ചെയ്യാത്തവരായി ആരും തന്നെ ഈ ഭൂമിയിൽ ഉണ്ടാവില്ല. തെറ്റ് ചെയ്തവർ തെറ്റ് മനസ്സിലാക്കി അത് തിരുത്തുമ്പോൾ .... അവരെ വീണ്ടും 'ഒറ്റപ്പെടുത്തുന്നതാണ്' നാം ചെയ്യുന്ന ഏറ്റവും വലിയ തെറ്റ്....!!**



**40th Day of Demise**
27-08-2022

# Chachiamma Jacob

(Retd. Teacher)
W/o Late P.C. Jacob



**19th Death Anniversary**
11-09-2022

# P.C. Jacob (Jacobkutty)

## Purathayil Ennicadu

**"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 8th Death Anniversary
12-08-2022



## C.O. UTHUPPAN

## 40th Day of Demise
23-08-2022



## AMMINIKUTTY UTHUPPAN

**Chittedathu, Therittamada, Ranni**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

---

## 43 –ാം ചരമവാർഷികം
24–09–2022



## പി.സി. ആൻഡ്രൂസ്
(ക്നാനായ അസ്സോസിയേഷൻ
മുൻ സെക്രട്ടറി 1935–52)

## 23 –ാം ചരമവാർഷികം
11–05–2022



## പി.സി. അന്നാമ്മ
(റിട്ട. ഗവ. എൽ.പി. സ്കൂൾ
ഹെഡ്മിസ്ട്രസ്സ്)

**പുതിയമഠം, കുറിച്ചി**

സന്തപ്ത മക്കൾ: Late ബേബി പുന്നൂസ്, കുന്നുപറമ്പിൽ
Late സി.എ.ജോർജ്, ചേരിയിൽ
ചാണ്ടി ആൻഡ്രൂസ്, പൂമംഗലം
സി.എ. സ്കറിയാക്കുട്ടി, കനകഗിരി
ജോളി തങ്കച്ചൻ കുര്യക്കൽ, കല്ലിശ്ശേരി

Advt - R

---

## 40 –ാം ചരമദിനം
10–09–2022



## മറിയാമ്മ ആൻഡ്രൂസ്

**ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1 – ാം ചരമവാർഷികം

18 – 08 – 2022



### മിനി തോമസ്സ്

ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 3 – ാം ചരമവാർഷികം

23 – 09 – 2022



### Chacko M.S.

കാവനാൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 4 – ാം ചരമവാർഷികം

11 – 9 – 2022



### M. C. ഉണ്ണിട്ടൻ (ബേബി)

മുട്ടാണിശ്ശേരിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, കൊച്ചുമക്കൾ*

Advt -S

## 6 – ാം ചരമവാർഷികം

22 – 09 – 2022



### തോമസ് ചെറിയാൻ (ബാബു)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40 – ാം ചരമദിനം

17 – 9 – 2022



## മറിയാമ്മ ഏബ്രഹാം (പെണ്ണമ്മ)

മറ്റത്തിൽ, വെള്ളുത്തുരുത്തി

ഒരിക്കലും മരിക്കാത്ത ഓർമ്മകൾ സമ്മാനിച്ച് ആകസ്മികമായി പൊലിഞ്ഞ ഞങ്ങളുടെ മമ്മിയെ നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 4 – ാം ചരമവാർഷികം

13 – 09 – 2022



## മേഴ്സി സ്റ്റീഫൻ

കുളത്തുങ്കൽ,

കുറിച്ചി (വെളിയനാട്)

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 14th Death Anniversary

20th July 2022



## P.I. CHACKO

## 32nd Death Anniversary

19th September 2022



## MARIAMMA CHACKO

**PARACKAMANNIL, KATTODE**

By Sorrowing family

Advt -O

## 3 – ാം ചരമവാർഷികം

29 – 09 – 2022



## 12 – ാം ചരമവാർഷികം

15 – 10 – 2022



# കെ.ഐ. ചാക്കോ

(കുട്ടപ്പായി ഉപദേശി)

# തങ്കമ്മ ചാക്കോ

**കൊന്നയിൽ പള്ളത്ത്, കല്ലിശ്ശേരി**

*വേണ്ട ദു:ഖം തെല്ലുമേ, ഉണ്ടു പ്രത്യാശയിൻദിനം കർത്തൻ കാഹള നാദത്തിൽ ഒത്തു ചേർന്നിടും നാമിനി*

By Sorrowing Family

Advt -R

## 40 – ാം ചരമദിനം

10 – 09 – 2022



# Sosamma Kuriakose

**Pazhayapeedikayil, Thuruthicad**


"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40 – ാം ചരമദിനം

4 – 9 – 2022



# കെ. യു ഏബ്രഹാം

**കുര്യൻപറമ്പിൽ, ചാന്നാനിക്കാട്**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1 – ാം ചരമവാർഷികം

28 – 09 – 2022



## സജി ജേക്കബ് (60)

(NAVEL DOCKYARD, MUMBAI)

കാട്ടുവേലിൽ, കുറ്റൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1 – ാം ചരമവാർഷികം

15 – 09 – 2022



## സി. ഒ. ജേക്കബ്

മഴുവഞ്ചേരിൽ, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 12 – ാം ചരമവാർഷികം

20 – 08 – 2022



## പി. റ്റി. തോമസ് (തങ്കച്ചൻ)

പൂവക്കുളത്ത്, മഴുക്കീർ, കല്ലിശ്ശേരി

ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് പന്ത്രണ്ട് വർഷം തികയുന്നു.
സ്വർഗത്തിൽ കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 7 – ാം ചരമവാർഷികം

17- 09 -2022

## 25 – ാം ചരമവാർഷികം

30- 12 -2022





## മേരിക്കുട്ടി തോമസ്

## കെ. റ്റി. തോമസ്

കണ്ണന്താനത്ത്,
പഴവങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 25 –ാം ചരമ വാർഷികം
14 – 09 – 2022



Advt - R

### സിൽജി മോൾ
D/o സാബു & കുഞ്ഞുമോൾ
പുറയാറ്റ്, കുഴിമറ്റം
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

*സന്തപ്ത കുടുംബാംഗങ്ങൾ*

## വേർപാടിന്റെ 9 –ാം വാർഷികം
10-09-2022



Advt -R

### സോജി ജെയ്ക്കബ്
തേമ്പാറ, കുറിച്ചി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 –ാം ചരമ വാർഷികം
06- 10 -2022



Advt -R

### Sosamma Joseph
Kunnasseril, Puthenangady,
Kottayam
"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 12 –ാം ചരമവാർഷികം
02 – 09 – 2022



Advt -S

### കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)
കല്ലൻകുന്നിൽ, വള്ളംകുളം
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

25 – ാം ചരമ വാർഷികം
25 – 10 – 2022

1 – ാം ചരമ വാർഷികം
09 – 09 – 2022



**കെ.കെ. മാത്തൻ** **അമ്മാൾ മാത്തൻ**

**കാവനാൽ, കാരാപ്പുഴ, കോട്ടയം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

03 – 09 – 2022



## PRETTYMOL TITTO

Chirayilpeedika, Chingavanam

യേശു അവളോട്: ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
(യോഹന്നാൻ 11:25)

*സന്തപ്ത കുടുംബാംഗങ്ങൾ*

Chirayilpeedika & Karot Family

Advt -O

## 8th Death Anniversary

20 – 09 – 2022

## 5th Death Anniversary

20 – 02 – 2023



## മാത്തുക്കുട്ടി കെ.ഇ.
(മാത്തുക്കുഞ്ഞ്)

Died on 20/09/2014

## എലിയാമ്മ മാത്യു
(ലീലാമ്മ)

Died on 20/02/2018

**കറയക്കള്ളിൽ, തിരുവൻവണ്ടൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# ഏകാന്തതയുള്ള പരിപൂർണ്ണത

ഡോ. ഐബി ജോസ് കിഴക്കേടത്ത്, റാന്നി

സത്യം പൂർണ്ണമാണ്. അസത്യം അപൂർണ്ണമാണ്. ആത്മാവ് പൂർണ്ണമാണ്. അതിൽ പൊന്തുന്ന മനസ്സ് പൂർണ്ണതയെ മറച്ചിട്ട്, അപൂർണ്ണതയുടെ തോന്നലുളവാക്കുന്നു. ഏതൊരനുഭവത്തിൽ മറ്റൊന്നു കേൾക്കുവാനോ കാണുവാനോ അറിയുവാനോ ഇല്ലയോ ആ അനുഭവമാണ് പൂർണ്ണത. ബ്രഹ്മം എന്നാൽ അഖണ്ഡമായ സത്യബോധം. അതിലെ അല്പ പ്രതിഭാസമാണ് പ്രപഞ്ചം. "ബ്രഹ്മസത്യം, ജഗത് മിഥ്യ". സത്യം സത്യമായ ശുദ്ധപരമാത്മാവ് അഥവാ പരബ്രഹ്മം നമ്മുടെ ഉള്ളിന്റെ ഉള്ളറയിലായിരിക്കുന്നതു കൊണ്ട് നമ്മുടെ അകത്തേയ്ക്കുള്ള, ആന്തരികയാത്ര, ഒറ്റയ്ക്കായിരിക്കണം.

"ഹാ മായ മായ സകലതും മായ എന്നു സഭാപ്രസംഗി പറയുന്നു" (ബൈബിൾ). പരമസത്യമായ നിത്യ ബ്രഹ്മമൊഴിച്ച് ഈ ലോകത്തിലുള്ള, പ്രപഞ്ചത്തിലുള്ള സകലതും മായയും, നശ്വരവും, താൽക്കാലിക ഭ്രമങ്ങളും മാത്രമാണ്.

മനസ്സിൽ ഒരു നൂറായിരം ചിന്തകൾ, വികാരവിചാരങ്ങൾ, സ്മൃതികൾ, കാമക്രോധ ലോഭ മോഹാദി വാസനകൾ, സംസാരഭ്രമങ്ങൾ, അഹങ്കാര ബോധം, അഭിമാന ബോധം....... ഒന്നും ഇല്ലാതെ സമ്പൂർണ്ണ ഏകാഗ്രതയോടെ, സത്യശുദ്ധാത്മാവിൽ മനസ്സ് തുറക്കുമ്പോൾ പരിപൂർണ്ണ സ്വാതന്ത്ര്യവും പരമാനന്ദവും ഉയർന്ന ആത്മജ്ഞാനവും, അഹംബോധവും, അതിവിശുദ്ധ ഊർജ്ജവും അനുഭവിച്ചറിയാം. ഏകാന്തതയിൽ വിരിയുന്ന ആന്തരിക മൗനവും നിശ്ചലതയും പൂർണ്ണമാകുമ്പോൾ ചിന്തകൾ, വികാരവിചാരങ്ങൾ, വാക്കുകൾ, ദ്വയങ്ങൾ, ചലനങ്ങൾ അലിഞ്ഞില്ലാതായി, അതിനുമതീതമായ പരിപൂർണ്ണ ബ്രഹ്മസ്വരൂപസാക്ഷാത്കാരം എന്ന അഖണ്ഡബോധം അനുഭവിക്കണം.

ബാഹ്യമായും, ആന്തരീകമായും മറ്റൊരാൾ വേണമെന്ന് ആവശ്യമോ, ആഗ്രഹമോ, ഇല്ലാത്ത അവസ്ഥയാണ് 'ഏകാന്തത'. മനസ്സ് ഏകമാകുമ്പോൾ (Universal oneness) ആത്മീയാനുഭൂതികളുടെ സൗന്ദര്യ പൂർണ്ണതയിൽ 'ആത്മബലം' തികഞ്ഞു വരുന്നു. അവനവന്റെ ആത്മാവിനോടുള്ള കൂട്ടായ്മയും, സൗഹൃദവും സ്നേഹവിരുന്നും, ആത്മ - ശരീര മനസ്സുകൾക്ക് ആരോഗ്യവും ദൃഢതയും ആനന്ദവും ഉയർന്ന രോഗപ്രതിരോധശേഷിയും, ബലവും സമ്പൂർണ്ണതയും നൽകുന്നു. ഏകാന്ത മൂകതപസ്സിൽ ആന്തരികവും, ബാഹ്യവുമായ വിഷയങ്ങളിൽ നിന്നകന്ന് ഏകാന്തതയിൽ മനസ്സ് ശക്തമാക്കി, ശുദ്ധമാക്കി, ശൂന്യമാക്കിയിടുക. പരമാത്മാവിൽ പരിപൂർണ്ണ ഏകാഗ്രതയോടെ മനസ്സ് സത്യശുദ്ധാത്മാവിലുറയ്ക്കുമ്പോൾ ഭയങ്ങൾ, ആകുലതകൾ, ശത്രുതാമനോഭാവങ്ങൾ, വിഭിന്നതകൾ (ദ്വയങ്ങൾ)) ഇല്ലാതാവുന്നു. ഏകാഗ്രതയോടുള്ള ഏകാന്ത മൂകധ്യാനത്തിന്റെ മൂശയിൽ മനസ്സ് അഗ്നിയിൽ സ്ഫുടം ചെയ്ത് സമ്പൂർണ്ണ സൗന്ദര്യപ്രഭാപൂരിതമായ വജ്രായുധത്തേക്കാൾ ശ്രേഷ്ഠവും, ശക്തവും ആകും.

'ഏകാന്തത ദൈവത്തെ മുഖം കാണിക്കാനുള്ള മുറിയാണ്' എന്ന് ഒരു ഇംഗ്ലീഷ് ഗ്രന്ഥകാരൻ പറയുന്നു.

ആൾക്കൂട്ടത്തിൽ നിന്നകന്നു മാറി ഏകാന്തമായിരുന്നു ദൈവത്തോടു പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യം യേശു തിരിച്ചറിഞ്ഞിരുന്നു.

"അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജന സ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു" (മർക്കോസ് 1:35).

"ഏകാന്തതയെ പരിധിക്കുള്ളിൽ നിർത്തുന്നിടത്തോളം, മറ്റുള്ളവരുടെ അഭാവം, ചിന്തകളെ ക്രമപ്പെടുത്തുവാനും, കൂടുതൽ നന്നായി ശ്രദ്ധ കേന്ദ്രീകരിക്കുവാനും സഹായിക്കും" എന്ന് ഒരു മാനസികാരോഗ്യ വിദഗ്ധൻ. അതു നവോന്മേഷപ്രദവും ശക്തിപ്പെടുത്തുന്നതും ആരോഗ്യദായകവുമാണെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

പുരാതനകാലത്ത് 'ദൈവഭക്തനായിരുന്ന യിസഹാക്ക്' ഏകാന്തവേള തേടി "വൈകുന്നേരത്തു വെളിമ്പ്രദേശത്തു" പോയിധ്യാനിപ്പാൻ (ഉല്പ. 24:63).

ഒരു നിഘണ്ടു അനുസരിച്ചു ധ്യാനിക്കുക എന്നതിന് അർത്ഥം അവധാനപൂർവ്വം അല്ലെങ്കിൽ "ദീർഘ നേരത്തേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെ അർത്ഥമാക്കുന്നു".

ശ്രദ്ധാ ശൈഥില്യം കൂടാതെയുള്ള ഇത്തരം ധ്യാനം ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പോകുകയായിരുന്ന യിസഹാക്കിനെ വ്യക്തമായി ചിന്തിക്കാനും, ചിന്തകൾ ക്രമപ്പെടുത്താനും, മുൻഗണനകൾ വിലയിരുത്താനും സഹായിക്കുമായിരുന്നു.

യേശുവിനെപ്പോലെ ദാവീദും പിതാവിനെ ധ്യാനിച്ചിരുന്നത് ഏകാന്തമായ രാത്രിയാമങ്ങളിലായിരുന്നു. ഏകാന്തവേളകൾ തേടുന്നതിന്റെ മൂല്യം യേശു മനസ്സിലാക്കിയിരുന്നു (മത്തായി 14:23, മത്തായി 14:13).

അവസരോചിതമായി സമയം വിലയ്ക്കു വാങ്ങേണ്ടതിന്റെ ആവശ്യകത (എഫെസ്യർ 5:15) "അതുകൊണ്ട് നിങ്ങൾ എങ്ങനെ ജീവിക്കുന്നെന്ന് പ്രത്യേകം ശ്രദ്ധിക്കുക. ബുദ്ധിഹീനരായല്ല, ബുദ്ധിയോടെ നടന്ന് സമയം ഏറ്റവും നന്നായി ഉപയോഗിക്കുക. കാരണം കാലം ദുഷിച്ചതാണ്".

"ചെറുപ്പത്തിൽ വേദനാജനകവും എന്നാൽ പക്വതയിൽ രുചികരവുമായ ആ ഏകാന്തതയിലാണ് ഞാൻ ജീവിച്ചത്' (ആൽബർട്ട് ഐൻസ്റ്റിൻ).

'മാനവികതയുടെ എല്ലാ പ്രശ്നങ്ങളും ഉണ്ടാകുന്നത് ഒരു മുറിയിൽ ഒറ്റയ്ക്ക് ഇരിക്കാൻ മനുഷ്യന്റെ കഴിവില്ലായ്മയിൽ നിന്നാണ്' (ബ്ലെയ്സ് പാസ്ക്കൽ)

'ഏകാന്തത എന്നാൽ ഒരാൾ തനിച്ചല്ലെന്നു കാണുന്ന ഇടമാണ്' (മാർട്ടിൻ റൂബിൻ)

